



എഴുകോൺ ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് 1996

എഴുകോൺ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

വികസന റിപ്പോർട്ട് കമ്മിറ്റി

1. ടി.ആർ. ശകുന്തള
2. ഫിലിപ്പ്.ജെ.പണിക്കർ
3. കുണ്ടറ വർഗ്ഗീസ്
4. വി. അനിത
5. എൻ. കുട്ടപ്പൻ
6. ടി.കെ. രഘുവരൻ
7. പി. പങ്കജരാജൻ

വിസനറിപ്പോർട്ട് തയ്യാറാക്കിയവർ

1. സി.എസ്. ഹർഷകുമാർ (D R P)
2. ടി.കെ. രഘുവരൻ (D R P)
3. എൻ. കുട്ടപ്പൻ
4. കെ. സുഗതൻ
5. ജി. ലക്ഷ്മണൻ
6. പി.ജി. അജയകുമാർ
7. കടയ്ക്കോട് വിശ്വംഭരൻ
8. ശരത്ചന്ദ്രൻ എ. കെ. (C E S S)


സമർപ്പണം

മണ്ണ് മനുഷ്യൻ
അധ്വാനം ധനം
കുലം ഭാരതീയം
ഭൂമി ജന്മാവകാശം
ആസൂത്രണം പുരോഗതി
വിദ്യ വികാസം
സംഘം ശകതി
സ്നേഹം സുരഭി
രൂപം പ്രകൃതി
ഭാവം പൗരുഷം
സംസ്കാരം സത്യം !

ഈ ദായക്രമം ബാലപാഠമാക്കി ഞങ്ങൾക്ക് തന്ന്
ഞങ്ങളെ വിട്ട് പിരിഞ്ഞ ഗ്രാമ ദീപങ്ങളെ,
പിൻതുടർച്ചയുടെ പുതിയ പാതയൊരുക്കുന്നു.
പുഷ്പാഞ്ജലികളർപ്പിക്കുവാൻ,
നമ്രശിരസ്കരായി
നിങ്ങളുടെ 'ഓർമ്മകൾക്ക്' മുന്നിൽ.....

കൊല്ലം ജില്ല


പഞ്ചായത്തുകൾ



Source : PRM Programme, CESS

ഉള്ളടക്കം

		പേജ് നമ്പർ
1.	മുഖമൊഴി	7
2.	ഗ്രാമപഞ്ചായത്ത് പൊതുവിവരണം	9
3.	സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം	11
4.	ഗ്രാമപഞ്ചായത്തിന്റെ ചരിത്ര സംഗ്രഹം	14
5.	ഭൂപ്രകൃതിയും വിഭവങ്ങളും	17
6	ജനപ്രകൃതിയും മനുഷ്യസമ്പത്തും	19
7.	ജലസമ്പത്തും, കൃഷിയും	20
8.	മൃഗസംരക്ഷണവും, ക്ഷീരവികസനവും	27
9.	പാർപ്പിടം, സാമൂഹ്യക്ഷേമം	34
10.	വ്യവസായം, ഊർജ്ജം, ഗതാഗതം	38
11	പൊതുജനാരോഗ്യം, കുടിവെള്ളം	42
12.	വിദ്യാഭ്യാസം, സംസ്കാരം	45
13.	സഹകരണമേഖല	49
14.	വനിത	53
15.	പട്ടികജാതിക്ഷേമം	54
16.	വിഭവസമാഹരണം	60
17.	എഴുകോൺ ഗ്രാമം ദൃശ്യങ്ങളിലൂടെ	61


76° 42'
76° 44'
എഴുകോൺ ഗ്രാമ പഞ്ചായത്ത് ഭൂപടം
0
1 km
N
ചവിരേശ്വരം പഞ്ചായത്ത്
കാരുവേലിൽ
I
ചിറ്റാകോട്ട്
II
പുതുശ്ശേരിക്കോട്ട്
III
പരുത്തൻപാറ
IV
കുണ്ടറ
പഞ്ചായത്ത്
എഴുകോൺ - A
VII
കാക്കാകോട്ട്
V
എഴുകോൺ - B
VIII
തൃപ്പിലഴികം
IX
ഇടയ്ക്കോട്ട്
X
ഇടയ്ക്കിടം -
VI
കൊച്ചുപുത്തൻ
നെടുവത്തൂർ
പഞ്ചായത്ത്
തെക്കേക്കര
പഞ്ചായത്ത്
കരിപ്ര
പഞ്ചായത്ത്
8° 58'
9° 0'
ഭരണവും ലംബം : വിദ്യാഭ്യാസം CESS
76° 42'
76° 44'

മുഖമൊഴി

1997 ഏപ്രിൽ മാസം രാജ്യം 9-ാം പദ്ധതിയിലേക്ക് പ്രവേശിക്കും. ആസൂത്രണമെന്ന ആശയത്തിന് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. ആസൂത്രണം പുത്തനാശയമല്ലെങ്കിലും ജനകീയാസൂത്രണം പുത്തനാശയം തന്നെ. തങ്ങളുടെ ചുറ്റിലുമുള്ള ഭൗതികവും സാമൂഹികവുമായ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും സ്വന്തം ഭാവിയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുവാനും മനുഷ്യന് കഴിയണം. സ്വന്തം കഴിവുകളും നൈപുണ്യവും ഉപയോഗിച്ച് സ്വന്തം നാടിന്റേയും പ്രദേശത്തിന്റേയും വികസനപ്രക്രിയയിൽ ഫലപ്രദമായി പങ്കുകൊള്ളുവാനുള്ള കഴിവും കാഴ്ചപ്പാടും അവനുണ്ടായിരിക്കണം. അതിനുപറ്റിയ സാമൂഹിക സാഹചര്യവും പ്രോത്സാഹനവും അവന് ലഭിക്കണം. ഈ കാഴ്ചപ്പാടിലൂടെ സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള വ്യക്തിക്കും ജനകീയ ആസൂത്രണ പ്രക്രിയയിൽ പങ്കുചേരാൻ കഴിയുന്നു എന്നത് നിസ്സാരനേട്ടമല്ല.

ജനങ്ങൾക്ക് ഭരണത്തിൽ പങ്കാളിയാവാൻ സാധിക്കണമെങ്കിൽ നിലവിലുള്ള ഭരണസംവിധാനത്തിന് വിപ്ലവാത്മകമായ പരിവർത്തനം വന്നേ മതിയാകൂ. തീരുമാനങ്ങൾ എടുക്കുന്നതിൽ ജനങ്ങൾക്ക് യാതൊരുപങ്കും നൽകാത്ത അമിതകേന്ദ്രീകരണത്തിന്റെ രീതിയാണ് ജനാധിപത്യ ഭരണത്തിന്റെ വിവിധ തുറകളിൽ ഇന്നും നിലനിൽക്കുന്നത്. ജനാധിപത്യത്തിനും ചൂഷണത്തിനും ഒരുമിച്ച് നിലനിൽക്കാൻ ആവില്ല. ജനാധിപത്യം കേന്ദ്രീകൃത രൂപത്തിലാകുന്നത് ചൂഷണത്തിന് വഴി ഒരുക്കും. കാരണം കേന്ദ്രീകൃത ഭരണത്തിൽ എല്ലാം രഹസ്യമാണ്. രഹസ്യം കളവും അഴിമതിയും വർദ്ധിപ്പിക്കുമ്പോൾ സുതാര്യത അതിനെ തടയുന്നു. ഭരണത്തിന്റെ സുതാര്യത എന്ന പുതിയ ശൈലിയും വികേന്ദ്രീകരണവും ഭരണ പ്രക്രിയയുടെ ഉള്ളുകള്ളികൾ ജനങ്ങളെ അറിയിക്കുന്നു. കേന്ദ്രീകരണം ജനങ്ങളെ അകലെ വലിച്ചെറിയുമ്പോൾ വികേന്ദ്രീകരണം ഭരണത്തെ ജനങ്ങളുടെ അടുത്ത് എത്തിക്കുന്നു. വികേന്ദ്രീകരണമെന്നാൽ കേന്ദ്രം ഇല്ലാതാവലല്ല, കേന്ദ്രം മാറലാണ്. മുമ്പ് കേന്ദ്രം ഡൽഹിയും തിരുവനന്തപുരവുമായിരുന്നെങ്കിൽ ഇപ്പോൾ കേന്ദ്രം ഗ്രാമങ്ങളായിരിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റേയും ജനകീയ ആസൂത്രണത്തിന്റേയും മഹത്തായ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വികസന പ്രക്രിയകളിൽ പങ്കാളികളാകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമത്തിലും ഉഷാറായി. ഗ്രാമസഭകളിലെ ജനകീയ പങ്കാളിത്തം നമുക്ക് ആവേശം തരുന്നു. ചർച്ചകളിൽ പങ്കെടുത്തും അനുഭവങ്ങൾ പങ്കുവച്ചും ഉൾക്കാഴ്ചയോടുകൂടിയ നിർദ്ദേശങ്ങൾ നൽകിയും ഗ്രാമസഭകളെ സമ്പുഷ്ടമാക്കിയ എല്ലാവരേയും ഞങ്ങൾ സ്മരിക്കുന്നു. അർത്ഥവും ഗൗരവവും ഉൾക്കൊണ്ട് ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ഫലവത്താകുകയും ചെയ്യാൻ യത്നിച്ച എല്ലാ പഞ്ചായത്ത് വിദഗ്ദ്ധ സമിതി അംഗങ്ങളേയും കൃതാർത്ഥതയോടെ ഓർമ്മിക്കുന്നു. ഗ്രാമീണ അനുഭവങ്ങളെയും സാങ്കേതിക വശങ്ങളേയും കോർത്തിണക്കി ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാൻ ജനസാമാന്യത്തെ സജ്ജരാക്കിയ സംസ്ഥാന ജില്ലാ റിസോഴ്സ് പേഴ്സൺമാരോടും കടപ്പാടുകൾ രേഖപ്പെടുത്തുന്നു. ജനകീയ ആസൂത്രണ പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും സഹകരിച്ച ഉദ്യോഗസ്ഥരോടും വകുപ്പ് മേധാവികളോടും നന്ദിയുണ്ട്, എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ സ്വത്വവും വികസന കാഴ്ചപ്പാടും വ്യക്തമാക്കുന്ന ഈ വികസന റിപ്പോർട്ട് ചാരിതാർത്ഥ്യത്തോടെ സമർപ്പിക്കട്ടെ.


ഫിലിപ്പ്. ജെ. പണിക്കർ
സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ &
വികസന സമിതി കൺവീനർ
എഴുകോൺ

എഴുകോൺ
1-12-'96


ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾ
1996




T. R. ശകുന്തള (പ്രസിഡന്റ്)



ഫിലിപ്പ്.ജെ. പണിക്കർ
വൈസ് പ്രസിഡന്റ്




കെ. ആർ. ഹരികുമാർ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



പി. ജി. സത്യരാജ്



കുണ്ടറ വർഗ്ഗീസ്



എൻ. ഗോപാലകൃഷ്ണപിള്ള



വി. അനിത



എ. മണിയമ്മ



എൽ. ലൈലാമണി



ടി. ആർ. ശ്രീലേഖ

2. എഴുകോൺ ഗ്രാമപഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	എഴുകോൺ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	എഴുകോൺ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കൊട്ടാരക്കര ബ്ലോക്ക് നമ്പർ 8 പൂർണ്ണം നമ്പർ 9 ഭാഗികം
ബ്ലോക്ക് പഞ്ചായത്ത്	:	കൊട്ടാരക്കര
താലൂക്ക്	:	കൊട്ടാരക്കര
അസംബ്ലി മണ്ഡലം	:	118 നെടുവത്തൂർ (S.C)
വിസ്തീർണ്ണം	:	17. 24 ച. കി. മീറ്റർ
അതിരുകൾ	:	വടക്ക് - 5760 മീ. പവിത്രേശ്വരം പഞ്ചായത്തും, എഴുകോൺ കല്ലട എം. എൽ. എ. റോഡ് പ്ലാക്കാട്, കോഴിക്കോടൻ മുക്ക്, മന്നത്തുഭാഗം, കാട്ടൂർതറഭാഗം മുതൽ ഇലഞ്ഞിക്കോട് ജംഗ്ഷൻ വരെ. കിഴക്ക് - 4340 മീ. നെടുവത്തൂർ പഞ്ചായത്തും ഇലഞ്ഞിക്കോടുമുതൽ അമ്പലത്തുംകാല, കാക്കക്കോട്ടൂർ, പെണറ്റുംമൂട്, ഈലിയോട് വഴി ഇടയ്ക്കിടം ഹരിജൻ കോളനി വരെ. തെക്ക് - 5900 മീ. കരീപ്ര പഞ്ചായത്തും, ബദാംമുക്ക്, ചൊവ്വള്ളൂർ തയ്യിൽഭാഗം, ഇടയ്ക്കോട്, തൃപ്പിലഴികം ഏലാ, മുസ്ലീം പള്ളി വഴി ആറുമുറിക്കട വരെ. പടിഞ്ഞാറ് - കൊറ്റങ്കര - 300 മീ. കുണ്ടറ - 5640 മീ. കൊറ്റങ്കര, കുണ്ടറ പഞ്ചായത്തും, ആറുമുറിക്കട, നെടുമ്പായിക്കുളം, ചീരങ്കാവ്, റേഡിയോമുക്ക്, കരിപ്പുറം, ചാവണ്ടിമൂല, പ്ലാക്കാട് വരെ
ജനസംഖ്യ	:	28789
വാർഡുകൾ	:	പത്ത്
പ്രസിഡന്റിന്റെ പേര്	:	റ്റി. ആർ. ശകുന്തള
വൈസ് പ്രസിഡന്റിന്റെ പേര്	:	ഫിലിപ്പ് ജെ. പണിക്കർ

വികസനം ഒരു സാമൂഹ്യ പ്രക്രിയയാണ്. വികസനം കൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയരുന്നു. നാടിന്റെ സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ സാധാരണ ജനങ്ങൾക്കു കൂടി ലഭ്യമാക്കുകയും, നിലനിൽക്കുമെന്ന് ഉറപ്പു വരുത്താനും കഴിയണം. ഉല്പാദനത്തിന്റെ നീതി പൂർവ്വകമായ വിതരണവും ഇതിനാവശ്യമാണ്. ചുരുക്കത്തിൽ - വികസനമെന്നാൽ - "സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ്." വികസന പ്രക്രിയ ത്വരിതപ്പെടുത്തിയും, ചിട്ടപ്പെടുത്തിയും അർഹിക്കുന്ന കൈകളിലേക്ക് എത്തിക്കുന്നതിന് നേതൃത്വപരമായ പങ്കാണ് പഞ്ചായത്ത് സമിതികൾ ചെയ്യേണ്ടത്. 'ജനകീയാസൂത്രണം' വഴി ഒൻപതാം പദ്ധതിയിലൂടെ കേരളാഗവൺമെന്റ് ലക്ഷ്യമിടുന്നത് ഇതാണ്. നമ്മുടെ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രവർത്തനത്തിന് മുഴുവൻ ജനങ്ങളുടെയും, രാഷ്ട്രീയ സാമൂഹിക സന്നദ്ധ പ്രവർത്തകരുടേയും ബന്ധപ്പെട്ട വികസന മേഖലകളിലെ ഉദ്യോഗസ്ഥരുടേയും സഹകരണം ലഭിച്ചുവരുന്നുണ്ട്. അതിന്റെ തെളിവായി ചൂണ്ടിക്കാണിക്കാനുള്ളത് ഈ സെമിനാറിന്റെ മുന്നൊരുക്കമായി കൂടിയിട്ടുള്ള വിശേഷാൽ ഗ്രാമ സഭകളും പ്രാദേശിക പരിശീലകർക്ക് ഒന്നും, രണ്ടും ഘട്ടമായി നൽകിയ പരിശീലനത്തിലെ ബഹുജനബന്ധവുമാണ്. മാറ്റം ആഗ്രഹിക്കുകയും, അധ്വാനിച്ച് മുന്നേറുകയും ചെയ്തിരുന്ന ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ തുടർന്നുവന്ന പാത സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്.

3. നമ്മുടെ സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

ജീവിക്കാനും നിലനിൽക്കാനുമുള്ള ആവേശമാണ് ഈ നാടിന്റെ പൈതൃകം. അനുകൂലമല്ലാതിരുന്ന ഭൂമിയെപ്പോലും അനുകൂലമാക്കിത്തീർത്ത് കൃഷി, ആടുമാട് വളർത്ത് എന്നിവയിൽ തുടങ്ങിയ ഈ ഗ്രാമം കേരളത്തിന്റെ പരമ്പാരഗത വ്യവസായമായ കശുവണ്ടിയിലൂടെ ശ്രദ്ധിക്കപ്പെടുന്ന ഗ്രാമമായി. ഗ്രാമത്തിലെ ചെറുകുടുംബങ്ങളിലെ സ്ത്രീത്തൊഴിലാളികൾ 3000 പേർ ഇങ്ങനെ വരുമാനം കണ്ടെത്തുന്നവരായിട്ട് ഇന്നുമുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഈ ഗ്രാമം ബഹുജന പ്രസ്ഥാനങ്ങളോട് ബന്ധപ്പെട്ടിരുന്നു. ദേശീയ രാഷ്ട്രീയ ധാരയിൽ എഴുകോണും എഴുന്നേറ്റു നിന്നിരുന്നു. ദേശീയ പ്രസ്ഥാനങ്ങളിൽ പങ്കുചേർന്നുകൊണ്ടു തന്നെ വിദ്യകൊണ്ട് പ്രബുദ്ധരാകാനും സംഘടിച്ച് ശക്തരാകാനും ഗ്രാമവാസികൾ തയ്യാറെടുത്തു. പ്രബുദ്ധമായ കേരളത്തിന്റെ എല്ലാ ഉയർത്തെഴുന്നേൽപ്പും എഴുകോണിൽ ബാധിച്ചു. ഇരുപതുകളിലെ നവോത്ഥാന പോരാട്ടത്തിന്റെ അർത്ഥഗൗരവം ഈ ഗ്രാമം ഉൾക്കൊണ്ടു. നാട്ടിൽ കുടിപ്പള്ളിക്കുടങ്ങൾ, പ്രൈമറിസ്ക്കൂളുകൾ, വായനശാലകൾ എന്നിവ ഉയർന്നു. 'പരസ്യമായി പന്തിഭോജനം' വിളംബരം ചെയ്തു. മുൻകേരളാ മുഖ്യമന്ത്രി ബഹു: ആർ. ശങ്കർ ഉദ്ഘാടനം ചെയ്തു. മുഖ്യസംഘാടകൻ ശ്രീ. സി. കെ. നീലകണ്ഠൻ വൈദ്യർ (പഞ്ചമൻ വൈദ്യർ) മിശ്രഭോജനത്തോടൊപ്പം പിന്നോക്കക്കാരിൽ പലരുടേയും പേര് മാറ്റി. ചാത്തൻ പുല്ലൻ കൃഷ്ണനായി. ദൈവത്താൾ ഗൗരിയായി. ഇതിന്റെ പരിണിതഫലം ഉടൻ ഉണ്ടായി. പിറ്റേന്ന് സി. കെ. നീലകണ്ഠൻ വൈദ്യൻ, ഇടക്കിടം പത്മനാഭൻ ജ്യോത്സ്യർ, കൊല്ലശ്ശേരിൽ മാധവനാശാൻ, കെ. ആർ. പത്മനാഭൻ, തുണ്ടുവിള കെ. നീലകണ്ഠൻ എന്നിവർ അറസ്റ്റുചെയ്യപ്പെട്ടു. കയ്യാമം വച്ച് പെരുവഴി നടത്തി ജയിലിലടച്ചു. ജയിൽ മോചിതരായി പുറത്ത് വന്ന് അടുത്ത ആഹ്വാനം കൊടുത്തു. മിശ്രവിവാഹം. ഈ മുന്നേറ്റത്തിന് കേന്ദ്രമാക്കിയത് 'സ്വരാജ് വായനശാല' ഒപ്പം ആശയസമരം ശക്തിപ്പെടുത്തി. 'സ്വരാജിൽ' നിന്ന് ഒരു കയ്യെഴുത്ത് മാസിക പുറത്തുവന്നു. ദേശീയ പ്രാദേശീക പ്രശ്നങ്ങൾ സാഹിത്യരൂപങ്ങളായി വീടുവീടാന്തരം ചുറ്റിക്കറങ്ങി. മുഖ്യ എഴുത്തുകാരൻ എഴുകോൺ ശിവശങ്കരൻ ഇന്നും ഓർമ്മിക്കപ്പെടുന്നു (കവിത 'ഒരു ഞെട്ടിലെ മൂന്നുപൂക്കൾ', ഒരു പ്രാദേശിക സംഭവം) മുപ്പതുകളിൽ അലയടിച്ച നവോത്ഥാന ധാരയാണ് പില്ക്കാലത്ത് പല പുരോഗമന പ്രസ്ഥാനങ്ങൾക്കും ഈ ഗ്രാമം കർമ്മഭൂമിയായത്. പിന്തിരിപ്പൻ ആശയങ്ങളെ തുറന്നടിച്ചെതിർക്കാൻ പാരമ്പര്യമായിത്തന്നെ ഈ ഗ്രാമീണർ നെഞ്ഞൂക്ക് കാണിച്ചിട്ടുണ്ട്. ആ നില ഇന്നും തുടരുന്നു. ഇങ്ങനെ പ്രാദേശികതയിൽ തുടങ്ങി ദേശീയതയിലെത്തുന്ന ഒരു സാമൂഹ്യ രാഷ്ട്രീയ പാരമ്പര്യത്തിനുദാഹരണമാണ്, സ്വാതന്ത്ര്യസമര സേനാനികളായ ടി. എം. പ്രസാദും, കുറക്കോട് നാരായണൻ ജ്യോത്സ്യരും, നിഗൂഢമായ മറ്റൊരു സത്യവും ചിപ്പിയിൽ വീണ മഴത്തുള്ളി മുത്താകുമ്പോൾ ചിപ്പിയെ ഉപേക്ഷിക്കുന്ന വിഗതിയും.

എന്നാൽ വളരെ പഴക്കമുള്ള ഒരു ചരിത്രപശ്ചാത്തലം എഴുകോണിനുണ്ട്. എഴുകോൺ പകുതി എന്നറിയപ്പെട്ടിരുന്നപ്പോൾ ഈ ഭൂവിഭാഗത്തിൽ ഇപ്പോഴുള്ള കരീപ്ര, പവിത്രേശ്വരം, എഴുകോൺ പഞ്ചായത്തുകളിലെ മുഴുവൻ ഭാഗവും കുണ്ടറ പഞ്ചായത്തിലെ കുറെ പ്രദേശവും ഉൾക്കൊണ്ടിരുന്നു. വേലുത്തമ്പി കുണ്ടറ വിളംബരത്തിന് മുമ്പ് സൈന്യസമേതം തയ്യാറെടുപ്പ് നടത്തിയ അന്നത്തെയും ഇന്നത്തെയും 'തയ്യാർകുന്ന്' എഴുകോൺ പകുതിയിൽപ്പെട്ട പ്രദേശമാണ്. എഴുന്നു നില്ക്കുന്ന കുന്നുകളും അവയുടെ ചരിഞ്ഞ തടങ്ങളും പഴയ എഴുകോൺ പകുതിയുടെ

ഭൂപ്രകൃതിയാണ്. ഏഴ് കോണുകൾ ഉള്ള സ്ഥലം എന്ന അർത്ഥത്തിൽ വ്യുൽപ്പന്നമായ പദമാണ് 'എഴുകോൺ' ഭൂപ്രകൃതിയും ഈ പേരിന് യോജിക്കുന്നുണ്ട്. എഴുന്നതും കോണുകളോടു കൂടിയതുമായ ഭൂപ്രദേശം -എഴു-കോൺ.

ക്രിസ്തുമതവും മുഹമ്മദ് മതവും പുരാതനകാലത്തേ എഴുകോണിൽ സ്വാധീനം ചെലുത്തിയിരിക്കണം. മാറനാട്, കാരുവേലിൽ, നെടുമ്പായിക്കുളം, അമ്പലത്തുംകാല എന്നീ സ്ഥലങ്ങളിൽ ക്രിസ്തുമതവിശ്വാസികൾ സംഘമായി താമസിക്കുന്നു. മാറനാട് എന്ന സ്ഥലത്തെ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം സമീപകാലത്ത് 'ഈഴവർ' പരിവർത്തനം നടത്തിയവരാണ്. 'ദശ്' വിഭാഗത്തിലുള്ളവർ പണ്ടുകാലത്തേ മതപരിവർത്തനം നടത്തിയിട്ടുണ്ട് എന്നതിന് സാക്ഷ്യമായ ദേവാലയമാണ് മാറനാട്ടെ സി.എസ്സ്.ഐ. പള്ളിയും പൈങ്ങാമുകൾ രക്ഷാസൈന്യം പള്ളിയും. നെടുമ്പായിക്കുളം കോട്ടക്കുഴിപ്പള്ളി സ്ഥാപിച്ചത് കൊല്ലവർഷം 1103 ലാണ്. ഇപ്പോൾ ഇവിടെ 225 കുടുംബങ്ങൾ ആരാധന നടത്തിക്കൊണ്ടിരിക്കുന്നു. മാറനാട് മാർബർസൗമാ ഓർത്തഡോക്സ് പള്ളി (പടി.പള്ളി) യ്ക്ക് 75 വർഷത്തെ പഴക്കമുണ്ട്. 50 കുടുംബങ്ങൾ ഇവിടെ ആരാധന നടത്തുന്നു. സെന്റ് പോൾസ് ആന്റ് സെന്റ്. പീറ്റേഴ്സ് ചർച്ച് (മാറനാട് കിഴക്ക്) 240 കുടുംബങ്ങൾ ഇവിടെ ആരാധന നടത്തുന്നു. സെന്റ് മേരീസ് ചർച്ച് (റീത്ത് പള്ളി, ചിറ്റാകോട്) 25 വർഷത്തെ പഴക്കവും 25 വീട്ടുകാരുടെ ആരാധനയും നടക്കുന്നു. അമ്പലത്തുംകാല ഓർത്തഡോക്സ് പള്ളിയും പെന്തക്കൊസ്തു മിഷൻ പോങ്ങുവിള ജംഗ്ഷൻ, മാർത്തോമാപ്പള്ളി ഇലഞ്ഞിക്കോട്, സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് നെടുമ്പായിക്കുളം എന്നിവയും ഇക്കൂട്ടത്തിലുണ്ട്.

ഇസ്ലാം മതവിശ്വാസികളുടെ സുരക്ഷിത പാർപ്പിടമേഖല കൂടിയാണ് എഴുകോൺ പഞ്ചായത്ത്. ഇടയ്ക്കോട്ടും, തൃപ്പിലഴികത്തും മുസ്ലീംങ്ങൾ തിങ്ങിപ്പാർക്കുന്നു. പ്രാക്തന ചരിത്രമുള്ള ഒരു ഇസ്ലാം ദേവാലയം തൃപ്പിലഴികം പ്രദേശത്തെ അലങ്കരിക്കുന്നു. കൊട്ടാരക്കര ഇളയിടത്തു രാജാവിന്റെ സന്മനസ്സും, തൃപ്പിലഴികം ഇരുപ്പൈ വൈദ്യകുടുംബത്തിന്റെ ഇഷ്ടഭൂമിയും സമുദായസ്നേഹികളും തദ്ദേശീയരുടെ സഹകരണവും ഒത്തു കൂടിയ തൃപ്പിലഴികം മുസ്ലീം പള്ളി) സർവ്വമതസ്ഥരും സഹകരിച്ച് നിർമ്മിച്ച ദേവാലയമാണിതെന്നുള്ളത് ഈ പ്രദേശത്ത് മതസൗഹാർദ്ദത്തിന്റെ വേരുകൾ ആഴത്തിൽ ആണ്ടുകിടക്കുന്നു എന്ന വസ്തുത വെളിപ്പെടുത്തുന്നു.

ബുദ്ധമതത്തിന് എഴുകോണിൽ പ്രാചീനകാലത്തേ സ്വാധീനമുണ്ടായിരുന്നു എന്നത് നിർവിവാദമാണ്. ഈഴവരുടെ ഭൂരിപക്ഷം വ്യക്തമാക്കുന്നത് ആ വസ്തുതയാണ്. അതിനാൽ ഇവിടെ നിരവധികാവുകളും, ആരാധനാ കേന്ദ്രങ്ങളും ആവിർഭവിച്ചു. ചരിത്രത്തിന്റെ ഏതോ ദശാസന്ധി യിൽ ബുദ്ധവിഗ്രഹങ്ങൾ അപ്രത്യക്ഷമായി. അവിടവിടെ മാടനും മറുതയും, രക്തരക്ഷസ്സും, യക്ഷിയും, വല്യപ്പൂപ്പനും ഭഗവതിയും, നാഗങ്ങളും ആരാധനാ മൂർത്തികളായി. അങ്ങിനെയുണ്ടായ ആരാധനാ കേന്ദ്രങ്ങളാണ്. മാടൻകാവ്, എഴുകോൺ(ശിവൻ), ചീരങ്കാവ് (ശാസ്താ ഭഗവതി ക്ഷേത്രം) കേയിക്കൽ തിരു ആര്യങ്കാവ് ക്ഷേത്രം (ശാസ്താവ് ഭഗവതി), വട്ടമൺകാവ് (ശിവൻ പ്രതിഷ്ഠ, ബ്രഹ്മരക്ഷസ്സ്, നാഗരാജാവ്, നാഗയക്ഷി ആരാധന), പുതിശ്ശേരിക്കോണം പാറക്കടവ് ശിവക്ഷേത്രം (ശിവൻ), ഇടയ്ക്കോട്ടമ്പലം (.....) ഇടയ്ക്കോട് മാടൻകാവ് (ഉച്ചാരഉത്സവം മകരം 27). കുറവരുടെ ആരാധന മൂർത്തിയായ ചാവർ വലിയ പണിക്കത്തി. പണി ക്കൻ അപ്പൂപ്പൻ എന്നിവർക്ക് പുരാതനകാലം മുതൽക്ക് ആരാധന നടത്തിപ്പോരുന്ന കാവാണ്, കുറക്കോട് ചാവർ മഹാകാവ് (മകരത്തിലെ ഉച്ചാര ഉത്സവം). 'മാടനെ' അതിപുരതാന കാലം മുതൽ ആരാധിച്ചു വരുന്ന ദേവാലയമാണ് കാക്കക്കോട്ടൂർ മാടൻക്ഷേത്രം.

ചാതുർവർണ്യവ്യവസ്ഥയുടെ ദുഷ്ഫലങ്ങൾ ഈ പ്രദേശത്തെ അവർണ്ണജനത കേരളത്തിൽ എല്ലായിടത്തുമെന്ന പോലെ അനുഭവിച്ചിട്ടുണ്ട് എന്നത് ചരിത്രവസ്തുതയാണ്. ശ്രീ നാരായണ ഗുരുവിന്റെ സാമൂഹിക വിപ്ലവത്തിന്റെ അലകൾ എഴുകോണിൽ ആഞ്ഞടിച്ചിട്ടുണ്ട്. അവർണ്ണർക്ക് ക്ഷേത്രപ്രവേശനത്തിന് ഉണ്ടാക്കിയ ക്ഷേത്രമാണ് കാരുവേലിൽ കുമാരമംഗലം സുബ്രമണ്യക്ഷേത്രം. ഗ്രാമത്തിലെ മറ്റൊരു സുബ്രഹ്മണ്യകോവിലാണ് വാളയ്ക്കോട്, കാരുവേലിൽ ശിവമംഗലം ക്ഷേത്രം മന്നത്ത് മൂർത്തിക്കാവ് എന്നിവയും പ്രസിദ്ധമാണ്. ഇത്തരം സാമൂഹിക വിപ്ലവത്തിന് ആഹ്വാനം കൊടുക്കാൻ ഗുരുദേവൻ എഴുകോണിൽ എത്തിയിട്ടുണ്ട്.

എടുത്തു പറയാവുന്ന ഒരു സാംസ്കാരിക ത്തനിമ ഈ ഗ്രാമത്തിനുണ്ട്. ഔപചാരിക-അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം അനവധി ഈ ഗ്രാമത്തിൽ നടന്നിട്ടുണ്ട്. നാട്ടിലെ ആയുർവേദ പാരമ്പര്യം കൊണ്ടുണ്ടായ സംസ്കൃതവിദ്യാഭ്യാസവും, മലയാളവിദ്യാഭ്യാസവും 1930 കളിൽ ഗ്രാമത്തിലുയർന്നു വന്നു. ഈ രണ്ടു ഭാഷകളോടുമുള്ള കടപ്പാടു സൂചിപ്പിക്കുന്ന സ്കൂളുകളാണ് എഴുകോണും (സംസ്കൃതം) ഇരുമ്പനങ്ങാടും (മലയാളം) ഇന്നുള്ള ഹൈസ്കൂളുകൾ. എഴുകോണിൽ ശ്രീ.സി.എൻ. നീലകണ്ഠൻ വൈദ്യരുടേയും, ഇരുമ്പനങ്ങാട്ട് ശ്രീമൂലം അസംബ്ലിയിൽ എം.എൽ.സി. ആയിരുന്ന ഏ. ഈശ്വരപ്പിള്ളയുടേയും തീവ്രയത്നം ഇതിനുണ്ടായി. ഇരുമ്പനങ്ങാട് വെർണാക്കുലർ ഹൈസ്കൂൾ (മലയാളം 9-ാം ക്ലാസ്സ് വരെ) എന്നാണ് ആദ്യപേര്. സംസ്കൃതവും മലയാളവും ഒന്നാംഭാഷയായി പഠിച്ചു വളർന്ന ഒരു പ്രബുദ്ധതലമുറ ഈ പ്രദേശത്തെ സാംസ്കാരിക വികസനത്തിന് സഹായകമായി, കൊട്ടാരക്കര ശ്രീധരൻ നായർ പി. എസ്. സി. മുൻ ചെയർമാൻ, എം.കെ. കുമാരൻ, ബഹു:കേരളാ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ഈ. ചന്ദ്രശേഖരൻ നായർ തുടങ്ങി ഒട്ടനവധി മഹാരഥന്മാർ ഇവിടെ ഉദിച്ചുയർന്നിട്ടുണ്ട്. ഇന്ത്യയുടെ ആർഷവും പ്രാക്തനവുമായ മഹനീയ സംസ്ക്കാരത്തിന്റെ സാത്വികപ്രഭാവം ഈ പ്രദേശത്തെ അന്യ നാടുകളിൽ നിന്ന് വേർതിരിച്ച് നിർത്തുകയും ചെയ്യുന്നു.

4. പഞ്ചായത്തിന്റെ ചരിത്രസംഗ്രഹം

1951-ൽ ഈ പഞ്ചായത്ത് ഒരു ജനകീയ ഭരണത്തിന് തുടങ്ങുമ്പോൾ കരീപ്ര, പവിത്രേശ്വരം പഞ്ചായത്തുകളിൽ ഇന്ന് നില്ക്കുന്ന ചില വാർഡുകൾ കൂടി ഇവിടെ ഉൾപ്പെട്ടിരുന്നു. ഇടയ്ക്കിടം, കടയ്ക്കോട്, തൃപ്പിലഴികം, മാറനാട് എന്നീ വാർഡുകൾ നഷ്ടപ്പെട്ട് ഇന്ന് എഴുകോൺ വില്ലേജിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. പഞ്ചായത്ത് ഭരണം തുടങ്ങുമ്പോൾ ദ്വയാംഗമണ്ഡലമുൾപ്പെടെ എഴ് വാർഡുകളുണ്ടായിരുന്നു. ആദ്യഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ. പി.കെ. പുരുഷോത്തമൻ ആയിരുന്നു. വില്ലേജ് പുനർനിർണ്ണയത്തോടെ പഞ്ചായത്തിന്റെ വിസ്തൃതി കുറയുകയും, ഇപ്പോൾ പത്ത് വാർഡുകളായും സ്ഥിതി ചെയ്യുന്നു.

കഴിഞ്ഞ ഭരണസമിതി

ക്രമ നമ്പർ	വർഷം	SC/ST സംവരണം	വനിത	ആകെ വാർഡുകൾ	ഭരണസമിതി പ്രസി.	വൈസ് പ്രസി.
1.	53-63	-	-	7	പി.കെ. പുരുഷോത്തമൻ	വി.കെ. കുമാരൻ
2.	63-79	-	1	8	എൻ.രാമൻപിള്ള	മാത്യുപണിക്കർ
3	79-88	-	1	9	സോഫി ഐസക്	വി. സുരേന്ദ്രൻ
4.	88-95	1	1	10	പി. തങ്കപ്പൻപിള്ള	ഫിലിപ്പ്.ജെ. പണിക്കർ

മുൻ പഞ്ചായത്ത് ഭരണസമിതികൾ

1953 - 1963

പി.കെ. പുരുഷോത്തമൻ : പ്രസിഡന്റ്
വി.കെ. കുമാരൻ : വൈസ് പ്രസിഡന്റ്
എം. വേലായുധക്കുറുപ്പ് : മെമ്പർ
രാമൻ പിള്ള (കുഞ്ചുപിള്ള) : മെമ്പർ
എൻ. ഗോപാലൻ : മെമ്പർ
എസ്. കൊച്ചുകുഞ്ഞ് (ചെറുപൊയ്ക) : ദ്വയാംഗമണ്ഡലം
കെ.എൻ. ദാമോദരൻ : മെമ്പർ

1963 - 1979

എൻ. രാമൻ പിള്ള (കുഞ്ഞുരാമൻ പിള്ള) : പ്രസിഡന്റ്
മാത്യുപണിക്കർ : വൈസ് പ്രസിഡന്റ്
ടി.കെ. ചെറിയാൻ : മെമ്പർ
കുഞ്ഞുരാമൻ, വിജയരാഘവൻ. കെ : ദ്വയാംഗം
എൻ.കെ. ഭാസ്കർ (കുട്ടൻപിള്ള) : മെമ്പർ
പി.എൻ. ചെല്ലപ്പൻപിള്ള : മെമ്പർ
എസ്സ്. നീലാംബരൻ : മെമ്പർ
ടി.എൻ. മൈഥിലി : മെമ്പർ

സർവ്വീസ് ചട്ടപ്രകാരം ഭരണസമിതിയിൽ തുടരാൻ കഴിയാതെ വന്ന എൻ.കെ. ഭാസ്കരൻ, പി.എൻ. ചെല്ലപ്പൻപിള്ള, എസ്സ് നീലാംബരൻ, ടി.എൻ.മൈഥിലി എന്നിവർക്ക് പകരം ഈ ഭരണസമിതിയിലേക്ക് എൻ.വാസുദേവൻ, ജി.വാസുദേവൻ, ആനന്ദൻ, ആർ വനജാക്ഷി എന്നിവരെ തെരഞ്ഞെടുത്തു.

1979 - 1984

സോഫി ഐസക്	:	പ്രസിഡന്റ്
സുരേന്ദ്രൻ.വി.	:	വൈസ് പ്രസിഡന്റ്
കെ.കെ. മാത്യുപണിക്കർ	:	മെമ്പർ
ടി.എസ്സ്. ബാബു	:	മെമ്പർ
വി. സത്യശീലൻ	:	മെമ്പർ
എം.ആർ. രാജേന്ദ്രൻ	:	മെമ്പർ
നാരായണൻ	:	മെമ്പർ
ചന്ദ്രൻപിള്ള	:	മെമ്പർ
എൻ.കെ. ഭാസ്കർ	:	മെമ്പർ

(1984 മുതൽ 88 വരെ ഉദ്യോഗസ്ഥഭരണം)

1988 - 95

പി. തങ്കപ്പൻപിള്ള	:	പ്രസിഡന്റ്
ഫിലിപ്പ്.ജെ. പണിക്കർ	:	വൈസ് പ്രസിഡന്റ്
പി.ഒ. തോമസ്സ് പണിക്കർ	:	മെമ്പർ
പി.കെ. രവീന്ദ്രൻ	:	മെമ്പർ
വി. സത്യശീലൻ	:	മെമ്പർ
കുണ്ടറ വർഗ്ഗീസ്	:	മെമ്പർ
എഴുകോൺ നാരായണൻ	:	മെമ്പർ
കെ.സുരേഷ്കുമാർ	:	മെമ്പർ
കെ. പത്മിനി	:	മെമ്പർ
ഇന്ദിര	:	മെമ്പർ

നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

ടി.ആർ. ശകുന്തള	:	പ്രസിഡന്റ്
ഫിലിപ്പ് ജെ. പണിക്കർ	:	വൈസ് പ്രസിഡന്റ്
ശ്രീലേഖാവിജയൻ	:	മെമ്പർ
എ. മണിയമ്മ	:	മെമ്പർ
എൻ. ഗോപാലകൃഷ്ണൻ	:	മെമ്പർ
കെ.ആർ. ഹരികുമാർ	:	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
പി.ജി. സത്യരാജ്	:	മെമ്പർ
ലൈലാമണി	:	മെമ്പർ
വി. അനിത	:	മെമ്പർ
കുണ്ടറ വർഗ്ഗീസ്സ്	:	മെമ്പർ
പി. കെ. രവീന്ദ്രൻ	:	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
കെ. എസ്. ഗീതാലക്ഷ്മി	:	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
എം. ലീലാമ്മ	:	ജില്ലാ പഞ്ചായത്ത് മെമ്പർ

എഴുകോൺ ഗ്രാമ പഞ്ചായത്ത് പൊതുവിവരം

ക്ഷേത്രങ്ങൾ	-	20
പള്ളികൾ	-	10
മുസ്ലീം പള്ളി	-	1
കുഴൽ കിണർ	-	18
സാമിൽ	-	8
മറ്റുള്ള ഫാക്ടറികൾ	-	13
ഫ്ലവർമിൽ	-	5
കാഷ്യൂഫാക്ടറി	-	11
കുളങ്ങൾ	-	22
സർപ്പ്കാവ്	-	15
വാട്ടർടാങ്ക്	-	2
ആയുർവ്വേദാശുപത്രി	-	1
അലോപ്പതി	-	1
പബ്ലിക് ഹെൽത്ത് സെന്റർ	-	1
മദർകെയർ സെന്റർ	-	2
ബാലവാടി	-	3
നഴ്സറിസ്കൂൾ	-	5
സെമിത്തേരി	-	13
ഹൈസ്കൂൾ	-	8
ടെക്നിക്കൽ ഹൈസ്ക്കൂൾ	-	1

പഞ്ചായത്തതിർത്തിയിലുള്ള സ്ഥാപനങ്ങൾ

1. പഞ്ചായത്ത് ഓഫീസ്.
2. G.L.P.S ഇരുമ്പനങ്ങാട്
3. G.W. L.P.S ചിറ്റാകോട്
4. G.L.P.S എഴുകോൺ.
5. G.U.P.L.P.S ഇരുമ്പനങ്ങാട്
6. Govt: കോ-ഓപ്പറേറ്റീവ് എൽ.പി.എസ് ഇരുമ്പനങ്ങാട്.
7. L.M.S, L.P.Sമാറനാട്
8. M.T.L.P.Sഅമ്പലത്തുംകാല (കോളന്നൂർ)
9. കാരുവേലിൽ L.P.S
10. സെന്റ് ജോൺസ് R.S.കാരുവേലിൽ
11. സെന്റ് ജോൺസ് C.S.കാരുവേലിൽ
12. സെന്റ് ജോൺസ് H.S. കാരുവേലിൽ
13. എം.എൻ.യു.പി.എസ്. നെടുമ്പായിക്കുളം.
14. H.S. ഇരുമ്പനങ്ങാട്
15. M.T.H.S. കുണ്ടറ.
16. V.S.H.S.എഴുകോൺ
17. T.H.S.എഴുകോൺ
18. വില്ലേജ് ഓഫീസ്, എഴുകോൺ
19. വില്ലേജ് എകറ്റൻഷൻ ഓഫീസ് എഴുകോൺ
20. കൃഷിഭവൻ എഴുകോൺ
21. സബ് രജിസ്ട്രാർ ഓഫീസ്, എഴുകോൺ
22. I.C.D.P.സബ് സെന്റർ, നെടുമ്പായിക്കുളം, പ്ലാക്കാട് (അസി. പ്രോജക്ട് ഓഫീസർ, R.A.L.C.കൊട്ടാരക്കര)
23. E.S.I.ലോക്കൽ ഓഫീസ്, എഴുകോൺ
24. ടെലിഫോൺ എക്സ്ചേഞ്ച്, ഇരുമ്പനാങ്ങാട് (Accounts Officer Cash) C/o General Manager, Telecom District, Kollam.)
25. ഇലക്ട്രിക്കൽ മേജർ സെക്ഷൻ എഴുകോൺ.
26. ശിശുമന്ദിരം, പരുത്തുംപാറ
27. പോസ്റ്റ് ഓഫീസ് ഇരുമ്പനങ്ങാട്.
28. പോസ്റ്റ് ഓഫീസ് അമ്പലത്തുംകാല
29. സബ് പോസ്റ്റ് ഓഫീസ്, എഴുകോൺ
30. പോസ്റ്റ് ഓഫീസ്, നെടുമ്പായിക്കുളം
31. പോസ്റ്റ് ഓഫീസ്, കാരുവേലി
32. റെയിവേ സ്റ്റേഷൻ, എഴുകോൺ. (ഓഫീസ് വിങ് എൻജിനീയറിഗ് വിങ്)
33. ആഗ്രോ സർവ്വീസ് സെന്റർ, കാരുവേലിൽ
34. ഇന്ത്യൻ ഓവർസീസ് ബാങ്ക് എഴുകോൺ
35. ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്ക്, എഴുകോൺശാഖ
36. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, എഴുകോൺ
37. കോക്കനട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി, എഴുകോൺ
38. ക്ഷീരോൽപാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചിറ്റാകോട്.
39. ക്ഷീരോൽപാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുമ്പായിക്കുളം
40. ക്ഷീരോൽപാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി, അമ്പലത്തുംകാല
41. ക്ഷീരോൽപാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എഴുകോൺ.
42. ഗവ: ആയുർവ്വേദിക് ഡിസ്പെൻസറി, എഴുകോൺ
43. P.H.സെന്റർ, എഴുകോൺ
44. E.S.I ഹോസ്പിറ്റൽ, എഴുകോൺ
45. K.S.D.C.F.No. 19.എഴുകോൺ
46. K.S.D.C.F.No. 22, നെടുമ്പായിക്കുളം
47. K.S.D.C.F.No. 29, പരുത്തൻപാറ
48. K.S.D.C.F.No. Sub. group.ഓഫീസ്, എഴുകോൺ
49. കരുണാ കാഷ്യൂകമ്പനി (പ്രിമീയർ) അമ്പലത്തുംകാല.
50. പോലീസ് സ്റ്റേഷൻ, എഴുകോൺ
51. മാവേലി സ്റ്റോർ, എഴുകോൺ.
52. പ്രീമെട്രിക് ഹോസ്റ്റൽ, എഴുകോൺ
53. P.W.D.റോഡ് സെക്ഷൻ, എഴുകോൺ
54. മൃഗാശുപത്രി, അമ്പലത്തുംകാല

5. ഭൂപ്രകൃതിയും വിഭവങ്ങളും

ഇന്ത്യ റിപ്പബ്ലിക്കാവുകയും വികസന ബ്ലോക്കുകൾക്ക് രൂപം നൽകുകയും ചെയ്തകാലത്തു തന്നെ പ്രാദേശികസ്വയം ഭരണസ്ഥാപനങ്ങൾ നിലവിൽ വന്നു. എഴുകോൺ പഞ്ചായത്തും അക്കാലത്താണ് രൂപമെടുത്തത്. ഗ്രാമപ്രദേശങ്ങളിലെ ശുചീകരണമുൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നത് റവന്യൂവകുപ്പിന്റെ അടിസ്ഥാന ഘടകമായിരുന്ന പകുതിക്കച്ചേരികൾ വഴിയായിരുന്നു. ഇന്നത്തെ വാർഡുകൾ അന്ന് കര, മുറി എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. കല്ലടയാറിനടുത്തുള്ള കരിമ്പിൻ പുഴ പ്രദേശം മുതൽ ഇത്തിക്കരയാറിനോടു ചേർന്നുള്ള നെടുമൺകാവ് വരെ എഴുകോൺ പകുതിയായിരുന്നു. ഇപ്പോഴത്തെ എഴുകോൺ വില്ലേജാഫീസിന്റെ സ്ഥാനത്തുണ്ടായിരുന്ന പകുതിക്കച്ചേരിയായിരുന്നു അന്നത്തെ ഭരണകേന്ദ്രം. പവിത്രേശ്വരം, എഴുകോൺ, കരീപ്ര എന്നീ വില്ലേജുകളായി എഴുകോൺ പകുതി വിഭജിക്കപ്പെട്ടു. എഴുകോൺ പഞ്ചായത്തിന് ഇപ്പോഴുള്ള അതിരുകളും വിസ്തൃതികളുമായിരുന്നില്ല തുടക്കത്തിലുണ്ടായിരുന്നത്. പവിത്രേശ്വരം പഞ്ചായത്തിൽപ്പെട്ട മാറനാടും, തൃപ്പലഴികം പഞ്ചായത്തിലെ ഇടയ്ക്കിടം, കടയ്ക്കോട്, ചൊവ്വള്ളൂർ തുടങ്ങിയ ഭാഗങ്ങളും പഞ്ചായത്ത് പുനഃസംഘടനയെത്തുടർന്ന് എഴുകോൺ പഞ്ചായത്തിൽ നിന്ന് വേർപ്പെടുത്തിയിട്ടുള്ളതാണ്. ആദ്യപഞ്ചായത്ത് സമിതിയിൽ മേൽ പറഞ്ഞ സ്ഥലങ്ങളെ പ്രതിനിധീകരിച്ച് മൂന്ന് മെമ്പറന്മാരുണ്ടായിരുന്നു. മാറനാടിനെ പ്രതിനിധീകരിച്ച് കുഞ്ചുപ്പിള്ള എന്ന രാമൻപിള്ളയും, ഇടയ്ക്കിടം കടയ്ക്കോട് ചേർത്ത് എൻ.ഗോപാലനും, എസ്സ്. കൊച്ചുകുഞ്ഞും മെമ്പറന്മാരായിരുന്നു. മാറനാട് കളത്തട്ടിന് വടക്കുമുതൽ തെക്ക് കടയ്ക്കോട് വരെയും, കിഴക്ക് കൊതുമ്പിൽ ഭാഗം മുതൽ പടിഞ്ഞാറ് നെടുമ്പായിക്കുളം വരെയുമായിരുന്നു എഴുകോൺ പഞ്ചായത്തിന്റെ വ്യാപ്തി. ഇടയ്ക്കോട്, പുതുശ്ശേരിക്കോണം, നെടുമ്പായിക്കുളം ഭാഗങ്ങൾ തൃപ്പലഴികം ഭാഗത്തിൽ നിന്ന് എഴുകോണിനോടു ചേർന്നതാണ്. എഴുകോൺ പഞ്ചായത്തിന് തെക്ക് ഉണ്ടായിരുന്ന തൃപ്പലഴികം പഞ്ചായത്ത് ഇല്ലാതാവുകയും കരീപ്ര പഞ്ചായത്ത് ഉണ്ടാവുകയും ചെയ്തു.

ചെറുതും വലുതമായ പല കുന്നുകളും അവയുടെ ചരിവുകളും താഴ്വരകളും സമതലങ്ങളും ഉൾപ്പെടുന്ന 17.24 ചതു.കി.മീറ്റർ വിസ്തൃതിയുള്ള ഭൂപ്രദേശമാണ് എഴുകോൺ ഗ്രാമപഞ്ചായത്ത്. സ്ഥിതി വിവരക്കണക്കുകളനുസ്സരിച്ച് 28,789 പേർ ഈ ഗ്രാമത്തിലുണ്ട്. പഞ്ചായത്തിന്റെ ആസ്ഥാനമായ സ്ഥലം മണ്ണാരഴികത്ത് വീട്ടിൽ നമ്പുകാളി മാതേര് ഇഷ്ടദാനം ചെയ്തിട്ടുള്ളതാണ്.

നമ്മുടെ മണ്ണിന്റെ ഇനങ്ങൾ

1. ചരൽ മണ്ണ്
2. മണൽ മണ്ണ്.
3. എക്കൽമണ്ണ്.
4. വെട്ടുകൽ മണ്ണ്.

ഇവിടുത്തെ കുന്നുകളിൽ ഏറ്റവും വലുത് 106 മീറ്റർ ഉയരമുള്ള 'തയ്യാർകുന്ന്' എന്നറിയപ്പെടുന്നു. ഈ കുന്നുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം നിലനില്ക്കുന്നുണ്ട്. വേലുത്തമ്പിയുടെ അവസാനകാലത്ത് സുരക്ഷിത സ്ഥാനം തേടി സഞ്ചരിക്കുന്നതിനിടയിൽ ഈ കുന്നിലും പരിസരത്തുമായി താവളമടിച്ചെന്നാണറിയുന്നത്. കുന്നിന്റെ അടിവാരത്തുള്ള ചീരങ്കാവും, ഭഗവതിക്ഷേത്രവും തമ്പിയ്ക്ക് അഭയ കേന്ദ്രമായിരുന്നു. വെള്ളപ്പട്ടാളത്തിന്റെ പടയോട്ടം ദൃഷ്ടിയിൽപ്പെട്ടതിനു ശേഷമാണ് അദ്ദേഹം ഈ കുന്നിൽ നിന്ന് മണ്ണടിയിലേക്കുള്ള പലായനം തുടങ്ങിയതെന്നാണ് ചരിത്രം. ശക്തിസംഭരണത്തിന് തയ്യാറെടുപ്പ് നടത്തിയ കുന്നെന്ന നിലയിൽ 'തയ്യാർകുന്ന്' എന്ന പേരുണ്ടായി. ഭൂപ്രകൃതി അനുസ്സരിച്ച് പഞ്ചായത്തിനെ നാലായി തരംതിരിക്കാം.

1. കുന്നിൻപുറം
2. കുന്നിൻ ചരിവ്
3. താഴ്വര
4. സമതലം

കുന്നുകളുടെ മുകൾഭാഗം നിരപ്പ് സ്ഥലമാണ്. പാറയും പാരുമില്ലാത്ത സ്ഥലമായതുകൊണ്ട് ഈ നിരപ്പ് ഭൂമി പലവിധ കൃഷിക്കായി ഉപയോഗിച്ചു വരുന്നു. റബ്ബർ, തെങ്ങ്, കശുമാവ്, മരച്ചീനി, മറ്റ് ഫലവൃക്ഷങ്ങൾ തുടങ്ങിയവ ഇവിടെ കൃഷി ചെയ്യുന്നു. കിഴക്കാംതൂക്കായ ചരിവില്ലാത്തതുകൊണ്ട് കുന്നുകളുടെ എല്ലാവശങ്ങളിലും മണ്ണൊലിപ്പ് തടഞ്ഞ് കൃഷി ചെയ്തു വരുന്നു.

താഴ്വരകളിൽ ഫലഭൂയിഷ്ഠിയുള്ള മണ്ണും വെള്ളത്തിന് സൗകര്യവും ഉള്ളതു കൊണ്ട് നെല്ല്, വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയ കൃഷികൾ നടത്തുന്നു. താഴ്വരയിലുള്ള നീരുറവകളൊന്നിച്ച് ചേർന്നുണ്ടായിട്ടുള്ള മൂന്ന് നാല് തോടുകൾ മാത്രമാണ് ഈ പഞ്ചായത്ത് പ്രദേശത്തു കൂടി വടക്കുഭാഗത്തേക്കും തെക്ക് ഭാഗത്തേക്കും ഒഴുകുന്നത്. ചിറ, തടാകം, നദി തുടങ്ങിയ വയൊന്നും ഈ പഞ്ചായത്തിൽ ഇല്ല. ആകെയുള്ള ഭൂമിയിൽ 8.6% മാത്രമാണ് നെൽക്കൃഷിയുള്ളത്. ഇരിപ്പുനില ങ്ങളാണിവ. വളരെ ചെറിയൊരു ഭാഗം കൃഷിക്കാർ മൂന്നാംവിളയായി പയർക്കൃഷി നടത്താറുണ്ട്. പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ ആളോഹരി കണക്ക് 0.13 സെന്റാണ്. കാർഷിക വൃത്തി കൊണ്ട് മാത്രം ഉപജീവനം നടത്തുവാൻ വളരെ പരിമിതിമെന്നാണ് ഈ കണക്ക് കാണിക്കുന്നത്. കൃഷിയ്ക്കുപയുക്തമായ തരിശ് ഭൂമി പഞ്ചായത്ത് പ്രദേശത്ത വശേഷിക്കുന്നില്ല. പുറം പോക്കുഭൂമിയിൽ പലയിടത്തായി മൂന്ന് ഹെക്ടറോളം സ്ഥലത്ത് പാറയിരിക്കുന്നുണ്ട്. അത് അന്യാധീനപ്പെടാതെ നോക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ഏലാകളുമായി ബന്ധപ്പെട്ട് തോടുപുറമ്പോക്കുകൾ സംരക്ഷിക്കപ്പെടാത്തതു കൊണ്ട് അന്യാധീനപ്പെട്ടു കൊണ്ടിരിക്കുകയാണ്. തന്മൂലം നീരുറവകളും നീരൊഴുക്കും കുറയുന്നു. അടിയന്തിര ശ്രദ്ധപതിഞ്ഞില്ലെങ്കിൽ നിലവിലുള്ള തോടുകൾ കൂടി നഷ്ടമാകാനിടയുണ്ട്. വിവിധകാരണങ്ങളാൽ പഞ്ചായത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന നെൽക്കൃഷി തീരെയില്ലാതാകാൻ വഴി തെളിയ്ക്കും. കാലവർഷത്തിന്റെ തോത് കുറഞ്ഞു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രകൃതിദത്തമായ ജലസമ്പത്തിന്റെ സംരക്ഷണത്തിന് വികസനപ്രക്രിയയിൽ അർഹിക്കുന്ന പ്രാധാന്യം നൽകേണ്ടതുണ്ട്. വാട്ടർഷെഡ് (നീർമറി) മണ്ണ് സംരക്ഷണപദ്ധതി തുടങ്ങിയവയ്ക്ക് ഈ പഞ്ചായത്തിൽ അർഹിക്കുന്ന ഗൗരവം ആവശ്യമാണ്. നിലവിലുള്ള തലക്കുളങ്ങളും, പൊതുക്കിണറുകളും ജലസേചനത്തിനും കുടിവെള്ള പ്രശ്നപരിഹാരത്തിനും പര്യാപ്തമല്ല.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ക്ടറിൽ)

പുരയിടം	നീലം	പുറമ്പോക്ക്	തരിശ്	ആകെ
1283.39	169.6	119.51	21.74	1582.9

ഉടമസ്ഥരുടെ എണ്ണം

1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 ഏക്കർ	1-2 ഏക്കർ	2-5	5ഏക്കറിനും മുകളിൽ
3283	2100	1250	570	345	110	15

6. ജനപ്രകൃതിയും മുഷ്യസമ്പത്തും

ഇടനാടിന്റെ തെക്കൻ മേഖലയിൽപ്പെടുന്നതാണീ പഞ്ചായത്ത്. ഏറ്റവും ഒടുവിൽ ലഭ്യമായ കമക്കനുസരിച്ച് 28,789 ആളുകൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. അതിൽ 13,965 പുരുഷന്മാരും 14,824 സ്ത്രീകളും ആണ്. 91 ലെ സെൻസ്സസ്സനുസരിച്ച് 22,531 പേരാണുണ്ടായിരുന്നത്. അഞ്ചുവർഷങ്ങൾ കൊണ്ട് 6,258 ആളുകളുടെ വർദ്ധനയുണ്ടായി. സംസ്ഥാനത്ത് ജനസാന്ദ്രത കൂടിയ പഞ്ചായത്തിലൊന്നായി എഴുകോൺ പഞ്ചായത്തുയർന്നു കൊണ്ടിരിക്കുന്നു. ജനങ്ങൾ ബഹുഭൂരിപക്ഷവും തലമുറകളായി ഈ പ്രദേശത്ത് വസിച്ചിരുന്ന വിവിധമതസ്ഥരുടെ പിന്മുറക്കാർ തന്നെയാണ്. സംസ്ഥാനത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നോ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ ഇവിടെ കുടിയേറ്റമില്ല. 7721 കുടുംബങ്ങളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഒരു കുടുംബത്തിലെ ശരാശരി അംഗസംഖ്യ 3.73 എന്നാണ്. കുടുംബാസൂത്രണം പരാജയപ്പെട്ടിട്ടില്ലെങ്കിലും ജനസംഖ്യാവർദ്ധന നിയന്ത്രണം വിധേയമല്ലെന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. 91-ൽ ഒരു ച.കി.മീറ്ററിൽ 1307 പേർ താമസിച്ചിരുന്ന സ്ഥലത്ത് 96-ൽ 1670 പേർ താമസിക്കുന്ന സ്ഥിതിയിലേക്ക് ജനസംഖ്യ ഉയർന്നിരിക്കുന്നു. ജനസംഖ്യാവർദ്ധനവ് സംസ്ഥാനശരാശരിയായ 1.18ൽ നിന്ന് 1.34 ആയി മാറിയിട്ടുണ്ട്. ജനസംഖ്യയിൽ ഗണ്യമായ ഒരു ഭാഗം പട്ടികജാതിയിൽപ്പെട്ടവരാണ്. പതിനൊന്ന് കോളനികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പട്ടികജാതിക്കാരുടേതായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടത് അംബേദ്ക്കർ കോളനിയാണ്. പട്ടികജാതിയിൽപ്പെട്ട 119 വീടുകൾ ഇവിടുണ്ട്. പഞ്ചായത്ത് വഴിയും മറ്റ് വികസന ഏജൻസികൾ മുഖേനയും നടന്നിട്ടുള്ള വികസനപ്രവർത്തനങ്ങളുടെ ഫലമായി ഗതാഗതയോഗ്യമായ റോഡുകളും വൈദ്യുതീകരണവും, ജലവിതരണവും, ഒരു ഐ.സി.ഡി.പി. സെന്ററും ആഗ്രോസർവ്വീസ്സ് സെന്ററും ഇവിടെ ഉണ്ടായിട്ടുണ്ട്. സാക്ഷരതയിൽ പഞ്ചായത്തിലെ ജനങ്ങൾ വളരെമുന്നിലാണ്. 95% സാക്ഷരത കൈവരിച്ചിട്ടുണ്ട്. അവർണ്ണവിഭാഗത്തിന്. വിദ്യാലയപ്രവേശനം ഇല്ലാതിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കി എല്ലാവിഭാഗങ്ങൾക്കും പഠനസൗകര്യമുണ്ടാക്കിക്കൊടുത്ത വിശിഷ്ട വ്യക്തികളും സാക്ഷരതാ പ്രവർത്തകരുമെല്ലാം ഈ നേട്ടത്തിൽ പങ്കാളികളാണ്. പഞ്ചായത്ത് വാർഡുകളിൽ പ്രവർത്തിക്കുന്ന വിവിധ ഗ്രന്ഥശാലകളും വായനശാലകളും ഈ നിലയിൽ നിർവഹിക്കുന്ന സേവനം, സാക്ഷരതാ രംഗത്ത് പ്രത്യേകപരിഗണനയർഹിക്കുന്നു. സമൂഹത്തിൽ വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള പലരും നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുണ്ടെന്നത് അഭിമാനാർഹമായ വസ്തുതയാണ്. വ്യക്തിശുചിത്വത്തിലും പരിസരശുചിത്വത്തിലും ശ്രദ്ധയുള്ള ജനങ്ങളാണധികവും. അതുകൊണ്ട് പകർച്ചാവ്യാധികളിൽ നിന്നും മറ്റുമുള്ള അപകടങ്ങൾ താരതമ്യേന കുറവാണ്. എങ്കിലും ലക്ഷംവീട് കോളനികൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ബോധവല്ക്കരണമുൾപ്പടെയുള്ള നടപടികൾ ഇതിനാവശ്യമാണ്. മദ്യപാനം, പുകവലി തുടങ്ങിയ സാമൂഹ്യവിപത്തുകൾ നിയന്ത്രിക്കുന്നിനും വ്യാജമദ്യവില്പന ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. അങ്ങിനെ കൂടുതൽ മേന്മയുള്ള മനുഷ്യസമ്പത്തോടു കൂടിയ തിളക്കമാർന്ന പഞ്ചായത്താകാൻ നമുക്കു കഴിയും. ജനകീയാസൂത്രണം അർത്ഥവത്താവുകയും ചെയ്യും.

7. ജലസമ്പത്തും കൃഷിയും

പ്രകൃതിദത്തമായ ജലാശയങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്ന് മേൽ സൂചിപ്പിച്ചിട്ടുണ്ട്. കുടിവെള്ളത്തിന് വേണ്ടി നിർമ്മിച്ചിട്ടുള്ള കിണറുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമുണ്ട്. ആണ്ടിൽ ആറുമാസത്തിൽ കൂടുതൽ കാലം വെള്ളം ലഭിക്കുന്ന കിണറുകൾ വളരെ കുറവാണ്. വേനൽക്കാലത്ത് എല്ലാ വാർഡിലും കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. ശുദ്ധജലവിതരണ പദ്ധതി നിലവിലുണ്ട്. അതിനുവേണ്ടി നിർമ്മിച്ചിട്ടുള്ള ടാങ്കിൽ പഞ്ചായത്തിൽ ആവശ്യമുള്ളതിന്റെ വളരെ ചെറിയൊരു ശതമാനം ജലം മാത്രമേ കിട്ടാറുള്ള. അതുകൊണ്ട് ചില വാർഡുകളുടെ ചില ഭാഗത്ത് മാത്രമാണ് വെള്ളം കിട്ടുന്നത്. അതും ഉപയോഗ്യമല്ലെന്ന് പരാതിയുമുണ്ട്. മുപ്പത് വാട്ടർ ടാപ്പു സ്ഥാപിച്ചിട്ടുള്ള വാർഡിലെ ആറോ ഏഴോ ടാപ്പിൽനിന്നും മാത്രമാണ് വെള്ളം കിട്ടാറുള്ളത്. മുൻകാലത്തെ വികസനത്തിന്റെ വികൃത മുഖങ്ങളിൽ ഒന്നാണിത്. പഞ്ചായത്തിൽ എല്ലാ വാർഡിലും നിർമ്മിച്ചിട്ടുള്ള കുഴൽ കിണറുകളുടെയും സ്ഥിതി ഇത് തന്നെ. അതിലെ വെള്ളത്തിൽ ഇരുമ്പുകലർന്നിരിക്കുന്നത് മൂലം കുടിയ്ക്കുന്നതിനോ, കുളി, അലക്ക് മുതലായ കാര്യങ്ങൾക്കോ ഉപയോഗിക്കുന്നില്ല.

നമ്മുടെ ചഞ്ചായത്തിൽ പ്രധാനമായും കടമാൻ കോണം - വട്ടമൺകാവ്, പുളിയറ- മൂഴി, അറുപറകോണം - മന്നത്തുഭാഗം (4 കി. മീ.), മലവിളയിൽനിന്നും കരിപ്രയിലേക്കുപോകുന്നതും (450 മി.), തോട്ടുകാട്ടിൽഭാഗം - ഇടയ്ക്കിടം മുതലായ തോടുകളാണ് ഉള്ളത്. ഇവയിൽ പൊതുവായി 11 മാസം വെള്ളത്തിന്റെ ഒഴുക്ക് അനുഭവപ്പെടാറുണ്ട്.

എല്ലാ വാർഡുകളിലും പൊതുക്കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ കുളങ്ങളിൽ പലതിലും ധാരാളം വെള്ളവുമുണ്ട്. കൃഷി ആവശ്യത്തിന് ഈ ജലം ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരു കുളത്തിലുമില്ല. പമ്പുസെറ്റ് സ്ഥാപിച്ച് വൈദ്യുതി സൗകര്യവും ഏർപ്പെടുത്തിയാൽ ഇന്ന് നെൽകൃഷി നടക്കുന്ന എല്ലാ വയലിലും സമൃദ്ധിയായി വെള്ളം കിട്ടും. തോട്ടിൽ തടയണ കെട്ടി പലകയിട്ടാൽ നിലത്തിൽ വെള്ളം കയറ്റുന്നതിനുള്ള സൗകര്യവും പലഭാഗത്തുമുണ്ട്. അതും ഉപയോഗപ്പെടുത്തേണ്ടതാണ്. തോടിന്റെ വരമ്പുകെട്ടി ബലപ്പെടുത്തുകയും തോട് തെളിച്ച് വെള്ളം സ്വതന്ത്രമായി ഒഴുകുന്നതിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യാത്തതിനാൽ ഗതിമാറി തോട് ചില ഭാഗങ്ങളിൽ ഒഴുകുന്നുണ്ട്. ഇത് മൂലം കയ്യേറ്റക്കാർക്ക് തോട് പുറമ്പോക്ക് കൈവശപ്പെടുത്തുന്നതിന് സൗകര്യം വർദ്ധിക്കുകയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെയും മറ്റും സഹായംതേടി ഇപ്പോഴുള്ള തോടും കുളങ്ങളും കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ശ്രമിയ്ക്കണം.

ഈ പഞ്ചായത്തിലെ ആറ്, എട്ട്, ഒമ്പത്, പത്ത് എന്നീ വാർഡുകളിൽക്കൂടി അഞ്ചുകിലോമീറ്ററോളം നീളത്തിൽ കെ.ഐ.പിയുടെ ഇടത് കര മെയിൻ കനാലും അത്രത്തോളം ദൂരത്തിൽ മറ്റു വാർഡുകളിൽകൂടി ബ്രാഞ്ചു കനാലും നിർമ്മിച്ചിട്ടുണ്ട്. അനേകം ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്ത് ഈ ആവശ്യത്തിനുപയോഗിച്ചിട്ടുമുണ്ട്. ഇതിന്റെ പ്രയോജനം ഇനിയും കർഷകർക്ക് കിട്ടിത്തുടങ്ങിയിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസമാണ് പ്രധാനമായി പറഞ്ഞുകേൾക്കുന്നത്. കമ്മീഷൻ ചെയ്താലും നമ്മുടെ പഞ്ചായത്തിന് ഇന്നത്തെ നിലയിൽ ഈ പദ്ധതി പ്രയോജനം ചെയ്യുമെന്ന് തോന്നുന്നില്ല. നിലങ്ങളിൽ വെള്ളം കിട്ടുന്നതിനുള്ള സംവിധാനമാണ് ഈ പദ്ധതിയിൽ ഇപ്പോഴും ഇവിടെ കാണുന്നത്. നിലം കൃഷി വളരെ ചെറിയ തോതിൽ മാത്രമുള്ള നമുക്ക് കിട്ടുന്ന ഗുണത്തിന്റെ തോതും കുറഞ്ഞിരിയ്ക്കുന്നു. അതുകൊണ്ട് കനാലിലെ ജലം കരകൃഷിക്ക് ഉപയോഗിക്കാൻ കഴിയുംവിധം ലിഫ്ട് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തിയേ മതിയാകൂ.

ഈ പദ്ധതിയിൽ എട്ടാം വാർഡിൽ നിർമ്മിച്ചിട്ടുള്ള തുരങ്കത്തിന്റെ പണി വമ്പിച്ച പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. വൃക്ഷങ്ങളും മണ്ണും വില്പനച്ചരക്കാക്കിമാറ്റി. തൻമൂലം പരിസരത്തുള്ള കിണറുകളിൽ വെള്ളം കിട്ടാതെയായി. മണ്ണെടുത്തുമാറ്റിയ പടുകുഴി അങ്ങ

നെത്തന്നെ ഇട്ടിരിക്കുന്നതുകൊണ്ട് ഇരുവശവുമുള്ള പുരയിടങ്ങളിൽ കടുത്ത വരൾച്ച ബാധിക്കുന്നു. തുരങ്കത്തിന്റെ മുഖപ്പിലുള്ള ചീപ്പിൽ അടിയുന്ന അഴുക്കും, ചവറും മൂലം കൊതുക് തുടങ്ങിയവയുടെ ശല്യം വമ്പിച്ച ഭീണഷിയായി മാറിയിരിക്കുന്നു. ഇവിടെയുള്ള ജനങ്ങൾക്ക് ഈപദ്ധതി വലിയ ദ്രോഹമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതിന് പരിഹാരമായി ഗ്രാമസഭയിൽ ചില നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

1. തുരങ്കത്തിന് മുകളിൽ വലിയ ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് പൈപ്പ് ലൈൻവഴി ജലസേചനത്തിന് സൗകര്യമുണ്ടാക്കുക.
2. മണ്ണെടുത്തുമാറ്റിയത് മൂലമുണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് നികത്തുക.
3. ചീപ്പിനടുത്തു അടിഞ്ഞുകൂടുന്ന അഴുക്കും ചവറും നീക്കം ചെയ്യുന്നതിന് സ്ഥിരം ഏർപ്പാടുണ്ടാക്കുക.
4. കുടിവെള്ളം ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

നമ്മുടെ പഞ്ചായത്തിൽ വനമില്ലാത്തതുകൊണ്ട് വനസമ്പത്തോ പ്രകൃതിദത്തമായ മറ്റു വിഭവങ്ങളോ ലഭ്യമല്ല. പ്രധാനമായും കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന സസ്യസമ്പത്താണ് നമുക്ക് കിട്ടാനുള്ളത്. ജനങ്ങളുടെ മുഖ്യ ആഹാരം അരിയാണെങ്കിലും നമ്മുടെ ആവശ്യത്തിന് വേണ്ടതിൽ വളരെ കുറച്ചുമാത്രമേ ഈ പഞ്ചായത്തിൽ അരി ഉൽപാദിപ്പിക്കാൻ കഴിയുന്നുള്ളു. റവന്യൂ കണക്കനുസരിച്ച് ആകെ നിലത്തിന്റെ 58.6% മാത്രമേ നെൽകൃഷിക്ക് യോഗ്യമായുള്ളു. അതിൽത്തന്നെ നാല്പത് ശതമാനത്തോളം ഭൂമി മറ്റ് കൃഷികൾക്കായി വിനിയോഗിക്കുന്നു. നെൽകൃഷി നഷ്ടമായതുകൊണ്ടാണ് മറ്റു കൃഷികളിലേക്ക് മാറാൻ കർഷകർ നിർബന്ധിതരാകുന്നത്. കൃഷിയിറക്കുന്നത് മുതൽ വിളവെടുക്കുന്നത് വരെയുള്ള ജോലികൾക്കൊന്നും തൊഴിലാളികളെ കിട്ടാനില്ല. ഉയർന്ന നിരക്കിൽ കൂലി കൊടുത്ത് കുറഞ്ഞ അളവിൽ ജോലി ചെയ്യിക്കുന്ന അവസ്ഥയിലാണ് കർഷകർ. നെൽകൃഷിയിൽ ഉറച്ചുനിൽക്കുന്ന കർഷകർ രണ്ട് വിളകൃഷി ചെയ്തുവരുന്നു. അവർക്ക് നേരിടേണ്ട പ്രശ്നങ്ങൾ പലതുണ്ട്.

1. മഴയെ ആശ്രയിച്ചുമാത്രം കൃഷിയിറക്കേണ്ടിവരുന്നു.
2. കർഷക തൊഴിലാളികളെ യഥാസമയം കിട്ടുന്നില്ല.
3. ഗ്രൂപ്പുഫാമിംഗ് സമ്പ്രദായം ഇല്ലാതാക്കിയിരിക്കുന്നു.
4. ജൈവവളങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല.
5. ആവശ്യമുള്ള സമയങ്ങളിൽ രാസവളം കിട്ടാതെ വന്നു.
6. കീടനാശിനിയും സസ്യസംരക്ഷണോപാധികളും കിട്ടാതെ വരുന്നു.
7. വിളവെടുപ്പിലുണ്ടാകുന്ന പ്രയാസങ്ങൾ മഴക്കാലത്തുണ്ടാകുന്ന നഷ്ടം. ഈ പ്രശ്നങ്ങൾ പരിഹരിച്ച് നെൽകൃഷി ആകർഷകമാക്കിയാൽ മാത്രമേ കൃഷിക്കാർ ഈ കൃഷിയിൽ ഉറച്ചുനിൽക്കാൻ സാധ്യതയുള്ളു.

തെങ്ങ്

കൃഷിവകുപ്പിന്റെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ കൃഷിസ്ഥലത്തിന്റെ പകുതിയിലധികം സ്ഥലത്തും തെങ്ങാണ് കൃഷി ചെയ്യുന്നത്. 804 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി നടക്കുന്നു. 160400 തെങ്ങു ആകെയുണ്ടെന്നാണ് കണക്ക്. ശരാശരി 50 നാളികേരം കിട്ടുമെന്നും കണക്കാക്കി യിരിക്കുന്നു. നമ്മുടെ സമ്പത്തിൽ നാളികേരത്തിനും തെങ്ങിനുമുള്ള പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാകുന്നു. ശരാശരി ഉല്പാദനത്തിന്റെ കണക്ക് യാഥാർത്ഥ്യബോധത്തോടു കൂടിയതാണ്, പരിഗണിക്കാൻ പ്രയാസമുണ്ട്. എല്ലാതെങ്ങുകളും രോഗബാധയില്ലാത്തതും നല്ല ഉല്പാദനശേഷിയുള്ളതുമായിരുന്നാൽ ഇതിലും അധികം ഉല്പാദനശേഷിയുള്ളതുമായിരുന്നാൽ ഇതിലും അധികം ഉല്പാദനമുണ്ടായേക്കാം. വിദഗ്ദാഭിപ്രായമനുസരിച്ച് കേരളത്തിലെ ശരാശരി ഉല്പാദനം 35 നാളികേരം എന്നാണ്. തെങ്ങിനെ സംബന്ധിച്ചിടത്തോളം കേരളത്തിന് പ്രത്യേകപാരമ്പര്യം അവകാശപ്പെടാനുണ്ടെങ്കിലും ശരാശരി ഉല്പാദനത്തിൽ ഇന്ത്യയിൽ ഏറ്റവും പിന്നിൽ

ല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാ ഉല്പന്നങ്ങളും രാജ്യത്തിനാവശ്യമാണ്. അതുകൊണ്ട് എല്ലാകൃഷിയും ഒരു പോലെ സംരക്ഷണവും പ്രോത്സാഹനവും അർഹിക്കുന്നു.

39 ഹെക്ടർ സ്ഥലത്തു പച്ചക്കറികളും 25 ഹെക്ടറിൽ പയറും കൃഷി ചെയ്യുന്നുണ്ടെന്നാണ് കണക്ക്. ഇത്രയും സ്ഥലത്തു നല്ല വിളവുണ്ടാക്കാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ ഉപയോഗത്തിന്റെ ഭൂരിഭാഗം ഇവിടെ ലഭിക്കുന്ന ഉല്പന്നങ്ങൾ കൊണ്ടു തന്നെ നടക്കേണ്ടതാണ്. വളരെ പരിമിതമായി മാത്രമേ ഇവിടെ പച്ചക്കറി കൃഷി ചെയ്യുന്നുള്ളൂ. അതിനുള്ള സാധ്യതകൾ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് മറ്റു കൃഷികൾ.

വാഴ

പ്രകൃതി അനുകൂലമായിരുന്നാൽ ലാഭകരമായി നടത്താവുന്ന ഒരു കൃഷിയാണ് വാഴ. നമ്മുടെ നാട്ടിൽ വ്യാപാരവിളയായും ഭക്ഷ്യവിളയായും വാഴ കൃഷി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കർഷകർക്ക് ഭേദപ്പെട്ട ലാഭം കിട്ടുന്ന വിളയാണിത്. കാറ്റിന്റെ അക്രമണമാണ് വാഴ കൃഷിക്ക് നേരിടുന്ന പ്രധാന വെല്ലുവിളി. ഇതിനേർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് സംരക്ഷണത്തിന്റെ വ്യവസ്ഥകളിലും തുച്ഛമായ ആശ്വാസത്തിലും കർഷകർ സംതൃപ്തരല്ല. ഉൽപാദനം കൂടി വരുന്ന സീസണുകളിൽ ആവശ്യമായ വിപണന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ കർഷകർക്ക് അർഹിക്കുന്ന വില കിട്ടുന്നില്ല. പഴസംസ്കരണത്തിനും കയറ്റുമതിക്കും സാധ്യതയേറുന്നതു കൊണ്ട് ഈ കൃഷി കൂടുതൽ പ്രോത്സാഹനമർഹിക്കുന്നു. 84 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നതായാണ് കണക്ക്.

മരച്ചീനി

വ്യാപാര ആവശ്യത്തിനും ഭക്ഷ്യാവശ്യത്തിനും ഏതാനും വർഷങ്ങൾക്ക് മുമ്പുവരെ ഉപയോഗിച്ചിരുന്ന ഒരു പ്രധാനവിളയായിരുന്നു മരച്ചീനി. എന്നാൽ ഇന്ന് മരച്ചീനി ഒരു വിശിഷ്ടഭോജ്യമായി മാറിയിരിക്കുകയാണ്. കുണ്ടറ സ്റ്റാർച്ച് ഫാക്ടറിയുടെ പ്രവർത്തനം നിലച്ചതോടെ വ്യാപാരരംഗത്ത് മരച്ചീനിക്ക് പിടിച്ചു നില്പില്ലാതായി. നമ്മുടെ നാട്ടിൽ എവിടെയും കാണാമായിരുന്ന മരച്ചീനി ഇന്ന് അങ്ങിങ്ങായി 40 ഹെക്ടർ സ്ഥലത്ത് മാത്രം കൃഷി ചെയ്തു വരുന്നു..

രാജ്യത്തിന്റെ സമ്പദ്ഘടനയെ ഏറെ സ്വാധീനിച്ചിരുന്നതും നമ്മുടെ കർഷകർ ഒട്ടൊരു അവഗണനയോടെ കൈകാര്യം ചെയ്യുന്നതുമായ വിളകളാണ് കശുമാവും കുരുമുളകും. രണ്ടും കയറ്റുമതിയിലൂടെ രാജ്യത്തിന് വിദേശനാണ്യം നേടികൊടുക്കുന്നു. കേരളത്തിന് പ്രത്യേകിച്ചും കൊല്ലം ജില്ലയിൽ ഭാഗികമായെങ്കിലും തൊഴിൽ നല്കാൻ സഹായിക്കുന്നതുമാണ് കശുവണ്ടി. കുരുമുളകും കശുവണ്ടിയും കഴിഞ്ഞ വർഷങ്ങളിൽ നല്ല വില കിട്ടിയിട്ടുള്ള ഉല്പന്നങ്ങളാണ്. ഇവ നട്ടുവളർത്തി ക്കഴിഞ്ഞാൽ ചുമതല തീർന്നു എന്ന ഉദാസീന മനോഭാവം വളരെയധികം കർഷകർക്ക് ഇന്നും നിലനില്ക്കുന്നു. പല രോഗങ്ങൾ ബാധിച്ച് കൂട്ട നാശം സംഭവിക്കുന്ന അവസ്ഥ കുരുമുളക് കൃഷിക്ക് പലയിടത്തുമുണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിലും വർഷം തോറും കരുതൽ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണ്. വളപ്രയോഗം, കളനശിപ്പിക്കൽ താങ്ങു മരത്തിന് സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചാൽ കുരുമുളകിന്റെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. പൂവും കായും ഉണ്ടാകുന്ന കാലത്ത് മരുന്ന് തളിക്കുകയും വർഷം തോറും കൃത്യമായും വളപ്രയോഗം നടത്തുകയും ചെയ്താൽ ഇന്നുള്ള മരങ്ങളിൽ നിന്നു തന്നെ കശുവണ്ടിയുടെ ഉല്പാദനം ഇരട്ടിയാകാമെന്നാണ് വിദഗ്ദാഭിപ്രായം. അത്യുൽപാദനശേഷിയുള്ള യിനങ്ങൾ ലഭ്യമാകുന്ന എല്ലാസ്ഥലത്തും നട്ടുവളർത്തി സംരക്ഷിച്ചാൽ കശുമാവ് കൃഷിക്കാരന്റെ ആദായം വർദ്ധിക്കുകയും കശുവണ്ടി വ്യവസായത്തിന്റെ അഭിവൃദ്ധിക്ക് സഹായക മാവുകയും ചെയ്യും. പച്ചക്കറിയുടെ കാര്യത്തിൽ സംസ്ഥാനം സ്വയം പര്യാപ്തമാകണമെന്ന് ലക്ഷ്യത്തോടു കൂടി സർക്കാർ ഇപ്പോൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൃഷിഭവനും പഞ്ചായത്തും ശ്രദ്ധിച്ചാൽ എഴുകോൺ പഞ്ചായത്തിലെ ആവശ്യത്തിനുള്ള പച്ചക്കറികൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയും. വയലുകളിൽ മൂന്നാം വിളയായി വളരെ കുറച്ച് കൃഷിക്കാർ പുരയിടങ്ങളിൽ വർഷകാലത്ത് പയർ കൃഷി ചെയ്തിരുന്നു. പലകാരണങ്ങളാൽ

ഇപ്പോൾ അത് നടക്കുന്നില്ല. തെങ്ങിനിടയിൽ ഇടവിളയായി കൃഷി ചെയ്യുന്നത് നന്നായിരിക്കും. എന്നാൽ എലി, അണ്ണാൻ തുടങ്ങിയ അക്രമകാരികളിൽ നിന്നും വിളവ് രക്ഷിച്ചെടുക്കുന്നത് ശ്രമകരമാണ്. ഇഞ്ചി, കൈത തുടങ്ങിയവ. ചെറിയ തോതിൽ എല്ലാവാർഡുകളിലും കൃഷി ചെയ്തു വരുന്നു. ഇവയും ലാഭകരവും ഉപയോഗപ്രദവുമായ കൃഷിയാണ്. ഇഞ്ചിക്ക് പലതരം രോഗങ്ങൾ ബാധിച്ച് ചിലപ്പോൾ നഷ്ടപ്പെടാറുണ്ട്.

കൃഷി ഡിപ്പാർട്ടുമെന്റും ബാങ്കുകളും വായ്പയും മറ്റ് സഹായങ്ങളും നടത്തിച്ചു വരുന്ന ഒരു കൃഷിയാണ്. വെറ്റില കൃഷി. പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും വെറ്റില കൃഷി തൊഴിലായും ഉപതൊഴിലായും അദ്ധ്വാനവും ശ്രദ്ധയും ആവശ്യമുള്ള കൃഷിയാണിത്. രോഗം ബാധിച്ച് നശിച്ചു പോകാൻ വളരെയധികം സാധ്യത കൂടുതലാണ്. ടി കൃഷിക്ക് ഉപയോഗിക്കുന്നതുണ്ട്. ഭൂമിയിൽ മറ്റ് ഏത് കൃഷിക്ക് ഉപയോഗിച്ചാലും ലാഭകരമല്ല. വെറ്റില വിപണനസൗകര്യം നിലവിലുണ്ട്. ഈ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 പേർക്ക് വെറ്റിലകൃഷി ചെയ്യുന്നതിന് 1995-96 വർഷത്തിൽ 5000 രൂപ വീതം സബ്സീഡി നൽകിയിട്ടുണ്ട്.

പ്ലാവ്, മാവ്, കമുക് തുടങ്ങി ഒറ്റപ്പെട്ട് വളർത്തുന്ന പല വിളവുകൾ വേറെയുമുണ്ട്. നല്ലയിനം മാങ്ങായ്ക്ക് നല്ല വിപണി ലഭിക്കുന്നു. പഴവർഗ്ഗസംസ്കരണസങ്കേതത്തിലൂടെ ഇതിനും നല്ല മാർക്കറ്റുണ്ടാക്കുവാൻ കഴിയും. മഹാളിരോഗവും മറ്റും രോഗങ്ങളും കമുകിനെ നശിപ്പിക്കുന്നതു കൊണ്ടാണ് കമുക് കൃഷി വ്യാപകമല്ലാത്ത്. ഏതെങ്കിലും നമ്മുടെ വെറ്റില മുറുക്കുകാർക്ക് ആവശ്യമായ അടയ്ക്ക നമ്മുടെ മാർക്കറ്റുകളിൽ എത്തുന്നുണ്ട്.

വിളവിസ്തീർണവും ഉല്പാദനവും

വിള	വിസ്തീർണം	മൊത്തം ഉല്പാദനം
തെങ്ങ്	804 ഹെക്ടർ	50 Nat/plant
നെല്ല്	163 ,,	2400 kg/hector
വാഴ	89 ,,	
റബ്ബർ	60	920 kg/hector
കശുമാവ്	50 hector	920 kg/hector
മരച്ചീനി		40 ,, 20400 kg/ hector
പച്ചക്കറികൾ	39 ,,	250 kg/hector
കുരുമുളക്	32 ,,	285 kg/hector
പയർ	25 ,,	500 kg/hector
ഇഞ്ചി	10 ,,	3300 kg/hector
മാവ്	5 ,,	3121 kg/hector
എള്ള്	2 ,,	250 kg/hector
കൈത	2 ,,	250 kg/hector
വെറ്റിലകൃഷി	1	

വിളകൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ/കീടങ്ങൾ

1.	തെങ്ങ്	കൂമ്പു ചീയൽ, റൂട്ട് വിൽറ്റ് (കാറ്റുവീഴ്ച) മഞ്ഞളിപ്പ് ചെല്ലികുത്ത്, ചെമ്പൻചെല്ലി, മൈറ്റ്
2.	നെല്ല്	പോളരോഗം, പുള്ളികുത്തു രോഗം, ഓലചുരുട്ടിപ്പുഴു, മുഞ്ഞ, ചാഴി.
3.	കുരുമുളക്	ധൃതവാട്ടം (Quick wilt), slow wilt, വണ്ട്, മൈറ്റ്
4.	പയർ	മുഞ്ഞ

5. പച്ചക്കറികൾ പുഴുക്കുത്ത്, വാട്ടരോഗം, മുഞ്ഞ

6. കശുമാവ് തേയില കൊതുക് , steam blending, കമ്പ് ഉണക്കൽ

7. കമുക് മഹാളി, കുമിൾ രോഗം

പൊതുവായ പ്രശ്ന പരിഹാരങ്ങൾ

1. എല്ലാ കാർഷികോൽപന്നങ്ങളും വിൽക്കുന്നതിന് സൗകര്യം ലഭിക്കുന്നതരത്തിൽ പബ്ലിക് മാർക്കറ്റ് വിപുലപ്പെടുത്തുക.

2. വിള ഇൻഷ്വറൻസ് പദ്ധതികളെ സംബന്ധിച്ച് കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തുക.

3. കർഷകതൊഴിലാളികളുടെ കൂലിയും സേവന നിലവാരവും നിർണ്ണയിച്ചു നടപ്പാക്കുക.

4. മണ്ണൊലിപ്പു തടഞ്ഞ് മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുക.

5. കാർഷികയന്ത്രോപകരണങ്ങൾ സാർവത്രികമാക്കുക.

6. പഞ്ചായത്തിൽ തൊഴിൽ സേന രൂപീകരക്കുകയും സേനാംഗങ്ങൾക്ക് പ്രത്യേക തിരിച്ചറിയൽ കാർഡും മറ്റ് തൊഴിൽ രംഗത്തേക്ക് മുൻഗണന കിട്ടുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടാക്കുക.

7. കൃഷിഭവന്റെയും കൃഷിവികസ നസമിതികളുടെയും നേതൃത്വത്തിൽ ഇവിടുത്തെ ആവശ്യത്തിന് നടീൽ വസ്തുക്കൾ ഉണ്ടാക്കുക.

8. എലിയെ നശിപ്പിക്കുന്നതിന് കൂട്ടായ ശ്രമം നടത്തുക.

9. ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

10. പാടശേഖരങ്ങളിൽ ട്രാക്ടറും ട്രില്ലറും ഇറക്കുന്നതിന് വഴികൾ നിർമ്മിക്കുക.

11. ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ഏർപ്പെടുത്തുക.

12. ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിക്കാനുള്ള ബോധവൽക്കരണവും ധനസഹായവും നൽകുക,.

13. കൂൺകൃഷിയിലും ആദായകരമായ പുഷ്പ കൃഷിക്കും ആവശ്യമായ ബോധവത്ക്കരണവും ധനസഹായം നൽകുക.

14. ശീമകൊന്ന കൊണ്ടുള്ള വേലി (ജൈവവേലി) സാർവ്വത്രികമാക്കാനുള്ള നടപടിയെടുക്കുക. ഛാണകം, പച്ചില വളം എന്നിവ പ്രോത്സാഹിപ്പിക്കുക.

16 ഓരോ സീസണിലും ആവശ്യമുള്ള രാസവളങ്ങളും കീടനാശിനികളും ഡിപ്പോകളിൽ സ്റ്റോക്കുണ്ടാകുമെന്ന് ഉറപ്പു വരുത്തുക.

17. നെല്ല് കൃഷിക്കാർക്ക് സെന്റിന് 1 രൂപ ക്രമത്തിൽ ഇപ്പോൾ നൽകുന്ന ധനസഹായം 3 രൂപായെങ്കിലും ആയി വർദ്ധിപ്പിക്കുക.

18. പഞ്ചായത്തിൽ ഒരു സ്പ്രേയർ സ്കാഡ് രൂപീകരിക്കുക.

19. തരിശ്, പുറമ്പോക്ക്, പുതുവൽ, സ്ഥലങ്ങളിൽ പാഴ്മരങ്ങൾ വെട്ടിമാറ്റി കശുമാവ് കൃഷിനടത്തുവാൻ നടപടി സ്വീകരിക്കുക.

കാർഷിക മേഖലയിൽ പ്രോത്സാഹനങ്ങൾ

1995-96 സാമ്പത്തിക വർഷത്തിൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നമ്മുടെ പഞ്ചായത്തുവഴി ക്രോപ്പ് കോമ്പറ്റീഷൻ പദ്ധതിയമുസരിച്ച് മെച്ചപ്പെട്ട 6 കർഷകന് 500 രൂപാ വീതം പ്രോത്സാഹന സമ്മാനം നൽകി.

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി ലക്ഷ്യമാക്കി സ്കൂൾ കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പച്ചക്കറി ഉല്പാദനമത്സരത്തിൽ 3 സ്കൂൾ കുട്ടികൾക്ക് 550, 250, 200 ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി.

ഓണത്തിനൊരു കുല പദ്ധതിയനുസരിച്ച് 50 സ്കൂൾ കുട്ടികൾക്ക് 3 വാഴക്കന്ന് വീതം നൽകുന്നു.

8. മൃഗസംരക്ഷണവും ക്ഷീരവികസനവും

കൃഷിക്കാരന്റെ സമ്പത്തിൽ പ്രധാനസ്ഥാനം കന്നുകാലികൾക്കുണ്ട്. ഭാരതത്തിൽ പുരാതനകാലം മുതൽ തന്നെ കന്നുകാലികളെ പോറ്റി വളർത്തിയിരുന്നു. മനുഷ്യൻ തന്റെ ആവശ്യത്തിനുപയോഗിക്കാവുന്ന എല്ലാ ജീവിയെയും ഇണക്കി സംരക്ഷിച്ചു പോന്നു. ആന, കുതിര, കാള പോത്ത്, പശു, എരുമ, ആട്, പട്ടി തുടങ്ങിയവയെല്ലാം ഉപയോഗമുള്ളതാണെന്നു കണ്ടതു കൊണ്ട് അവയെ വേണ്ട വിധം പരിപാലിച്ചു പോന്നിട്ടിണ്ടു. യുദ്ധഭൂമി മുതൽ കൃഷി ഭൂമി വരെ അവയെ ഉപയോഗിച്ചിരുന്നു. രുചിയും ഗുണവുമുള്ള പാൽ തന്നിരുന്ന പശുവിനെ ഗോമാതാവായി പൂജിക്കാനും ഭാരതീയൻ മടിച്ചിട്ടില്ല. മൃഗസംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു പണ്ടു നാടുവാണിരുന്ന രാജാക്കന്മാർ നാടിന്റെ പലഭാഗങ്ങളിലും മേച്ചിൽ സ്ഥലങ്ങൾ തിരിച്ചിട്ടിരുന്നു. നമ്മുടെ പഞ്ചായത്തിൽ നാലാം വാർഡിന്റെ കിഴക്കു ഭാഗത്തു നൂറ് ഏക്കർ സ്ഥലം ഇങ്ങനെ നീക്കിയിട്ടിരിക്കുന്നതാണ്. ജനസംഖ്യവർദ്ധിച്ചതോടെ മേച്ചിൽ സ്ഥലം കുറഞ്ഞു വന്നു. എങ്കിലും ജനകീയ ഭരണം വന്നതിനു ശേഷമാണ് മേച്ചിൽ മുഴുവൻ നഷ്ടപ്പെട്ടത്.

കർഷകന് കന്നുകാലികളെക്കൊണ്ട് പ്രധാനമായും നാലുവിധമായ ഉപയോഗമാണുണ്ടായിരുന്നത് (1) വണ്ടിവലിക്കുക (ഭാരം ചുമക്കുക) (2) ഉഴവു നടത്തുക (3) പാൽ ഉപയോഗിക്കുക (4) വളം (ചാണകം) സംഭരിക്കുക. മോട്ടോർ വാഹനങ്ങളുടെ ആവിർഭാവത്തോടെ കാളവണ്ടിയുഗം അവസാനിച്ചു. അങ്ങനെ കാളവണ്ടിയും വണ്ടിക്കാളയും കുറയാൻ തുടങ്ങി. ഇപ്പോൾ എഴുകോൺ പഞ്ചായത്തിൽ കാളവണ്ടിക്കു സ്ഥാനമില്ല. ടില്ലറും, ട്രാക്ടറും ഉഴവുമാടുകളുടെ സ്ഥാനവും കയ്യടക്കി. ചില വാർഡുകളിൽ മാത്രം ഉഴവു ജോലിക്കു കാളകളെ ഉപയോഗിക്കുന്നു. കലപ്പയും കാഴ്ചവസ്തുവാണ്. ജൈവവളം ഉപയോഗിക്കാത്തതു കൊണ്ട് പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ടെങ്കിലും ചാണകം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതു കൃഷി സ്ഥലത്തെത്തിക്കുന്നതിനും വാരിയിടുന്നതിനും കഴിയുന്നില്ല. പാലിനും മാംസത്തിനും വേണ്ടി മാത്രമാണ് ഇപ്പോൾ കന്നുകാലികളെ വളർത്തുന്നത്. അതുകൊണ്ട് കാള പോത്ത് തുടങ്ങിയവയുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്.

നാടൻ പശുക്കളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളാണ് അധികവും. പശുക്കളുടെ വർഗ്ഗമേന്മ ഉയർത്തുന്നതിൽ ശാസ്ത്രം കൈവരിച്ച നേട്ടം എഴുകോൺ പഞ്ചായത്തും ഉൾക്കൊണ്ടിരുന്നു. പശുവളർത്തൽ ലാഭകരമല്ലാത്ത ഒരു തൊഴിലായി മാറിയിരിക്കുന്നു. പാലിന്റെ ഉല്പാദനം ചെലവും ഉല്പാദകനു കിട്ടുന്ന വിലയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വയ്ക്കോലിനും കാലിത്തീറ്റകൾക്കും ഭാരിച്ച വില നൽകണം. പാൽ വിപണനത്തിനു ബുദ്ധിമുട്ടൊന്നുമില്ല. ഈ പഞ്ചായത്തിൽ നാലു ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാലുല്പാദകൾക്ക് ഈ സംഘങ്ങളിൽ പാൽവിൽക്കാം. സംഘങ്ങൾ ഉല്പാദകരിൽ നിന്നു വാങ്ങുമ്പോൾ കർഷകൾക്കു കൊടുക്കുന്ന വിലയും സംഘങ്ങൾ ഉപഭോക്താക്കൾക്കു വിൽക്കുന്ന വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ അന്തരം കുറക്കേണ്ടതാണ്. ഈ സംഘങ്ങൾ പ്രാദേശിക വില്പന കഴിഞ്ഞ് അധികമുള്ള പാൽ മിൽമയുടെ പ്ലാന്റിലേക്കു കയറ്റി അയക്കുകയാണ്. ഈ പഞ്ചായത്തിലെ ആവശ്യത്തിൽ കവിഞ്ഞ് ഇവിടെ പാലുല്പാദിപ്പിക്കുന്നു എന്നുള്ളതിൽ നിന്നൂഹിക്കാം.

ആടുവളർത്തലിൽ ഏർപ്പെട്ടിട്ടുള്ള അനേകം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. നാടൻ ഇനങ്ങളാണിതിലധികവും. പാലിനു വേണ്ടിയല്ല ആടു വളർത്തുന്നത്. ഒരു വ്യാപാര

സ്വഭാവമാണിതിനുള്ളത്. രണ്ടുമൂന്നു ലിറ്റർ പാൽ ലഭിക്കുനന ആടുകളെയും ഇക്കൂട്ടത്തിൽ കാണാം. ആടിനു തീറ്റ വാങ്ങിക്കൊടുക്കുന്നതും ഭാരിച്ച ചെലവുള്ളതാണ്. പണ്ടത്തെ പോലെ പച്ചിലകിട്ടാൻ സാധ്യതയില്ല. മറ്റുതീറ്റകൾക്കു വമ്പിച്ച വിലയുമാണ്. ഒരു പ്രസവത്തിൽ രണ്ടും അതിൽ കൂടുതലും കുട്ടികളെ കിട്ടുന്ന ആടുകളാണ് ഈ തൊഴിൽ ലാഭകരമാക്കുന്നത്. പശുവിന്റെ വർഗ്ഗഗുണം വർദ്ധിപ്പിക്കുന്നതു പോലെ അത്യുല്പാദനശേഷിയുള്ള ഇനം ആടിനെ ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമം നടന്നു കാണുന്നില്ല.

പഞ്ചായത്തിലെ ചില വാർഡുകളിൽ ഇറച്ചിക്കൊഴി വളർത്തുന്ന യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കോഴിത്തീറ്റയ്ക്കും വലിയ വില നല്കേണ്ടി വരുന്നതു കൊണ്ടു ലാഭം കുറവാണെന്നാണു പറയുന്നത്. ചിലയവസരം വിപണനത്തിനു ബുദ്ധിമുട്ടുണ്ടാകുന്നുമുണ്ട്. മുട്ടക്കോഴി വളർത്തുന്ന വലിയ യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല. വീടു പരിസരത്തു വളർത്താവുന്ന നാടൻ കോഴികളെ മിക്കവീടുകളിലും വളർത്തി വരുന്നു. പഞ്ചായത്തിലെ ആവശ്യത്തിനുള്ളതിൽ ചെറിയ ഒരു ഭാഗം മുട്ട മാത്രമാണിവിടെ ഉല്പാദിപ്പിക്കുന്നത്. ബാക്കി മറ്റു സ്ഥലങ്ങളിൽ നിന്നു വരുത്തി വിപണനം നടത്തുകയാണ്. ചുരുക്കം ചില വീടുകളിൽ താറാവിനെയും വളർത്തുന്നുണ്ട്. പട്ടി വളർത്തലിൽ പഞ്ചായത്ത് ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്താത്തതു കൊണ്ട് അനേകം നായ്ക്കൾ പൊതുവഴികളിൽ അലഞ്ഞു നടക്കുന്നു. പട്ടിപിടുത്തം ഫലപ്രദമായി നടത്തുന്നതുമില്ല. ഇതു അപകടകരമായ അവസ്ഥയാണ്. പേപ്പട്ടി ശല്യം വർദ്ധിക്കാൻ സാധ്യതയുണ്ട്. ആവശ്യമായ കരുതൽ നടപടി സ്വീകരിക്കണം.

പ്രശ്നങ്ങളും പരിഹാരങ്ങളും.

1. പാലുല്പാദനത്തിന്റെ ചെലവു കുറയ്ക്കുന്നതിന് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കണം.
2. പുല്ലുൽപാദിപ്പിക്കുന്നതിന് സഹായം നൽകണം. പുൽവിത്തും വളവും കർഷകർക്കു സഹായവിലയ്ക്കു നൽകണം.
3. മിനി ഡയറി യൂണിറ്റ് നടത്തുന്നതിന് സഹായവും പ്രോത്സാഹനവും നൽകണം.
4. Q75-ാം നമ്പർ എഴുകോൺ കോക്കനട് പ്രൊസസ്സിംഗ് ഫീഡ് മിക്സിംഗ് ആൻഡ് മാർക്കറ്റിംഗ് സംഘത്തിന്റെ ഫീഡ് മിക്സിംഗ് യൂണിറ്റ് സംരക്ഷിക്കുക.
5. പ്രസ്തുത സ്ഥാപനത്തിൽ കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.
6. നല്ല തൊഴുത്തു നിർമ്മിക്കുന്നതിനു സാമ്പത്തിക സഹായം നൽകുക.
7. നല്ലയിനം ആടുകളെ വളർത്തുന്നതിന് സഹായവും പരിശീലനവും നൽകുക.
8. ഗോട്ട്ഫാം പ്രചാരത്തിൽ വരുത്താമോ എന്നു പരിശോധിക്കുക.
9. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് ആവശ്യമായ സൗകര്യങ്ങൾ എല്ലാം ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുക.
10. പഞ്ചായത്തിന്റെ കിഴക്കേയറ്റത്തു സ്ഥാപിച്ചിട്ടുള്ള ആശുപത്രിയിൽ അവശതയുള്ള മൃഗങ്ങളെ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടു കണക്കിലെടുത്ത് ആശുപത്രി പഞ്ചായത്തിന്റെ മധ്യഭാഗത്ത് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.
11. ഈ പഞ്ചായത്തിന്റെ മധ്യഭാഗത്ത് മാറ്റിസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.
12. ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളുലമുള്ള കോഴി വളർത്തു യൂണിറ്റുകൾക്ക് കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു നൽകാനുള്ള സൗകര്യങ്ങളോടു കൂടി ഇരുമ്പനങ്ങാട് കോഴി വളർത്തു കേന്ദ്രം പുനഃസ്ഥാപിക്കുക.

പ്രകൃതിദത്തമായ ജലാശയങ്ങളുടെ അഭാവം മൂലം ഈ പഞ്ചായത്തിൽ മത്സ്യബന്ധനം നടക്കുന്നില്ല. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലും ചില വ്യക്തികളുടെ അധീനതയിലുമുള്ള കുളങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. വയലുകളിൽ വാഴ കൃഷി ചെയ്യുന്ന വാരകൾക്കിടയിലുള്ള സ്ഥലവും മത്സ്യം വളർത്തലിനുപയോഗിക്കാൻ കഴിയുമെന്ന് ചില വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നുണ്ട്. ഇന്നുള്ള മത്സ്യ

ദൗർബല്യവും വർദ്ധിച്ച വിലയും പരിഗണിച്ച് ലഭ്യമായ എല്ലാ സൗകര്യങ്ങളും ഈ ആവശ്യത്തിനുപയോഗിക്കേണ്ടതാണ്. കുറേ ആളുകൾക്കെങ്കിലും പഴകാത്ത നല്ല മത്സ്യം ഉപയോഗിക്കാൻ സൗകര്യമുണ്ടാക്കി കൊടുക്കാൻ കഴിയുന്നതു നല്ല കാര്യമായിരിക്കും.

9-ാം പദ്ധതി ജനകീയ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ക്ഷീരവികസന വകുപ്പ് 8-ാം പദ്ധതിക്കാലത്ത് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം താഴെപ്പറയുന്നു. മൃഗസംരക്ഷ ക്ഷീരവികസന മേഖലയിൽ മൃഗസംരക്ഷണവകുപ്പും ക്ഷീരവികസന വകുപ്പുമാണ് പദ്ധതി നടത്തുന്ന സർക്കാർ വകുപ്പുകൾ. പാലുല്പാദനം അടുത്ത 5 വർഷത്തിനകം 38 ലക്ഷം ടണ്ണാക്കി ഉയർത്തണമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം പുരോഗമിക്കുന്നത്. 1962 ൽ 2 ലക്ഷം M.T. ആയിരുന്ന പാലുല്പാദനം 1995ൽ 21.5 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണസംഘങ്ങളുടെ കൂട്ടായ പ്രവർത്തനവും അതിലൂടെ 7 ലക്ഷം ക്ഷീരകർഷകരെ സഹകരണപ്രസ്ഥാനത്തിന്റെ കീഴിൽ കൊണ്ടു വരുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്.

8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം

ക്ഷീരവികസന പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 631 ലക്ഷം രൂപയാണ് നീക്കിവച്ചിരുന്നത്. ഒരു ബ്ലോക്കിൽ ഒരു ക്ഷീരവികസന ആഫീസ് എന്ന നിലയിലാണ് ഇപ്പോഴത്തെ ക്രമീകരണം. കൊട്ടാരക്കര ബ്ലോക്കിലെ ക്ഷീരവികസന ആഫീസ് കൊട്ടാരക്കര പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഒരു ക്ഷീരവികസന ആഫീസറും 2 ഡയറിഫാം ഇൻസ്ട്രക്ടർമാരുമുള്ള ഒരു ഗ്രൂപ്പ് ആണ് ബ്ലോക്കിലെ 6 പഞ്ചായത്തുകളിലും പദ്ധതികൾ നടത്തുന്നത്. കൃഷിഭവൻ മാതൃകയിൽ എല്ലാ പഞ്ചായത്തിലും ഒരു ക്ഷീരവികസന ആഫീസിനു വേണ്ട പ്ലാൻ തയ്യാറാക്കാവുന്നതാണ്.

പദ്ധതികൾ

1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

2. കർഷക സമ്പർക്ക പരിപാടി

ക്ഷീരവികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള ശാസ്ത്രീയമായ അറിവ് കൃഷിക്കാർക്ക് മനസ്സിലാക്കുന്നതിനുമുള്ള ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ ഓരോ പഞ്ചായത്തിലേയും ക്ഷീര സഹകരണ സംഘങ്ങളും സഹകരണത്തോടെ നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ധനസഹായ തുകയായി 200/- രൂപ അനുവദിക്കുന്നു.

ബി. നാടൻ ക്ഷീരോല്പന്ന നിർമ്മാണ ക്ലാസ്സ്/ പ്രദർശനങ്ങൾ

ഗ്രാമീണ ജനതയിൽ പാൽ കേടുകൂടാതെ വയ്ക്കുന്നതിനും പാലിന്റെ ഉപഭോഗം കൂട്ടുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും വേണ്ടി ക്ഷീരോല്പാന്നങ്ങൾ നിർമ്മിക്കുന്ന രീതികൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും പഠിപ്പിക്കുന്നതിനും വേണ്ടി വനിതകളെ ഉദ്ദേശിച്ചു കൊണ്ടുള്ള ക്ലാസ്സ്/ പ്രദർശനങ്ങൾ ഇവ നടത്തുന്നു. ഇതനുവേണ്ടി സാധനങ്ങൾ വാങ്ങുന്നതിന് ധനസഹായം 100 രൂപ.

സി. കന്നുകാലി പ്രദർശനം ക്ഷീരവികസന സെമിനാർ

നല്ലയിനം കറവമാടുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതും ശാസ്ത്രീയ സമീപനത്തോടുകൂടി വളർത്തുന്നതിനും പശുവളർത്തലിൽ താല്പര്യം ജനിപ്പിക്കുന്നതിനുമായി ബ്ലോക്കുതലത്തിൽ ക്ഷീരോത്സവം നടത്തുന്നു. ഈ പരിപാടിയിൽ കന്നുകാലി കന്നുകുട്ടി പ്രദർശനം ക്ഷീരവികസനമെസിനാർ സമ്മാനദാനം എന്നീ ഇനങ്ങൾ ഉണ്ടായിരിക്കും. ബ്ലോക്കിലെ ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ പദ്ധതി നടത്തുന്ന സർക്കാർ വിഹിതം 900/-രൂപ.

II. മാതൃകാ ഡെയറി ഫാം യൂണിറ്റുകൾ

ക്ഷീരോല്പാദന രംഗത്തേക്ക് പ്രവേശിക്കുന്ന കർഷകനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഈ പദ്ധതിയിൽ ശാസ്ത്രീയമായ രീതിയിൽ പശുവിനെ

വളർത്തുന്നതിനുള്ള പദ്ധതികളാണ്. മാതൃകാ കാലിത്തൊഴുത്ത്, രണ്ടു പശു, ഇൻഷ്വറൻസ്, 50 സെന്റിൽ തീറ്റപുൽകൃഷി, പമ്പുസെറ്റ് ഇവ കർഷകൻ ലോണായോ അല്ലാതെയോ നടപ്പാക്കണം സർക്കാർ ധനസഹായമായി 7000/- രൂപ.

3. മാതൃകാ കാലിത്തൊഴുത്ത്

2 പശുവിനെ സംരക്ഷിക്കുന്നതിനാവശ്യമായ സ്ഥലത്തോടു കൂടി ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്ന കാലിത്തൊഴുത്തിന് ധനസഹായമായി 1250/-രൂപ നൽകുന്നു.

4. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി പദ്ധതി.

ക്ഷീരോല്പാദകസഹകരണസംഘങ്ങൾ സ്ഥലം പാട്ടത്തിനെടുത്തും കർഷകർ സ്വന്തം കൃഷിയിടത്തിലോ പാട്ടസ്ഥലത്തോ ശാസ്ത്രീയമായ രീതിയിൽ പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. അടിസ്ഥാനസൗകര്യത്തിനും കൃഷി ചെലവുകൾക്കും മറ്റുമായി ഹെക്ടറിന് 15000/- രൂപ ധനസഹായം ലഭിക്കുന്നു. 5 ഹെക്ടർ സ്ഥലം വരെ കൃഷി ചെയ്യാവുന്നതാണ്. ഇപ്പോൾ നടത്തുന്ന സ്കീമിന്റെ പാളിച്ചകൾ. ചിലവഴിക്കുന്ന തുകയുടെ 50% ആണ് സബ്സിഡി അനുവദിക്കുനനത് ആയതിനാൽ കണക്കുകൾ എഴുതുമ്പോൾ ഇരട്ടി എഴുതാനുള്ള പ്രവണത കർഷകനും സംഘത്തിനും ഉണ്ടാവുന്നു. ശരിയായ രീതിയിൽ ശ്രദ്ധിക്കാമെങ്കിൽ ലാഭകരമാക്കാവുന്ന ഒരു പദ്ധതിയാണിത്. ക്ഷീരസഹകരണസംഘങ്ങൾ വഴി പുല്ല് വിറ്റഴിക്കാം.

5. പുൽകൃഷി വികസന പദ്ധതി.

ദീർഘകാല ഹ്രസ്വകാല കൃഷികൾ ചെയ്യുന്നതുമൂലം പല ഗുണങ്ങൾ കർഷകന് ലഭിക്കുന്നു. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും തരിശു ഭൂമിയിൽ തനിവിളയായും കൃഷിചെയ്യാവുന്ന മേൽത്തരം പുൽ വിത്തിനങ്ങൾ വിതരണം ചെയ്യുന്നു. ഇതുമൂലം കർഷകന് ലഭിക്കുനന ഗണങ്ങൾ

1. കാലിതീറ്റയുടെ ചിലവ് കുറയ്ക്കാം.
2. താരുക തുടങ്ങിയ തീറ്റ കാലികൾക്കു നൽകുന്നതു വഴി പാലുല്പാദനം കൂടുന്നു.
3. മണ്ണിൽ ജലാംശം നിലനിർത്തുന്നു.
4. മണ്ണൊലിപ്പു തടയുന്നു.

മേൽതരം കറവമാടുകളെ വളർത്തുന്ന കർഷകന് ലാഭകരമാകണമെങ്കിൽ പുൽകൃഷി നടത്തണം. ഒരു ഹെക്ടർ സ്ഥലത്തു നിന്നും 60 മുതൽ 80 ടൺ വരെ പച്ച പുല്ല് ജലസേചന ത്തോടെ ഉല്പാദിക്കുവാൻ കഴിയും.

1. ദീർഘകാല പുല്ലിനങ്ങൾ

ഗിനി, കോംഗോസിഗ്നൽ, നേപ്പിയർ, വിത്ത് 1 പാക്കറ്റ് 9 രൂപ ക്രമത്തിലും 10 രൂപ സബ്സിഡി വളമായും നൽകുന്നു.

2. ഹ്രസ്വകാല പുല്ലിനങ്ങൾ

മക്കച്ചോളം, വൻപയർ ഇവ കൃഷി ചെയ്യാനുള്ള വിത്തും വളവും ധനസഹായമായി കൊടുക്കുന്നു. പാടത്ത് നെൽകൃഷി കഴിഞ്ഞുള്ള സമയങ്ങളിൽ വൻപയർ കൃഷി ചെയ്യാം നല്ല കാലിതീറ്റ ലഭ്യതയും മണ്ണിന് പോഷകമൂല്യവും ലഭിക്കും. വൻപയർ വിള 1 കിലോ 12.50 സബ്സിഡി ഹെക്ടറിന് 300/-മക്കച്ചോളം വിള കിലോ 7 സബ്സിഡി ഹെക്ടറിൽ 700/-ഒന്നാം വിള, രണ്ടാം വിള, മൂന്നാം വിള രൂപയായി നൽകുന്നി.

3. പുൽ പയർ മിശ്രിതം

പുല്ലും പയറുവർഗ്ഗങ്ങളും ചേർത്ത കാലിതീറ്റ ഏറ്റവും പോഷകഗുണം നിറഞ്ഞതാണ്. ഒരു ദീർഘകാല പുൽകൃഷിയായതു കൊണ്ട് ധാരാളം കാലിതീറ്റ ലഭിക്കുനനു. പുൽവിത്ത് കൃഷി ചെയ്യുന്നതിന് നൽകുന്നു. 1 പാക്കറ്റ് വില 9/-സബ്സിഡി 10/-.

വാട്ടർഷെഡ് പ്രദേശത്ത് മണ്ണൊലിപ്പു തടയുന്നതിനും കാലിതീറ്റ ചിലവു കുറക്കുന്നതിനും പുൽകൃഷി പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ചെറുകിട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സമ്മിശ്ര കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കാം. രണ്ടോ, മൂന്നോ പശുക്കൾ ഉണ്ടെങ്കിൽ ആവശ്യത്തിന് കാലിവളം, ഒരു ബയോഗ്യാസ് പ്ലാന്റ്, ഗ്യാസ് പ്ലാന്റിൽ നിന്നും പുറത്തേക്കു വരുന്ന വളം തെങ്ങിനും പുല്ലിനും ഉപയോഗിക്കാം. പശുക്കളുടെ മൂത്രം വെള്ളം ചേർത്ത് പുൽകൃഷിക്ക് തളിക്കാം. ഉല്പാദന ചിലവു കുറക്കണമെങ്കിൽ ശാസ്ത്രീയമായ പുൽകൃഷി സമ്പ്രദായം നടപ്പിൽ വരുത്തണം.

4. സുബാബുൾ പീലിവാക

20% പ്രോട്ടീൻ ഉള്ള പയർവർഗ്ഗത്തിൽപ്പെട്ട, വൃക്ഷകാലിതീറ്റ വിളയാണ് പീലിവാക. നീർമറി പ്രദേശത്ത് മണ്ണൊലിപ്പു തടയുന്നതിനും തട്ടുതട്ടുകളായി ഉള്ള സ്ഥലത്തും വേലിക്കു പകരമായും പീലിവാക നട്ടു വളർത്താം. കാലികൾക്കും ആടുകൾക്കും പറ്റിയ കാലിതീറ്റയാണ്. വിറക് ലഭിക്കും. 2 മീറ്റർ ഉയരം വച്ച മുറിച്ചു കാലിതീറ്റയായും കുരുമുളക് വളർത്താനുള്ള താങ്ങുമരമായും പുയോഗിക്കാം. നേഴ്സറികൾ വഴി വിത്ത് വിതരണം ചെയ്യാ.

V. ദേശീയ തീറ്റ പുൽകൃഷി വികസന പരിപാടി.

വക്കോൽ സംപുഷ്ടീകരിച്ച് കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്. വക്കോൽ യൂറിയ തളിച്ച് സംപുഷ്ടീകരിച്ച കാലികൾക്കു നൽകുന്നതു വഴി കാലിതീറ്റ കുറക്കുന്നതിനും ചിലവു കുറക്കുന്നതിനും സാധിക്കും. ഇതിനു വേണ്ടി സാധനങ്ങൾ വാങ്ങുന്നതിന് 500/-രൂപ. സബ്സിഡി നൽകുന്നു.

VI. സൈലേജ് പിറ്റ് നിർമ്മിക്കുന്നതിന്

അധികമുള്ള പച്ചപുല്ല് വരൾച്ചക്കാലത്ത് നൽകുന്നതിനു വേണ്ടി സൈലേജാക്കി മാറ്റുന്നതിനു വേണ്ടി പിറ്റ് നിർമ്മിക്കുന്നതിന് ധനസഹായമായി 500/- രൂപ നൽകുന്നു. സൈലേജ് പശുക്കൾക്ക് ഇഷ്ടമുള്ള ആഹാരമാണ്. പച്ചപുല്ലിന്റെ പോഷകമൂല്യം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനും വരൾച്ച കാലത്തേക്ക് പച്ചപുൽ ലഭ്യത കുറയുമ്പോൾ കൊടുക്കുന്നതിനുമുള്ള പദ്ധതിയാണിത്.

VII. ഹെനിർമ്മാണം

അധികമുള്ള പച്ചപുല്ല് ഉണക്കി സൂക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഒരു ടൺ ഹെ നിർമ്മിക്കുന്നതിന് 200/- രൂപ ധനസഹായം.

VIII. വിറ്റാമിൻ മിനറൽമിക്ചർ വിതരണ പദ്ധതി

പശുക്കളിലെ ധാതു ലവണകുറവു നികത്തുന്നതിനും വളർച്ച ത്വരിതപ്പെടുത്തുന്നതിനും വേണ്ടി കർഷകർക്ക് സൗജന്യ നിരക്കിൽ വിറ്റാമിൻ സപ്ലിമെന്റ്-മിനറൽ മിക്ചർ ഇവ നൽകുന്നു. ഒരു കുപ്പി വിറ്റാമിൻ സപ്ലിമെന്റ് 28 രൂപക്കും മിനറൽ മിക്ചർ 8 രൂപക്കും നൽകുന്നു.

IX. ശുദ്ധമായ പാലുല്പാദന കിറ്റ് വിതരണം.

നല്ല ഗുണനിലവാരമുള്ള ശുദ്ധമായ പാലുല്പാദനം നടത്തുന്നതിനു വേണ്ടി കർഷകർക്ക് 10 രൂപ നിരക്കിൽ കിറ്റുകൾ നൽകുന്നു. ഒരു കിറ്റിൽ ഒരു കയർ, ബ്രെഷ്, ലോഷൻ, കുപ്പി, പൊട്ടാസ്യം പെർമാഗനേറ്റ് ഇവ ഉണ്ട്.

X. ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റുകൾ

സംസ്ഥാനത്ത് 1993 മുതൽ ക്ഷീര വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ്. 95-96ൽ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് 1000 ക്ഷീരോല്പാദക നിർമ്മാണവിപണന യൂണിറ്റുകൾ സ്ഥാപിച്ചു. ഓരോ പഞ്ചായത്തിലും രണ്ടോ അതിലധികമോ യൂണിറ്റുകൾ ഉണ്ട്. അഭ്യസ്ത വിദ്യരായ 4 യുവതികൾക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടും പാലുല്പന്നങ്ങളുടെ നിർമ്മാണവിപണനത്തോടെ വിപണന സാദ്ധ്യത വർദ്ധിക്കുനനതോടൊപ്പം ഉപഭോഗം കൂട്ടുന്നതിനും സാധിക്കും. മിച്ചം വരുന്ന പാൽ പാലായിട്ടല്ലാതെ ഉല്പന്നങ്ങളാക്കുമ്പോൾ ദീർഘനാൾ സൂക്ഷിക്കുന്നതിനും, തദ്വാര വരുമാനം കൂടുന്നതിനും സാധിക്കുന്നു. 4 പേർക്ക് തൊഴിലും ലഭിക്കുനനു. ഉപകരണങ്ങൾ വാങ്ങുന്നതിന് യൂണിറ്റിൽ 20250/- രൂപയും പരിശീലനത്തിനുള്ള ചിലവിനത്തിൽ 4 പേർക്ക് 1500 രൂപയുമാണ് ധനസഹായം നമ്മുടെ പഞ്ചായത്തിൽ രണ്ട് യൂണിറ്റുകൾ ഉണ്ട്.

ഇപ്പോൾ ഉള്ള ന്യൂനത പദ്ധതി

1. ഒരു സ്പോൺസറിംഗ് ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന കുട്ടികൾക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനാവശ്യമായ വിപണി ഇല്ല.
2. തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് ഇതിൽ നല്ല താല്പര്യവും ആവശ്യകരാറും ഉണ്ടായിരിക്കണം.
3. നാട്ടിൽപുറങ്ങളിൽ വിപണി കണ്ടെത്തണം.

XI. കൃത്രിമ ബീജാധാന പരിപാടി

1974-ൽ ക്ഷീര വികസന വകുപ്പ് ഓരോ പഞ്ചായത്തിലും രണ്ട് കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരെ നിയമിച്ചിരുന്നു. സ്വയം തൊഴിൽ പദ്ധതിയിലുള്ള ഇവർ മിക്കവരും ഇപ്പോൾ മൃഗസംരക്ഷണവകുപ്പിൽ ലൈവുസ്റ്റോക്കു ഇൻസ്പെക്ടറായി പോയി. എഴുകോൺ പഞ്ചായത്തിൽ ഇപ്പോൾ ഒരു കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് ഉണ്ട്. ഇവരുടെ സേവനവേതന നിലയിൽ മാറ്റം വന്നിട്ടില്ല. കൃത്രിമ ബീജാധാന രംഗത്ത് ഇവരുടെ സേവനങ്ങൾ വിലപ്പെട്ടതാണ്. ഇത്തരം പദ്ധതികൾ കൃഷിക്കാർക്ക് ഗുണകരമാണ്. വീടുകളിൽ പോയി ബീജാധാനം നടത്തുന്ന ഈ പദ്ധതി വളരെ വിജയപ്രദമാണ്.

XI. ക്ഷീരസഹകരണസംഘങ്ങളും അവക്കുള്ള ധനസഹായവും

നമ്മുടെ പഞ്ചായത്തിൽ രണ്ടും മൂന്നും വാർഡുകൾക്കു കൂടി ക്ഷീരോല്പാദക സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്ഷീരോല്പാദനം, വിപണനം, സംഭരണം, വിതരണം, ഗുണനിയന്ത്രണം, പിരശീലനം എന്നീ മേഖലകളെ പരിപോഷിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം, രജിസ്ട്രേഷൻ, പിരശോധന ഇവ ക്ഷീരവികസന വകുപ്പ് നടത്തുന്നു.

1. ഉപകരണങ്ങൾ വാങ്ങുന്നതിന്

   1. ഫർണിച്ചർ 5000/- രൂപ ധനസഹായം
   2. ഫ്രീസർ/കൂളർ 15000/- രൂപ
   3. മിൽകോടെസ്റ്റർ പാൽ പരിശോധന നടത്തുന്നതിന് 15000/- രൂപ
   4. ഫ്രിഡ്ജ് 5000/- രൂപ.

2. വർകിംഗ് കാപ്പിറ്റൽ പ്രവർത്തനമൂലധന ഗ്രാന്റ് 10,000/- രൂപ.

3. മാനേജീരിയൽ സബ്സിഡി

   സെക്രട്ടറിക്കു ശമ്പളം നൽകുന്നതിന് സഹായിക്കുന്നതിന്.

4. ഫോഡർ ബാങ്ക്

   കാലിതീറ്റ സൂക്ഷിക്കുന്നതിന് ഫോഡർ ബാങ്ക് നിർമ്മിക്കുന്നതിന് 15000/- രൂപ നൽകുന്ന പദ്ധതി.

5. പാൽ പാത്രങ്ങൾ വാങ്ങുന്നതിന് ക്യാനുകൾ വാങ്ങുന്നതിന്

6. കെട്ടിടനിർമ്മാണത്തിന് 25000/- രൂപ.

XIII. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി.

പട്ടികജാതിക്കാർക്ക് ചെറിയ ഡെയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. പെട്ടെന്ന് വരുമാനം കിട്ടുന്ന ഒരു തൊഴിൽ എന്നതിൽ കവിഞ്ഞ് അവരുടെ സാമ്പത്തികമായ പുരോഗതിയും ലക്ഷ്യമാക്കിയുള്ള പദ്ധതിയിൽ മാതൃകാ കാലിത്തൊഴുത്ത്, ഒരു പശു, പരിശീലനം, കാലിതീറ്റ സബ്സിഡി ഇവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട IHDP കോളനികളിൽ ഉള്ളവർക്ക് മുൻഗണനയുണ്ട്. 7000/-രൂപ വരെ ധനസഹായം ലഭ്യമാക്കുന്നു.

2. പ്രത്യേക കേന്ദ്രസഹായ പദ്ധതി.

പ്രത്യേക ഘടക പദ്ധതി പോലെ തന്നെയുള്ള സ്കീമാണ്.

ഏത് പദ്ധതി നടപ്പാക്കുമ്പോഴും 20% പട്ടികജാതി വർഗ്ഗക്കാർക്ക് കൊടുക്കേണ്ടതുണ്ട്.

XIV മിനിമിൽക് പ്രോഡക്ട് ഫാക്ടറി.

ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള മിനി മിൽക് പ്രോഡക്ട് ഫാക്ടറിക്ക് ധനസഹായം ക്ഷീരസഹകരണസംഘങ്ങൾക്കുണ്ട്.

XV. മിനി കാലിതീറ്റ ഫാക്ടറി

ചെറിയ കാലിതീറ്റ ഫാക്ടറി ആരംഭിക്കുന്നതിന് സഹകരണസംഘങ്ങൾക്ക് വേണ്ടി ധനസഹായം നൽകുന്നു.

9-ാം പദ്ധതിയിലേക്ക് പരിഗണിക്കപ്പെടേണ്ട സമീപനം

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ പരിപോഷണവും വൈവിദ്ധീകരണവും.

കൃഷിയുമായി പൊരുത്തപ്പെട്ടു പോകുന്ന കന്നുകാലിവികസിനസമീപനമാണ് നമുക്കനുയോജ്യം. ആവശ്യം വേണ്ട കാർഷിക പശ്ചാത്തലവും താല്പര്യമുള്ള കർഷക കുടുംബങ്ങളെ കണ്ടെത്തി പ്രാദേശിക പരിസ്ഥിതി കൂടി കണക്കിലെടുക്കാൻ.

1. കന്നുകാലികളുടെ ജനിതഗുണം മെച്ചപ്പെടുത്താനും കർഷകൻ ഏറ്റവും എളുപ്പത്തിൽ കൃത്രിമ ബീജാധാനം നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
2. കാലിപോഷണത്തിലും കാലി സംരക്ഷണപദ്ധതികൾ ആവിഷ്ക്കരിക്കുക.
3. പാൽ, പാലുല്പന്നവിതരണ വിപണന സംവിധാനം മെച്ചപ്പെടുത്തുക.
4. ആവശ്യമായ നല്ലയിനം കന്നുകുട്ടികളേയും പശുക്കളേയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈകൊള്ളുക ഇത് സ്വകാര്യമേഖലയിൽ കൂടിയോ, സഹകരണാടിസ്ഥാനത്തിലോ നടപ്പാക്കേണ്ടതാണ്.
5. പട്ടണങ്ങളിലെ പാലുല്പാദിപ്പിക്കാത്ത കുടുംബങ്ങളിൽ ശരാശരി 500 ഗ്രാം പാലോ പാലുല്പന്നങ്ങലോ ഉപയോഗിക്കുമ്പോൾ ഗ്രാമങ്ങളിൽ പാലുല്പദിപ്പിക്കുന്ന കുടുംബങ്ങളിൽ പോലും ശരാശഹരി 250 ഗ്രാം പാലോ അതിനു തുല്യമായ ഉല്പന്നങ്ങളോ ഉപയോഗിക്കുന്നില്ല. രോഗ പ്രതിരോധശക്തിയുള്ള പ്രകൃതിയിലെ ഏറ്റവും ഉത്തമമായ ഭക്ഷ്യവസ്തുവാണ് പാൽ. പഞ്ചാബിലും ബംഗാളിലും ഉല്പാദിപ്പിക്കുന്ന പാലിന്റെ 55% ഉല്പന്നങ്ങളാക്കുമ്പോൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ 5% മാത്രമാണ് ഉല്പന്നങ്ങളാക്കി മാറ്റുന്നത്. അതിനാൽ ഉല്പന്നവിപണന യൂണിറ്റുകൾ പ്രവർത്തനം ചെച്ചെപ്പെടുത്തുക വഴി പാലിൽ വിലയും വിപണിയും കൂടും.
7. എല്ലാവർക്കും തൊഴിലിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയായി മൃഗസംരക്ഷണ ക്ഷീരവികസന മേഖലയെ മാറ്റണം.
8. കന്നുകാലി വികസനം ത്വരിതപ്പെടുത്തുന്നതിനു വേണ്ട പ്രത്യേക സൗകര്യങ്ങളും പരിശിലന പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.
9. ജലസേചന സൗകര്യം ഒരുക്കാവുന്ന തെങ്ങിൽ തോപ്പുകളിൽ പുൽകൃഷി പ്രോത്സാഹിപ്പിക്കാൻ സാധിക്കും. പഞ്ചായത്ത് പ്രദേശത്തുള്ള തരിശു ഭൂമിയിൽ പുൽകൃഷി നടത്തി ക്ഷീരസഹകരണ സ്ഥാപനങ്ങൾക്ക് പുല്ല് കൊടുക്കുന്നതിനും വിപണി കണ്ടെത്താനും കഴിയും.
10. സംഭരണവും വിതരണവും മെച്ചപ്പെടുത്താം.
11. ക്ഷീര സഹകരണ മേഖലയിലുള്ള രണ്ടുലക്ഷം ക്ഷീരകർഷകർക്കു പോലും സമൃദ്ധിയും സന്തുഷ്ടിയും ഇല്ല. 2500 ഓളം ക്ഷീരസഹകരണ സംഘത്തിലെ ജീവനക്കാർ അസന്തുഷ്ടരാണ്. ഇവരുടെ പ്രശ്നങ്ങൾ ഉല്പാദകരുടെ പ്രശ്നങ്ങൾ തന്നെയാണ്. സേവന വേതന വ്യവസ്ഥ ഉറപ്പു വരുത്തണം. പെൻഷൻ പദ്ധതി ഇവർക്ക് ഏർപ്പെടുത്തണം. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. ചുരുങ്ങിയ സമയത്തിനുള്ളിൽ ദാരിദ്ര നിർമാർജ്ജനം സാദ്ധ്യമാക്കാനുള്ള ഏറ്റവും ശക്തമായ ഒരു മേഖലയായി ക്ഷീരവികസനത്തെ മാറ്റിയെടുക്കണം.
12. പഞ്ചായത്തിലെ ഒരു വാർഡൊന്നിന് 10 മോഡൽ ഡെയറി ഫാർമേഴ്സിനെ കണ്ടെത്തി അവർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.
13. പഞ്ചായത്തടിസ്ഥാനത്തിൽ വർഷകാലത്ത് പുല്ലും കാലികൾക്കു നൽകാവുന്ന മറ്റു പച്ചിലകളും സംഭരിച്ച് വേനൽ കാലത്ത് ഉപയോഗിക്കത്തക്ക രീതിയിൽ സംസ്ക്കരിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.
14. പഞ്ചായത്തു തലത്തിൽ ക്ഷീരോല്പന്ന വിപണ സ്റ്റോർ തുറക്കുക.
15. ബ്ലോക്കടിസ്ഥാനത്തിൽ ഒരു ചെറിയ കാലിതീറ്റഫാക്ടറിക്ക് രൂപം കൊടുക്കു.
16. നല്ല ജനുസകളിൽപ്പെട്ട പശുക്കളെ ലഭ്യമാക്കുന്നതിനും കർഷകർക്ക് അവയെ ലഭിക്കുന്നതിനും കർഷകർക്ക് അവയെ ലഭിക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശഹ്ങൾ നൽകുന്നതിന് ഇപ്പോഴത്തെ ട്രാവൽ ഏജൻസികളുടെ മാതൃകയിൽ ഒരു പഞ്ചായത്തിൽ ഒരു ഏജൻസി പ്രവർത്തിപ്പിക്കുക.
17. കാലിത്തീറ്റക്ക് സബ്സിഡി നൽകുക, ക്ഷീരകർഷകർ, വീട്ടമ്മമാർ, തൊഴിലില്ലാത്ത വിദ്യാ സമ്പന്നരായ യുവജനങ്ങൾ ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുമാറ് കാലി വളർത്തലിലും സഹകരണ തത്വങ്ങളിലും ക്ഷീരോല്പന്ന നിർമ്മാണത്തിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള പരിശീലനം നൽകുന്നതിനായി കൊല്ലം ജില്ലയിൽ ഒരു ഡെയറി പരിശീലനകേന്ദ്രം സ്ഥാപിക്കുക. കന്നുകാലി വളർത്തലിന് ഒരു പുതിയ ഉണർവു നൽകുക വഴി ഗ്രാമീണ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാം.

9. പാർപ്പിടം സാമൂഹ്യക്ഷേമം

7721 വീടുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വീടുകളിൽ ഭൂരിഭാഗവും ഓട്, ഓല, ഇവ ഉപയോഗിച്ചു മേഞ്ഞിരിക്കുന്നു. ഏതാണ്ട് അയ്യായിരത്തോളം വീടുകൾ ഓടുമേഞ്ഞതും കോൺക്രീറ്റുമാണ്. എല്ലാ വാർഡുകളിലും വീടില്ലാത്ത ആളുകൾ ഉണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ നല്കി വരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 3 ലക്ഷം വീടു കോളനികളും 13 മറ്റ് കോളനികളും ഉണ്ട്.

പഞ്ചായത്തിലെ അംഗീകൃത കോളനികൾ

കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1. വേങ്കുഴി	19
2. ഇലഞ്ഞിക്കോട് വേടർ കോളനി	21
3. കാഞ്ഞിരം വിള	19
4. ഇടയ്ക്കിടം പാറയിൽ കോളനി	21
5. J.T.S. ഹരിജൻ കോളനി	25
6. കൊച്ചാഞ്ഞിലിൽമൂട്	20
7. മലവിള	30
8. പോങ്ങാറത്തുണ്ട്	22
9. അംബേദ്കൾ കോളനി, പ്ലാക്കാട്	119
10. I.H.D.P. കോളനി ഇരുമ്പനങ്ങാട്	
11. കൊച്ചുവിള	
12. കാവയ്യം	
13. പുളിയറ (കൊച്ചുവിള, കാവയ്യം, പുളിയറ, മലവിള എന്നിവിടങ്ങളിൽ കോളനി കളാകാനുള്ള ശ്രമം നടന്നു കൊണ്ടിരിക്കുന്നു.)	

ലക്ഷം വീടു കോളനികൾ

1. ഇരുമ്പനങ്ങാട്, 2. ഇടയ്ക്കോട്, 3. പോച്ചംകോണം. 74 രണ്ട് നിലകളുള്ള ഭവനങ്ങളും 1193 കോൺക്രീറ്റ് ചെയ്തതും 3477 ഓട് മേഞ്ഞതും 2446 ഓല മേഞ്ഞതും ഉൾപ്പെടെ 7721 വീടുകൾ ആണ് പഞ്ചായത്തിലുള്ളത്. കഴിഞ്ഞ 5 വർഷങ്ങളായി പുതുതായി ശരാശരി 105 വീടുകൾ നിർമ്മിക്കപ്പെടുന്നു. വീടുവയ്ക്കുന്നതിന് ആവശ്യമായി ഭൂമി സ്വന്തമായി ഇല്ലാത്തവരും വീടു വയ്ക്കുന്നതിനു കഴിവില്ലാത്തവരുമായി ധാരാളം ആളുകൾ ഉണ്ട്. ഭവനനിർമ്മാണ സഹകരണസംഘം ഇല്ല. സ്ഥിരവരുമാനമില്ലാത്ത വർക്ക് ഭവനനിർമ്മാണ വായ്പ ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആവശ്യത്തിന് സ്ഥലം ലഭ്യമാക്കുക. നിലവിലുള്ള പല ലക്ഷം വീട് കോളനികകളും പുതുക്കി പണിയേണ്ട അവസ്ഥ.
2. നിലവിലുള്ള ചിലവു കുറഞ്ഞ വീടുകളെ കുറിച്ചുള്ള ബോധവത്കരണവും വിദഗ്ദ പരിശീലന സൗകര്യവും ഏർപ്പെടുത്തുക.
3. കോളനികൾക്ക് പശ്ചാത്തല സൗകര്യ മുണ്ടാക്കുക.
4. ഹൗസിങ് സൊസൈറ്റി രൂപീകരിക്കുക.
5. കൈരളി ഭവനനിർമ്മാണ പദ്ധതി പുനഃസ്ഥാപിക്കുക. കഴിഞ്ഞ ഭരണസമിതിയിൽ വിവിധ സ്കീമുകളിലായി 242 വീടുകൾ നല്കിയിട്ടുണ്ട്. ഈ സമിതി നിലവിൽ വന്നതിനു ശേഷം IAY പ്രകാരം ജനറൽ സെക്ടറിൽ 14 ഉം ഹരിജൻ സെക്ടറിൽ 22 വീടുകളും J.R.Y പദ്ധതിപ്രകാരം 12 വീടുകളും ഉപാധിരഹിത ഫണ്ടുപയോഗിച്ച് 7 വീടുകളും നിർമ്മിച്ച് നല്കി. 1996-97 സാമ്പത്തിക വർഷത്തിലെ ഫണ്ടുപയോഗിച്ച് 8 വീടുകൾ നിർമ്മിക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. IX-ാം വാർഡിൽ ഭൂരഹിതഭവനരഹിതർക്ക് 11 വീടുകൾ നല്കി. കൂടാതെ കുടിവെള്ളത്തിനാവശ്യമായി ഒരു പൊതുകിണറും കുഴിക്കുവാൻ സാധിച്ചു. പുരകെട്ടിമേയുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 2 പേർക്ക് 500 രൂപ വീതം അനുവദിച്ചു നല്കി.

സാമൂഹ്യക്ഷേമം

സമഗ്രശിശുവികസനം ലക്ഷ്യമാക്കിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. (ICDS)22-9-94 ഉത്തരവു പ്രകാരം എഴുകോൺ പഞ്ചായത്തിൽ ICDS അനുവദിച്ചു. 100% ഭരണചിലവുകൾ കേന്ദ്രഗവൺമെന്റാണ് വഹിക്കുന്നത്.

പദ്ധതിയുടെ ഉദ്ദേശങ്ങൾ

1. ആറു വയസ്സു വരെയുള്ള കുട്ടികളുടെ പോഷണ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുക.
2. മാനസികവും ശാരീരകവുമായ വികസനത്തിന് തുടക്കം കുറിക്കുക.
3. മരണം രോഗം പോഷണകുറവ് സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് ഇവ കുറയ്ക്കു.

1000 ജനസംഖ്യയ്ക്ക് ഒരു അംഗനവാടി എന്നതാണ് ലക്ഷ്യം. ഓരോ അംഗനവാടികളിലും ഒരു വർക്കറും ഒരു ഹെൽപ്പറും ഉണ്ടായിരിക്കും. നമ്മുടെ പഞ്ചായത്തിൽ നിലവിൽ 3 അംഗൻവാടികളുണ്ട്. ഇതുകൂടാതെ 18 പുതിയ അംഗൻവാടികൾ തുടങ്ങുവാനുള്ള നടപടികൾ കൈകൊണ്ടു വരുന്നു. വർക്കർ ഹെൽപ്പർ തെരഞ്ഞെടുപ്പ് പൂർത്തിയായതിനു ശേഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. ഓരോ അംഗൻവാടിയ്ക്കും 5 സെന്റ് സ്ഥലവും കെട്ടിടവും ലഭ്യമാകേണ്ടതാണ്.

1992 ഒക്ടോബർ 2-ാം തീയതി നിലവിൽ വന്ന IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം.

സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ SC/T	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ SC/T	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1876	452	182	112	119	1748

IRDP പദ്ധതി പ്രകാരം നാളിതുവരെ എഴുകോൺ പഞ്ചായത്തിൽ 539 കുടുംബങ്ങൾക്ക് സഹായം നൽകിട്ടുണ്ട്. ഇതിൽ 257 പട്ടികജാതി കുടുംബങ്ങൾ ആണ്. ആദ്യകാലങ്ങളിൽ സഹായം ലഭിച്ചത് നാമമാത്രമാണ്. ആയതിനാൽ ആദ്യകാലങ്ങളിൽ സഹായം ലഭിച്ച കുടുംബങ്ങൾക്ക് ദാരിദ്ര്യരേഖ കടക്കുവാൻ കഴിട്ടിഞ്ഞിട്ടില്ല. ഇങ്ങനെയുള്ള എല്ലാ കുടുംബങ്ങൾക്കും രണ്ടാമതു സഹായം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമേ രണ്ടാമതു സഹായത്തിനർഹതയുള്ളു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് താഴെയുള്ള മുന്നോക്ക ജാതിക്കാർക്ക് ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ അപര്യാപ്തമാണ്. കൂടാതെ IRDP പ്രകാരം പട്ടികേതരവിഭാഗത്തിൽ പ്പെടുന്നവർക്കു നൽകി വരുന്ന സബ്സിഡി തുകയും വർദ്ധിപ്പിക്കേണ്ടതായുണ്ട്.

IRDP യുടെ ഭാഗമായ കുടുംബ വായ്പ (FCP)പ്രകാരം ഇതുവരെ 13 കുടുംബങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്.

IRDPയുടെ ഭാഗമായ DWCRA പദ്ധതിപ്രകാരം 94-95-ൽ 10 ഹരിജൻ വനിതകളെ ഉൾപ്പെടുത്തി ഇരുമ്പനങ്ങാട് ഭാഗത്ത് മെറ്റൽ ക്രഷിംഗ് യൂണിറ്റും 95-96 ൽ ഒമ്പത് പത്ത് വാർഡുകളിലുള്ള പത്ത് വനിതകളെ ഉൾപ്പെടുത്തി പുതുശ്ശേരിക്കോണഭാഗാത്ത് ഒരു റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റും അനുവദിച്ചിട്ടുള്ളതും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നതുമാണ്. ഒരു യൂണിഗ്ര് രൂപികരിക്കുന്നതിനുള്ള വനിതകളെ മിനിമം എണ്ണം 5 എന്നാക്കിയാൽ കൂടുതൽ യൂണിറ്റുകൾ പെട്ടെന്ന് രൂപീക്കാവുന്നതും കാര്യക്ഷമമായ പ്രവർത്തിപ്പിക്കാവുന്നതുമാണ്.

ട്രൈസം പദ്ധതി പ്രകാരം ഇതുവരെ 47 പേർക്കാണ് പരിശീലനം നൽകിയിട്ടുണ്ട്.

ട്രേഡിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	കൂലി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
കംപോസിംഗ് & പ്രിന്റിംഗ്	13	-	11
ടൂവിലർ മെക്കാനിസം	4	-	4
വെൽഡിംഗ് ബ്ലാക്ക്സ്മിത്ത്	4	-	4
വീവിംഗ് 8	2	6	
ബുക്ക് ബൈൻഡിംഗ്	3	1	2
പ്ലംമ്പിംഗ് 7	-	2	
പ്ലാസ്റ്റിക് വർക്ക്സ്	3	-	3
വീട്ടുപകരണങ്ങളുടെ റിപ്പയറിംഗ് (ഇലക്ട്രിക്)	1	-	1
വയർമാൻ 4	-	4	

സാമൂഹ്യക്ഷേമ പരിപാടിയുടെ ഭാഗമായ സാനിട്ടറി കക്കൂസുകൾ CRSP പദ്ധതിയിൽ ഇതുവരെ 49 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. അൺടൈഡ്ഫണ്ട് ഉപയോഗിച്ച് 80 പേർക്ക് കക്കൂസ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പരിപാടിയിൽ 460 കക്കൂസുകൾ കൂടി നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ മൂന്നു വാർഡുകളിൽ തുടങ്ങിയിട്ടുള്ളതുമാകുന്നു.

വിവിധ പദ്ധതികളിലായി പാർപ്പിട നിർമ്മാണത്തിനായി ഇതുവരെ 242 പേർക്ക് ധന സഹായം നൽകിട്ടുണ്ട്. ഇതിൽ 23 വീടുകളുടെ പണി ഇനിയും പൂർത്തികരി ക്കേണ്ടതുണ്ട്.

കൃഷി പപിപോഷിപ്പിക്കുന്നതിനായി ഇതുവരെ MWSപദ്ധതിയിൽ 67 കിണറുകൾക്ക് ധനസഹായം നൽകിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് ഇതുവരെ 148 പേർക്ക് സബ്സിഡിയോടു കൂടിയ വായ്പ നൽകിട്ടുള്ളതാകുന്നു.

ഗ്രാമീണ കൈത്തൊഴിൽ ചെയ്യുന്നവർക്ക് ഉപകരണസഞ്ചി (Tool Kit)കൊടുക്കുന്ന പദ്ധതിയിൽ 95-96- ൽ 5 പേർക്ക് തൊഴിലുപകരണങ്ങൾ നൽകിയിട്ടുള്ളതാകുന്നു. IRDPസർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിൽ ചെയ്യുന്ന കുടുംബങ്ങൾ 49 ആണ്. ഇവർക്കു കൂടി തൊഴിലുപകരണങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാകുന്നു.

സാമൂഹ്യവനവത്ക്കരണ പരിപാടി അനുസരിച്ച് തൈകൾ ഉത്പാദിപ്പിക്കുന്ന ഒരു സ്വകാര്യ നഴ്സറി ആണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ബ്ലോക്ക് വഴി എല്ലാവർഷവും ഫലവൃക്ഷതൈകൾ വിതരണം ചെയ്തു വരുന്നു. 8-ാം പദ്ധതിക്കാലത്ത് വിതരണം നടത്തിയ തൈകളുടെ വിവരം ചുവടെ ചേർക്കുന്നു.

തൈകളുടെ ഇനം	വിതരണം നടത്തിയതിന്റെ എണ്ണം			
	1992	1993	1994	1995
തെങ്ങ്	150	214	200	80
മാവ്	30	80	40	10
പേര	16			
നാരകം	10	24		
ജാതി	16	280	20	
ഗ്രാമ്പു	24	120		
കറുക	30	20		
കുരുമുളക്	60	220		60
സർവ്വസുഗന്ധി	30		40	40
ശീമപ്ലാവ്	2	16	1	2
തേക്ക്		400	100	400
സപ്പോർട്ട		36		
പ്ലാവ്		110		
വാഴ		40		

അംഗനവാടികൾ

ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പരിപാടിയനുസരിച്ച് കുട്ടികളുടെയും അമ്മമാരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മൂന്ന് അംഗൻവാടികളാണ് ഉള്ളത്. ഇത് I,V,VI വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDSന്റെ ലക്ഷ്യമെങ്കിലും 22531 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 3 അംഗൻവാടികൾ മാത്രമാണുള്ളത്. പുതുതായി 18 അംഗനവാടികൾ കൂടി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതനായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തി, ഫർണിച്ചർ പഠനോപകരണങ്ങൾ എന്നിവ അനുവദിക്കുകയും വേണം.

അംഗനവാടി കുട്ടികളുടെയും അമ്മമാരുടെയും വിവരം

1 വയസ്സിന് താഴെ	250
1-2 വയസ്സ് വരെ	354
2-3 ,,	428
3-5 ,,	478
ഗർഭിണികളുടെ എണ്ണം	133
മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	114
കഴിഞ്ഞ വർഷത്തെ ആകെ ജനനനം	260
1 വയസ്സിന് താഴെ പ്രായമുള്ള മരിച്ച കുട്ടികളുടെ എണ്ണം	1
1-3 ,,	- ഇല്ല
3-6 ,,	- ഇല്ല

അവലംബം അംഗൻവാടികളിൽ നിന്നുള്ള വിവരങ്ങൾ.

ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലും മഹിളാസമാജങ്ങൾ നിലവിലുണ്ടെങ്കിലും, ഇവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ഇതിനുള്ള കാരണം ICDS നിലവിൽ വന്നതോടു കൂടി മഹിളാ സമാജങ്ങളോടുനുബന്ധിച്ചു പ്രവർത്തിച്ചിരുന്ന ഫീഡിംഗ് സെന്ററുകൾ നിർത്തലാക്കിയതാണ്.

വിവിധ പെൻഷനുകൾ സംബന്ധിച്ച വിവരം

പെൻഷൻ	ലഭിച്ചവരുടെ എണ്ണം
വിധവാ പെൻഷൻ	13
വികലാംഗ പെൻഷൻ	20
വാർധക്യകാല പെൻഷൻ	28
ക്ഷയരോഗി പെൻഷൻ	36
ക്യാൻസർ പെൻഷൻ	32
കുഷ്ഠരോഗപെൻഷൻ	5

ഇതിനു പുറമേ കർഷകത്തൊഴിലാളി പെൻഷനും, തൊഴിലില്ലായ്മാ വേതനവും വിതരണം ചെയ്തു വരുന്നു. പഞ്ചായത്തുതലത്തിൽ സർവ്വേ നടത്തി അർഹരായ മുഴുവൻ പേരേയും കണ്ടെത്തി ആനുകൂല്യം നൽകേണ്ടതാണ്. തൊഴിലില്ലായ്മാ വേതനരംഗത്ത് അനർഹർ കടന്നു കൂടിയിട്ടുള്ളത് കണ്ടുപിടിച്ച് ഒഴിവാക്കേണ്ടതാണ്. തൊഴിൽ രഹിതവേതനം യഥാസമയം വിതരണം നടത്തുകയും അത് പഞ്ചായത്ത് വഴി വിതരണം നടത്തുകയും വേണം.

പൊതുവിതരണം

നമ്മുടെ പഞ്ചായത്തിൽ 15 പൊതുവിതരണ റീട്ടെയിൽ വില്പന ഡിപ്പോകളും, ഒരു മാവേലിസ്റ്റോറും ഉണ്ട്. എല്ലാ ഡിപ്പോകളിലും കൂടി 5027 കാർഡ് ഉടമകൾ ഉണ്ട്. ഇവയിൽ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം 3367 ഉം വൈദ്യുതികരിക്കാത്ത വീടുകളുടെ എണ്ണം 1660 ഉം ആണ്. പാചകാവശ്യത്തിനു വേണ്ടി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന വീടുകൾ 529 ആണ്. വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്ന മണ്ണെണ്ണ ഉൾപ്പെടെ 19004 ലിറ്റർ ആണ്. ഭക്ഷ്യാവശ്യത്തിനു ഒരു മാസത്തിൽ വിതരണം ചെയ്യുന്ന അരിയുടെ അളവ് 21300 കിലോയും ഗോതമ്പ് 16800 കി.ഗ്രാമും, പഞ്ചാസാര 10048.640 കി.ഗ്രാമും ആണ്. നാമമാത്രമായി മാത്രം റവ, മൈദ എന്നിവ റേഷൻ കട വഴി വിതരണം ചെയ്യുന്നു.

പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

നിലവിലുള്ള ഡിപ്പോകളിൽ അളവ് തൂക്കങ്ങളിൽ കൃത്യത പാലിക്കാത്തതിനുള്ള നടപടികൾ സ്വീകരിക്കണം.

എല്ലാ റേഷൻ കടകളിലും സ്റ്റോക്ക്, വില വിവരപട്ടിക പ്രദർശിപ്പിക്കുക.

റേഷനരി കളർ ചെയ്ത അരികലർത്തി (1 കിന്റിലിന് 100 ഗ്രാം) കരീചന്തയിൽ നടത്തുന്ന വിൽപ്പന അവസാനിപ്പിക്കണം.

10. വ്യവസായം, ഊർജ്ജം, ഗതാഗതം

നമ്മുടെ സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പ്രതിശീർഷവരുമാനം ഉയർത്തുന്നതിനും വ്യവസായ മേഖലയുടെ പുരോഗതി അനിവാര്യമാണ്. നമ്മുടെ സർക്കാർ 1991 സെപ്തംബറിൽ ഒരു പുതിയ വ്യവസായ നയം പ്രഖ്യാപിക്കുകയുണ്ടായി. വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴിയാണ് നിലിവിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.

വ്യവസായ നടത്തിപ്പിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾക്കും സഹായത്തിനും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ് വ്യവസായ സംരംഭകാര സഹായികൾ എല്ലാ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലും വ്യവസായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. സമഗ്രമായ വികസനം ലക്ഷ്യമാക്കി വിവിധ പ്രോത്സാഹന പദ്ധതികൾ നമ്മുടെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യ നേടുന്നതിനുള്ള സബ്സിഡി, വ്യവസായ സംരംഭകർഖ്കുള്ള പരിശീലന പരിപാടി മാർജിൻ മണി വായ്പ, മൂലധന നിക്ഷേപസബ്സിഡി, വില്പന നികുതി ഒഴിവാക്കൽ, നികുതി നിരക്കിലും സൗജന്യം, ഇന്റർസീവ് ഫോർ ഗ്രോത്ത് സ്കീം, വൈദ്യുത നിരക്കിൽ ഇളവ്, വനിതാ വ്യവസായ പദ്ധതികൾ. പട്ടികജാതി പട്ടികവർഗ്ഗ പലിശരഹിതവായ്പ, എന്നിവയെപ്പറ്റിയുള്ള സേവനവും സഹായവും ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

ആധുനിക വ്യവസായങ്ങൾക്ക് കാര്യമായ പങ്കില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. പാരമ്പര്യ വ്യവസായമാണ്. KSCDC നടത്തുന്ന മൂന്ന് ഫാക്ടറികളും സ്വാകാര്യ വ്യവസായികൾ നടത്തുന്ന 8 ഫാക്ടറികളും നമുക്കുണ്ട്. ഈ ഫാക്ടറികളിലായി 6500 തൊഴിലാളികൾക്കു പണിയെടുക്കുവാൻ കഴിയും. കാഷ്യൂകോർപ്പറേഷനിൽ കശുവണ്ടി ലഭിക്കായ്കയാൽ തൊഴിൽ ദിനങ്ങളുടെ എണ്ണം വളരെ കുറവാണ്. സ്വകാര്യ ഫാക്ടറികളിൽ തൊഴിൽ ദിനങ്ങൾ കുറവുണ്ട് എന്നു മാത്രമല്ല മുഴുവൻ അവകാശങ്ങളും എല്ലാ തൊഴിലാളികൾക്കും നല്കുന്നുമില്ല.

തൊഴിൽ നല്കുന്ന മറ്റു പ്രധാന മേഖലകൾ 15. പാറമടകളിലായി 350 തൊഴിലാളികളും 10 ചുടുകട്ട കമ്പനികളിലായി 300 തൊഴിലാളികളും 15 സാമില്ലുകളും 5 തീപ്പെട്ടി കമ്പനികളിലുമായി 200 പേരും പണിയെടുക്കുന്നു. 7 ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും 11 റൈസ്മില്ലുകളും 3 പ്രിന്റിംഗ് പ്രസ്സുകളും ചെറുകിട എൻജിനീയറിംഗ് യൂണിറ്റുകൾ, വാഹന റിപ്പയറിംഗ് വർക്കുഷോപ്പുകളും ഒരു കറി പൗഡർ നിർമ്മാണയൂണിറ്റും പഞ്ചായത്തിലുണ്ട്. സഹകരണമേഖലയിൽ ഒരു നാളീകേര സംസ്കരണ യൂണിറ്റും ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നു. കൈത്തറി മേഖലയിൽ ഒരാൾ മാത്രമാണ് പ്രവൃത്തി എടുക്കുന്നത്.

പ്രശ്നങ്ങൾ

1. കാഷ്യൂ രംഗത്ത് വേണ്ടത്ര കശുവണ്ടി ലഭിക്കുന്നില്ല. അതിനാൽ തൊഴിൽ ദിനങ്ങൾ വളരെ കുറവാണ്. സ്വകാര്യ ഫാക്ടറികളിൽ കുറച്ചു പേർക്കു മാത്രമേ നിയമാനുസൃതകൂവലി ലഭിക്കുന്നുള്ളൂ. തടി, ചുടുകട്ട വ്യവസായങ്ങളിൽ അസംസ്കൃത വസ്തുക്കളും ദൗബല്യം അനുഭവപ്പെടുന്നു.
2. മുഖ്യ കാർഷിക ഉല്പന്നമായ നാളീകേരം ഉപയോഗിച്ച് വ്യവസായങ്ങൾ ഇല്ല.
3. വ്യവസായ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള സമ്പ്രദായം ലഘൂകരിക്കണം.
4. സഹകരണരംഗത്തുള്ള വ്യവസായം വളരെ കുറവാണ് ഉള്ളത് ശരിയായി പ്രർത്തിക്കുന്നില്ല.
5. വ്യവസായ രംഗത്തേക്ക് വരുന്നതിന് പലർക്കും താല്പര്യമുണ്ട്.

നിർദ്ദേശം

1. പഞ്ചായത്ത് വക തരിശ്, പുറമ്പോക്ക്, പുതുവൽ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിക്കാവുന്നതാണ്.

2. മൂലധനം കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കുക.

3. നമ്മുടെ പഞ്ചായത്തിലെ ഗൾഫ് മലയാളികളുടെ പണം വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുവാൻ കഴിയണം.

4. പരമ്പരാഗത വ്യവസായ കൈത്തറി വ്യവസായം പിന്നോക്കം പോയിരിക്കുന്നു. കൂടുതൽ ആളുകളെ പരിശീലിപ്പിച്ച് പുനരുദ്ധാരണം നടത്താൻ കഴിയണം.

5. കൊപ്രാ സംസ്കരണം, എണ്ണയുല്പാദനം, നാളീകേരമുപയോഗിച്ച് ഉല്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവ സഹകരണമേഖലയിലും സ്വകാര്യമേഖലയിലും വ്യാപകമായി പുതുതായി ആരംഭിക്കുവാൻ കഴിയണം.

6. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ഇലക്ട്രോണിക് ഉപകരണങ്ങളും നിർമ്മാണം തുടങ്ങിയവയുടെ സാദ്ധ്യത ആലോചിക്കണം.

7. സഹകരണമേഖലയിൽ വ്യവസായം ആരംഭിക്കുവാനും സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുകയും വേണം.

8. റബ്ബർ, തേങ്ങ, ഏത്തക്കായ് എന്നിവ അസംസ്കൃത പദാർത്ഥങ്ങളായിട്ടുള്ള വ്യവസായം തുടങ്ങുക.

ഊർജ്ജം

കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി കേരളം അതിരൂക്ഷമായ വൈദ്യുതി കമ്മി നേരിടുകയാണ്. മഴ പിഴച്ചാലും ഇല്ലെങ്കിലും പവർകട്ടും ലോഡ് ഷെഡിങ്ങും നിത്യസംഭവങ്ങളായി മാറി. അപ്രഖ്യാപിത നിയന്ത്രണങ്ങൾ വേറെയും വോർട്ടേജ് കുറവും ഫ്രീക്വൻസി വ്യതിയാനങ്ങളും വൈദ്യുതി വ്യൂഹത്തിന്റെ വിശ്വസ്തത നഷ്ടപ്പെടുത്തിയിരിക്കുന്നു. കേരളത്തിന്റെ വികസനത്തിനെ പ്രത്യേകിച്ച് വ്യാവസായിക മേഖലയിൽ ഒരു പ്രധാന വിലങ്ങു തടിയായി മാറിയിരിക്കുന്നു. ഈ സ്ഥിതി തരണം ചെയ്യാൻ ശാസ്ത്രീയമായും യാഥാർത്ഥ്യ ബോധ്യമുള്ളതുമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ലഭ്യതയും ആവശ്യവും (മെഗാവാട്ടിൽ) പവർ സർവ്വേ പ്രകാരം

വർഷം	ഡിമാന്റ്	ആകെലഭ്യം	കമ്മി
1989-90	1319	1270	40
90-91	1442	1271.6	170.4
91-92	1576	1308.8	267.2
92-93	1710	1403.0	307.0
93-94	1852	1459.6	392.4
94-95	2002	1614.6	387.4
95-96	2160	1626.1	533.9

വഴിമുട്ടിയ പദ്ധതികൾ (1995)

പദ്ധതിയുടെ പേര്	പ്രതിഷ്ഠാപിത (MW)ശേഷി	വാർഷിക ഉൽപ്പാദന ശേഷി (കോടി യൂണിറ്റ്)
പൂയംകുട്ടി	240	64.50
ആതിരപ്പള്ളി	163	37.9
കുരിയാർ കുറ്റി	84	24
മാനന്തവാടി	225	38.9
പാണ്ടിയാർ പുന്നപ്പുഴ	105	26.2
ചോളത്തിപ്പുഴ	60	22
കേരളഭവാനി	150	42
കേരളസാരാപ്പോൾ	75	27.2

അവലംബം 8-ാം പഞ്ചവത്സരപദ്ധതി ടാസ്ക് രേഖ

പ്രേക്ഷണ വിതരണ ശൃംഖല

വൈദ്യുതോല്പാദന പദ്ധതിയിൽ നിന്നും വൈദ്യുതി സ്വീകരിക്കുന്നതിന് പര്യാപ്തമാകും വിധം പ്രേക്ഷണശൃംഖല മെച്ചപ്പെടുത്തണം. കൂട്ടത്തിൽ വിതരണശൃംഖലയും മെച്ചപ്പെടുത്തണം. ഇങ്ങനെ ചെയ്യാൽ പ്രേക്ഷണവിതരണ നഷ്ടം ഇപ്പോഴുള്ള 21%ൽ നിന്ന് 15% മായി കുറയ്ക്കാം.

പണിതീരാത്ത പദ്ധതികൾ

പദ്ധതി	പ്രതിഷ്ഠാപിത ശേഷി MW	വാർഷിക ഊർജോത്പാദനം കോടിയൂണിറ്റ്	മുതൽമുടക്ക് ഇതുവരെ കോടരൂപ	ഇനി ആവശ്യം കോടിരൂപ
കക്കാട്	50	36.2	92.20	48.26
ലോവർ പെരിയാർ	180	49.3	228.49	40.35
കുറ്റ്യാടി എക്സ്റ്റൻഷൻ	50	7.5	0.43	97.76
ബ്രഹ്മപുരം	100	53.5	278.92	65.00
കുറ്റ്യാടി ആഗ്മന്റേഷൻ		22.3	75	40
ഏറ്റെടുത്തിട്ടുള്ള ചെറിയ പദ്ധതികൾ	50	19.4	62.97	31.71
ആകെ	430	178.2	738.01	323.08

നമ്മുടെ അടുത്ത പഞ്ചായത്തായ കുണ്ടറയിലെ 110 Kv സബ്സ്റ്റേഷനിൽ നിന്നും വരുന്ന 11.കെ.വി. ലൈനിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 20 ട്രാൻസ്ഫോർമറുകൾ വഴിയാണ് വൈദ്യുതി വിതരണം നടത്തപ്പെടുന്നത്. ഈ ട്രാൻസ്ഫോമറുകളുടെ ശേഷി ഉപഭോക്താകക്കളുടെ ആവശ്യവുമായി പൊരുത്തപ്പെടുന്നതാണ്. വൈദ്യുത ഊർജ്ജ ഉപഭോഗത്തിന്റെ വലിയ ഭാഗവും ഗാർഹിക മേഖലയിലാണ്. വ്യവസായ കാർഷിക മേഖലയിലെ ഉപഭോഗം കുറവാണ്. വ്യവസായ സംരഭകർക്ക് നിലവിലുള്ള മിക്കവാറും ട്രാൻസ്ഫോമറുകളിൽ നിന്നും വൈദ്യുതി നൽകാൻ കഴിയും. ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചതാണ്. അപൂർവ്വം സ്ഥലങ്ങളിൽ മാത്രമേ വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ സ്ഥിതി ചെയ്യുന്നു. ഈ ആഫീസിനെ അടുത്ത രണ്ടു വർഷകാലത്തേക്ക് റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതു കൊണ്ട് ട്രാൻസ്ഫോമറുകളും, ലൈനുകളും ആവശ്യാനുസരണം സ്ഥാപിച്ച് വിതരണം ശക്തിപ്പെടുത്തുവാൻ കഴിയും. വൈദ്യുതി വിതരണരംഗം അഭിമുഖീകരിക്കുന്ന മുഖ്യവിഷയം പഴകിയ തൂണുകളും, കമ്പികളുമാണ്. കുറച്ച് വിതരണനഷ്ടം സംഭവിക്കുന്നുണ്ട്. ഇതിൽ വൈദ്യുത മോഷണവും പെടും. ഒരു ശതമാനത്തിൽ താഴെ മാത്രമേ മീറ്റർ പ്രവർത്തിക്കാനുള്ളൂ. പഞ്ചായത്തിൽ ആകെ 4895 വൈദ്യുതി ഉപഭോക്താക്കൾ ഉണ്ട്. അപേക്ഷിച്ചു കാത്തിരിക്കുന്നവർ 238 ആണ്. കഴിഞ്ഞ വർഷം ഓർഡിനറി, OTP, OYEC സ്കീമുകളിലായി 535 പേർക്ക് വൈദ്യുതി കണക്ഷൻ നൽകി. ഓർഡിനറി ലൈറ്റുകളും ട്യൂബ് ലൈറ്റുകളുമായി ആകെ 636 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്.

പ്രധാന പാചക ഇന്ധനം വിറകാണ്. കുറച്ചു പേർ കുക്കിംഗ് ഗ്യാസ് ഉപയോഗിക്കുന്നു. ചാണകവാതകപ്ലാന്റ് ഉപയോഗിക്കുന്നവരും ഉണ്ട്. കുക്കിംഗ് ഗ്യാസ് ലഭിക്കുന്നതിനു വിഷമതകൾ നേരിടുന്ന പഞ്ചായത്തിന് കുക്കിംഗ് ഗ്യാസ് ഏജൻസി ലഭ്യമാക്കാൻ പരിശ്രമം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകളും, ചാണകവാതകപ്ലാന്റും പ്രോത്സാഹിപ്പിക്കണം. കച്ചിപ്പെട്ടിയും പ്രോത്സാഹിപ്പിക്കണം. ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുനന ട്യൂബ് ലൈറ്റുകളുടെ ചോക്ക് മാറ്റി ഇലക്ട്രോണിക് ചോക്ക് സ്ഥാപിക്കുക.

ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ സാമാന്യം തൃപ്തികരമായ റോഡുകളുണ്ട്. ടാർ ഇല്ലാത്തതും അറ്റകുറ്റപണികൾ നടക്കാത്തതുമായ റോഡുകളാണ് പ്രശ്നം. കൊല്ലം ചെങ്കോട്ട സ്റ്റേറ്റ് ഹൈവേ നമ്മുടെ പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തു കൂടി കടന്നു പോകുന്നു. മറ്റു പ്രധാന P.W.D.റോഡുകൾ ആണ് ചീരങ്കാവ്, പൊരീയ്ക്കൽ, പുത്തൂർ റോഡും ചീരങ്കാവ് മാറനാട് പുത്തൂർ റോഡും. കൂടാതെ എഴുകോൺ കല്ലട എം.എൽ.എ. റോഡ് പരുത്തുംപാറ-മുളവന എം.എൽ.എ. റോഡ്, പിണറ്റുംമൂട്-ഈലിയോടു റോഡ്, എഴുകോൺ-നെടുമൺകാവ് റോഡ്, മുക്കണ്ടം-അമ്പലത്തുംകാല പിണറ്റുമൂട് റോഡ് എന്നിവ പ്രധാന റോഡുകളാണ്.

പഞ്ചായത്തു റോഡുകളുടെ നീളം 85.183 കി.മീ. ആണ് sM വീതിയുള്ള റോഡ് 24.489 മീറ്റർ ഇതിൽ 7.316 കി.മീ റോഡ് ടാർ ചെയ്താണ്. 6 മീറ്റർ വീതിയുള്ള റോഡിന്റെ നീളം 13.674 കി.മീ. ഇവയി കുറച്ചു റോഡുകളുടെ ടാറിംഗ് നടക്കുന്നു. റോഡുകൾ സഞ്ചാരയോഗ്യമാക്കാൽ ഓടകൾ പണിയുകയും, സൈഡുകൾ കെട്ടുകയും, ടാർ ചെയ്യുകയും വേണം.

കാരുവേലിൽ കുളങ്ങുമല വരെയും എഴുകോൺ കല്ലട എം.എൽ.എ. റോഡു വഴിയും ബസ്സ് ഗതാഗതമില്ല. നെടുമ്പായിക്കുളം ഓവർബ്രീഡ്ജ് പുതുക്കി പണിയുന്നതിനു ചീരങ്കാവിൽ ഇ.എസ്സ്.ഐ.യിലേക്കു പോകുന്നതിന് റെയിൽവേക്രോസ് പണിയുന്നതിനും ബന്ധപ്പെട്ടവരുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട് ഗ്രാമസഭകളിൽ നിന്നും റോഡുനിർമ്മാണത്തിന് നിരവധി നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. ബസ് സർവ്വീസ് ഇല്ലാത്ത വാർഡുകളിൽ ബസ് അനുവദിപ്പിക്കുക.
2. റോഡ് ഇല്ലാത്ത മേഖലകളിൽ പ്രത്യേകിച്ച് കോളനിപ്രദേശങ്ങളിലേക്ക് സഞ്ചാരയോഗ്യമായ റോഡുകൾ ഉണ്ടാക്കുക, നിലവിലുള്ളവ ടാർ ചെയ്യുക.
3. പാം ശേഖരങ്ങളിൽ ഉഴവ് യന്ത്രങ്ങൾ ഇറക്കാൻ ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
4. എഴുകോൺ ഠൗൺഷിപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് കയറ്റം വെട്ടിതാഴ്ത്തി സൗകര്യം ഉണ്ടാക്കണം.
5. പുതുതായി അനുവദിക്കുന്ന ബസ് പെർമിറ്റുകൾ എഴുകോൺ വന്ന് പോകണമെന്ന് അധികൃതരോടു ആവശ്യപ്പെടുന്നു
6. ഗ്രേഡഡ് താഴ്ത്തപ്പെട്ട എഴുകോൺ റെയിവെസ്റ്റേഷൻ പദവി ഉയർത്തി ട്രയിൻ ക്രോസ്സ് ചെയ്യത്തക്കവവിധം മൂന്ന് ലൈൻ നിർമ്മിച്ച് ബഹുജനങ്ങൾക്ക് കുടുതൽ പ്രയോജനപ്രദമാക്കണം.
7. നെടുമ്പായിക്കുളം റെയിൽവേ ഓവർബ്രിഡ്ജും കാലോചിതമായി പരിഷ്ക്കരിക്കണം.
8. എഴുകോൺ കേന്ദ്രീകരിച്ച്, ആട്ടോ, ടാക്സി, മിനിലോറികൾക്ക് പാർക്കിംഗ് സൗകര്യമുണ്ടാക്കണം.
9. പഞ്ചായത്ത് ബസ്സ് സ്റ്റാൻഡ് എഴുകോൺ ജംഗ്ഷൻ കേന്ദ്രീകരിച്ച് നിർമ്മിക്കണം.

11. പൊതുജനാരോഗ്യം, കുടിവെള്ളം

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളായ പ്രാഥമികാരോഗ്യ കേന്ദ്രം, ആയൂർവ്വേദാ ഡിസ്പെൻസറി പരമാവധി പരിശ്രമിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രം എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റത്ത് പവിത്രേശ്വരം പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥലത്ത് ഗവൺമെന്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്യ ഈ സ്ഥാപനത്തിൽ ഒരു മെഡിക്കൽ ആഫീസർ ഉൾപ്പെടെ 16 ജീവനക്കാരാണുള്ളതത്. ഇപ്പോൾ ഡോക്ടർ ഇല്ലാത്തതിനാൽ പവിത്രേശ്വരം പി.എച്ച്.സി.യിലെ ഡോക്ടർക്കാണ് ചുമതല.

ഈ സ്ഥാപനത്തിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് ശ്വാസകോശരോഗങ്ങൾ, ആസ്മാ, വയറുകടി, വയറിളക്ക്, വിരരോഗങ്ങൾ, ത്വക്ക്രോഗം, വിളർച്ച എന്നിവ കൂടുതലായി കാണുനനു. സന്നിപാദജ്വാരം, മഞ്ഞപിത്തം എന്നിവ ചെറിയതോതിൽ കാണുന്നു.

കുഷ്ഠരോഗനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി 1991 നവംബറിൽ ആരംഭിച്ച വിവിധ ചികിത്സാപദ്ധതിപ്രകാരം ഇന്നേ വരെ 29 രോഗികളെ കണ്ടുപിടിച്ച് ചികിത്സക്കുകയും 25 പേരുടെ രോഗം പൂർണ്ണമായി ഭേദപ്പെടുത്തുകയും ശേഷിച്ച നാലുപേർ ഇപ്പോഴും മരുന്നു കഴിച്ചു കൊണ്ടു മിരിക്കുന്നു. സമൂഹത്തിൽ നിന്നും ഈ രോഗം ഇല്ലായ്മ ചെയ്യാൻ ഇനിയും ബോധവത്കരണമാവശ്യമാണ്. മലമ്പനി രോഗം നമ്മുടെ സംസ്ഥാനത്ത് നിന്നും പുറത്തു പോയി വരുന്നവരിൽ മുൻവർഷത്തേക്കാൾ കൂടുതലായി കാണപ്പെടുന്നു. 1993-94-ൽ 2, '94-95-ൽ 4 '95-96ൽ 8 എന്നീ ക്രമത്തിലാണ് ക്ഷയം, കാൻസർ, ഡയബെറ്റിക് എന്നിവയുടെ കണക്കുകൾ ലഭ്യമല്ല.

കക്കൂസുകളെ സംബന്ധിച്ച വിവരങ്ങൾ

നമ്മുടെ പഞ്ചായത്തിൽ 7721 വീടുകളുള്ളതിൽ

സെപ്റ്റിക് ടാങ്ക്	2435
ഇ.എസ്.പി	2824
മറ്റുള്ളവ	1591

ഇതിൽ സാനിട്ടറി ടൈപ്പ് 5259 മാത്രമാണ്. ഇന്നും 24% വീടുകളിൽ കക്കൂസില്ല. സാമ്പത്തിക ബുദ്ധിമുട്ടാണ് കാരണം.

അമ്മാമാരേയും കുട്ടികളേയും സംബന്ധിച്ച വിവരം

(അമ്മമാരുടെ എണ്ണം കുട്ടികളുടെ അടിസ്ഥാനത്തിൽ)

1	- 630
2	- 1743
3 ൽ കൂടതലും	- 812

കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചതും സ്വീകരിക്കാത്തവരുമായ അമ്മമാർ

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

കുട്ടികളുടെ എണ്ണം	സ്വീകരിച്ചവർ	സ്വീകരിക്കാത്തവർ
1 കുട്ടി	513	117
2 കുട്ടി	1660	83
3 ഉം അതിൽ കൂടുതലും	800	12

കുടുംബസംവിധാനമാർഗ്ഗങ്ങൾ സ്വീകരിച്ചവർ സംസ്ഥാനശരാശരിയേക്കാൾ വളരെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു

കുട്ടികൾ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

വയസ്സ്	എണ്ണം
1 വയസ്സിൽ താഴെ	280
1-2വയസ്സു വരെ	354
2-3 വരെ	428
3-5 വരെ	478

കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പുകൾ 1 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് 98% വരെ നടത്തിയിട്ടുള്ളതായി രേഖകളിൽ കാണുന്നു.

ഗർഭിണികൾ

1996 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 183.

ഇതിൽ 168 പേർക്കും ടെറ്റനസ് ടോക്സോയിഡ് (T.T)കുത്തിവച്ചിട്ടുണ്ട്.

വിളർച്ച രോഗം വരാതിരിക്കാൻ കുട്ടികൾക്കും ഗർഭിണികൾക്കും ഇരുമ്പ് പോളിക്കാസിഡ് ഗുളികകൾ, വൈറ്റാമിൻ എ തുള്ളിമരുന്ന് എന്നിവയും നൽകിവരുന്നുണ്ട്.

ജനനമരണ നിരക്കുകൾ

വർഷം	ജനനം
1994-95	189
1995-96	260

മരണം കൃത്യമായി ലഭ്യമല്ല.

ചാപിള്ള ജനനം

വർഷം	എണ്ണം
1994 -	1
1995 -	0
1996 -	1

വികലാംഗർ (പ്രായത്തിന്റെ അടിസ്ഥാനത്തിൽ)

വയസ്സ്	എണ്ണം
1 മുതൽ 5 വയസു വരെ	6
5-15	6
16 മുതൽ	164

ആയൂർവ്വേദം

നല്ല രീതിയിൽ പ്രവർത്തനം നടക്കുന്ന സ്ഥാപനമാണ് കാരുവേലിൽ സ്ഥിതി ചെയ്യുന്ന ആയൂർവേദ ഡിസ്പെൻസറി. 1995-96 ൽ പുതിയതും പഴയതുമായ 34333 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്. രോഗികളുടെ എണ്ണവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ഇവിടെ ലഭ്യമാകുന്ന മരുന്ന് വളരെ പരിമിതമാണ്. ഈ സ്ഥാപനത്തിൽ ഒരു ഡോക്ടർ ഉൾപ്പെടെ 4 ജീവനക്കാരാണുള്ളത്.

ഇ.എസ്.ഐ.

എഴുകോണിൽ 15 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഇ.എസ്.ഐ. ആശുപത്രിയിൽ 138 കിടക്കകളും വിവിധ തുറകളിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാർ ഉൾപ്പെടെ 154 ജീവനക്കാർ ജോലി ചെയ്യുന്നു. ഓപ്പറേഷൻ തിയേറ്റർ. എക്സ്റേ യൂണിറ്റ്, ലാബോറട്ടറി, ഡന്റൽ യൂണിറ്റ് തുടങ്ങി അത്യാവശ്യം എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. ഡോക്ടർമാർക്കും ജീവിനക്കാർക്കും താമസിക്കാനുള്ള ക്വാർട്ടേഴ്സും നിലവിലുണ്ട്. ഈ ക്വാർട്ടേഴ്സിൽ ഒരു ഡോക്ടർ പോലും താമസിക്കുന്നില്ല. വേനൽക്കാലത്ത് മൂന്നുമാസം വെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നു. പരിഹാരത്തിനായി കുണ്ടറ ജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടി വെള്ളം ലഭ്യമാക്കിയാൽ എല്ലാ സമയത്തും രോഗികൾക്ക് മെച്ചപ്പെട്ട സേവനം കിട്ടും.

സ്വകാര്യാശുപത്രികൾ

പ്രമേഹ രോഗത്തിന് വിദേശത്തുൾപ്പെടെ ശ്രദ്ധിക്കുന്ന നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യസ്ഥാപനം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

അലോപ്പതി ചികിത്സയിൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന മൂന്ന് ആശുപത്രികളും ആയൂർവ്വേദ ചികിത്സയിൽ പാരമ്പര്യ വൈദ്യന്മാരുടെ മൂന്നിൽ അധികം വൈദ്യശാലകളും ആറ് ഹോമിയോ ആശുപത്രികളും നിലവിലുണ്ട്. എന്നാൽ പൊതു ജനങ്ങൾക്ക് ഉപയോഗിക്കത്തക്കവിധം അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ആശുപത്രികൾ നിലവിലില്ല. ഇതിനാൽ രോഗികൾക്ക് അത്യാവശ്യഘട്ടങ്ങളിൽ മറ്റു കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

കുടിവെള്ളം

ജല ലഭ്യതയിൽ ഇന്ത്യയിൽ മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 43000 ദശലക്ഷം ക്യു.മീ. ജലം നദികളിൽ നിന്നും 7900 ദശലക്ഷം ക്യു.മീ. ജലം ഭൂഗർഭ പദ്ധതികളിൽ നിന്നും ലഭിക്കുന്നു. 1991-93 ലെ ജല സെൻസസിന്റെയും 94 ലെ വാലിഡേഷൻ സർവ്വേയുടെയും അടിസ്ഥാനത്തിൽ നാളിതു വരെ ശുദ്ധജലവിതരണത്തിനായി 435 കോടി രൂപാ ചെലവാക്കിയിട്ടുണ്ട്. ഇതുപ്രകാരം 0.8% ജനസംഖ്യയ്ക്കു മാത്രമേ പൂർണ്ണമായി കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുള്ളു. 3040% ജനങ്ങൾക്ക് ഭാഗികമായും കുടിവെള്ളം എത്തിക്കാൻ സാധിച്ചു. 1535 രൂപാ മുടക്കിയാൽ 21 വർഷം കൊണ്ട് കേരളത്തിൽ മുഴുവൻ ശുദ്ധജലവിതരണം നടപ്പിലാക്കാൻ സാധിക്കും.

പഞ്ചായത്തിൽ അനവധി ജല ഉറവിടങ്ങൾ ഉണ്ടെങ്കിലും അവയിൽ നിന്നെല്ലാം ശുദ്ധവും, സുരക്ഷിതവുമായ, പാനയോഗ്യ ജലം ജനങ്ങൾക്ക് ലഭ്യമാക്കില്ല. ഭൂരിഭാഗം കുടുംബങ്ങളും കുടിവെള്ളത്തിന് തുറന്ന കിണറുകളെയാണ് ആശ്രയിക്കുന്നത്. ബാക്കിയുള്ളവർ റൂറൽ ജലവിതരണ പദ്ധതി, കുഴൽ കിണർ, പൊതു കിണർ എന്നിവയെ ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് 2969 സാനിട്ടറി കിണറുകളും, 884 സാധാരണ കിണറുകളും 52 പൊതുകിണറുകളും ഉണ്ട്, റൂറൽ വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് 2312 വീടുകൾക്ക് ജലവിതരണം നടത്തുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ജനങ്ങൾ വളരെ പ്രതിക്ഷയോടെ കാത്തിരിക്കുന്ന കുണ്ടറ ജലവിതരണ പദ്ധതി നാളിതു വരെ കമ്മീഷൻ ചെയ്തില്ല. ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

നിലവിലുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം തൃപ്തികരമല്ല. പമ്പിന്റെ പരിരക്ഷക്കും, അറ്റകുറ്റ പണിക്കും പറ്റിയ പരിശീലനം സിദ്ധിച്ച മെക്കാനിക്കുകൾ ഇല്ല.

പൊതുകിണറുകൾ വൃത്തിയാക്കി സൂക്ഷിക്കുന്നില്ല. കുടിവെള്ളം, പരിസരശുചിത്വം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ കുറവ്.

പരിഹാര നിർദ്ദേശങ്ങൾ

1. ജലവിതരണം പരിസരശുചീത്വ പരിപാടികളെ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും തിരഞ്ഞെടുത്ത പ്രതിനിധികളും, ഗ്രാമസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും, ചേർന്ന് ഒരു സമിതി ഉണ്ടാക്കുക.
2. ജലവിതരണത്തെയും ശുചീത്വ പാലനത്തെയും സംബന്ധിച്ച പതിവുകളെ കുറിച്ച് വീടു തോറും സർവ്വേ നടത്തി പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കുക.
3. തുറന്ന കിണറുകൾ സാനിട്ടറി കിണറുകളാക്കി മാറ്റുക.
4. മലിനജലം കൃഷി സ്ഥലത്തേക്കോ, അഴുക്കു ചാലിലേക്കോ തിരിച്ചു വിടുന്നു എന്ന് ഉറപ്പ് വരുത്തുക..
5. സമൂഹം ഉപയോഗിക്കാത്ത എല്ലാ സുരക്ഷിത ജലഉറവിടങ്ങളും കണ്ടുപിടിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.
6. സ്ഥാന നിർണ്ണയത്തിന് മുമ്പ് PHED-നേയും, സ്ത്രീകളെയും പങ്കെടുപ്പിക്കുകയും പ്രധാന പങ്ക് നല്കുകയും ചെയ്യുക.
7. വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള കിറ്റ് സമ്പാദിക്കുന്നതിനും, താല്പര്യമുള്ളവരെ കിറ്റിന്റെ ഉപയോഗം പരിശീലിപ്പിക്കുന്നതിനും PHED എഞ്ചിനീയറെ സമീപിക്കുക.
8. ഫ്ലൂറൈഡ് കലർന്ന ജല ഉറവിടം ഉണ്ടോ എന്നു കണ്ടുപിടിക്കുക. ഉണ്ടെങ്കിൽ ഉപയോഗം അവസാനി പ്പിക്കുന്നതിനും, പ്രത്യാഘാതങ്ങളെ കുറിച്ച് ഗ്രാമസഭയെ അറിയിക്കുക.
9. താല്പര്യമുള്ളവർക്ക് ഹാൻഡ് പമ്പുകളുടെ അറ്റകുറ്റ പണികളിലും പരിരക്ഷണത്തിലും പരിശീലനം നല്കുക.

അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1. വെള്ളം ശേഖരിക്കുന്നതിന് മുമ്പ് പാത്രം വൃത്തിയാക്കുക.
2. വിരലുകൾ വെള്ളത്തിൽ മുക്കാതെ വേണം പാത്രം ഉയർത്താൻ
3. കുടിവെള്ളം വൃത്തിയാക്കി അടച്ചു സൂക്ഷിക്കുക.
4. കുട്ടികൾക്കും, മൃഗങ്ങൾക്കും എത്താത്ത സ്ഥലത്ത് കുടിവെള്ളം അടച്ചു വയ്ക്കുക.
5. പാത്രത്തിൽ നിന്ന് വെള്ളമെടുക്കുന്നതിന് തവിയോ, കോരികയോ ഉപയോഗിക്കുക.
6. തിളപ്പിച്ചാറിയ വെള്ളം ഉപയോഗിക്കുക.

12. വിദ്യാഭ്യാസം, സംസ്കാരം, കായികം

മകരക്കൊയ്ത്തും മെതിയും കഴിഞ്ഞാൽ ഈ ഗ്രാമം ഉറ്റുനോക്കിയിരുന്നത് മകരം ഇരുപത്തേഴാണ്. ഉച്ചാര ഉത്സവത്തിന്റെ നാളുകൾ. പുതിയ തലമുറയ്ക്കറിയാത്ത ഒരു ചടങ്ങ്. തലമുറ കൈമാറി വന്ന ആചാരാനുഷ്ഠാനങ്ങളുടെ വികലമായ പൂജാക്രമങ്ങൾ. നഷ്ടപ്പെടാതെ ഗ്രാമത്തിലെ വീടുകളിൽ ഒതുങ്ങി നിൽക്കുന്ന മറ്റൊരു പൂജ പുസ്കപൂജ. നവരാത്രി ദിവസങ്ങളിൽ ദുർഗാഷ്ടമി, മഹാനവമി, വിജയദശമി ദിവസങ്ങളിൽ മാത്രം. വിജയദശമി ദിവസം വിദ്യാരംഭം കുറിക്കുന്ന വീടുകൾ. ഇതൊക്കെ ഈ നാട്ടിൽ ഇന്നും കാണുന്നുണ്ട്. വ്യാപകമല്ലന്ന് മാത്രം. ഇതിന്റെ പിന്നിൽ അറിയപ്പെടാത്ത സത്യങ്ങളുണ്ട്. എല്ലാ മലയാളമാസവും ഇരുപത്തിയേഴിന് ഈ നാടുണരും. കഴിഞ്ഞകാലത്തിന്റെ പിൻതുടർച്ചയായിത്തന്നെ. മലയാളം ഇരുപത്തിയേഴിനാണ് എഴുകോണിൽ കാളച്ചന്ത. സമീപ പഞ്ചായത്തുകളിൽ നിന്ന് കൃഷിക്കാർ, വീട്ടമ്മമാർ, കച്ചവടക്കാർ, പാത്രം ഈയ്യംപൂശുകാർ എന്നുവേണ്ട "വേദന അറിയാതെ പല്ലു പറിച്ചുമാറ്റാൻ സ്ഥിരമായി" എത്തുന്ന കമ്പോണ്ടർസാർ. പഞ്ചാംഗം മുതൽ പഞ്ചതന്ത്രം വരെ വിൽക്കുന്ന പുസ്തക കച്ചവടക്കാർ. ചന്തയ്ക്കും ഇന്ന് മാറ്റം വന്നു. കാളച്ചന്ത - കാളയില്ലാ ചന്തയായി. ഇവിടെ നാട്ടുകൂട്ടം പഴയതുപോലെ ചേരാതായി. ഈ നാടിന്റെ ജാതകം പുതിയ തലമുറയ്ക്കറിയാതെയായി.

അദ്ധ്വാനത്തിന്റെയും സഹിഷ്ണുതയുടെയും ഉണർവാണ് ഈ നാടിന്റെ സ്വത്വം. ജീവിതവും വിദ്യാഭ്യാസവും ഒന്നിച്ചു ചേർക്കാൻ ഈ നാട് പണ്ടേ പണിപ്പെട്ടിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസം ഈ ഗ്രാമത്തിന്റെ ലക്ഷ്യമായിരുന്നു. ഇരുപതുകളിൽ ഈ ലക്ഷ്യപ്രാപ്തിക്കുള്ള തീവ്രയത്നം ഇവിടെ അരങ്ങേറി. നാടിന് യോജിച്ച വിദ്യാഭ്യാസം നാട്ടുകാർ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് പുഷ്ടിപ്പെടുത്തി. ഔപചാരിക മേഖലയേക്കാൾ അനൗപചാരിക മേഖലയെ താലോലിച്ചു. സാദ്ധ്യതകൾക്കൊത്ത് വിദ്യാഭ്യാസം രൂപാന്തരപ്പടുത്തി. 'നിശാപാഠശാല' പോലും നടത്തി ജനങ്ങളെ സാക്ഷരവല്ക്കരിച്ചു. നാല്പതുകളിൽ നടന്ന ഒരു പാഠശാലയുടെ ഹാജർ പുസ്തകം ജനകീയാസൂത്രണ സമിതി പഠനപര്യടനം സംഘം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കാലഘട്ടിൽ ശിശുവിദ്യാഭ്യാസത്തിനും വയോജനവിദ്യഭ്യാസത്തിനും ഈ പ്രദേശത്ത് വളരെ പ്രാധാന്യം കൊടുത്തിരുന്നു എന്നത് വസ്തുതയാണ്. വിദ്യാലയങ്ങളിലെ ചടങ്ങുകളിൽ പ്രധാനം പുസ്തകപൂജയായിരുന്നു. വിജയദശമി ദിവസം വിദ്യാരംഭം സർവ്വത്രികമാക്കി. കുടിപ്പള്ളിക്കുടങ്ങളാണ് ഇതിന് പ്രധാന കേന്ദ്രമായ വർത്തിച്ചത്. ശിശുവിദ്യാഭ്യാസത്തിന്റെ തുടച്ചയായി നാട്ടിൽ നടപ്പാക്കിയ വിദ്യാഭ്യാസ രീതിയാണ് പ്രൈമറി വിദ്യാഭ്യാസം. ശ്രദ്ധേയരായ ചില സാംസ്ക്കാരിക വിദ്യാഭ്യാസ പ്രവർത്തകരാണ് ഇതിനുള്ള മസ്തിഷ്ക്കങ്ങളായി നിന്നത്. അങ്ങനെയാണ് കോട്ടവിളസ്ക്കൂൾ എന്ന് ഇന്നും അറിയപ്പെടുന്ന പ്രൈമറിസ്ക്കൂൾ ആദ്യമായി ഉണ്ടായത്. 'വിദ്യാധനം സർവ്വധനാത് പ്രധാനം' എന്നറിഞ്ഞിട്ടുള്ള ഗ്രാമീണരാണ് ഇവിടെ തലമുറയായി കഴിയുന്നത്. വിദ്യസമ്പാദിക്കാൻ തെരഞ്ഞെടുത്തവഴി പാശ്ചത്യത്തിൽ നിന്നല്ല. ഒരു കുറുക്കുവഴിയും മറിച്ച് കണ്ടതുമില്ല. ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ തലം തുടങ്ങിയിരുന്നത് ഫലപ്രദമായ ശിശു വിദ്യാഭ്യാസത്തിൽ നിന്ന് മേലോട്ട് എന്ന ക്രമത്തിലായിരുന്നു. ഇന്ന് ആ നില അജ്ഞാതമായി എന്നതാണ് എടുത്തുപറയേണ്ട സത്യം. കുടിപ്പള്ളിക്കുടത്തിൽ നിന്ന് പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്ക്കൂൾ അവിടെനിന്ന് കോളേജ് എന്ന ക്രമം ശീലിച്ചുവന്നു.

ഈ ഗ്രാമപഞ്ചായത്തിൽ 6 ഹൈസ്ക്കൂളുകൾ ഉണ്ട്. ഒരു കേന്ദ്രത്തിൽ തന്നെ രണ്ടായി പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ്മീഡിയം റക്കഗ്നൈസ്ഡ് ഹൈസ്ക്കൂളും, ഒരു ടെക്നിക്കൽ ഹൈസ്ക്കൂളും, ഒരു സംസ്കൃതസ്ക്കൂളും ഇക്കൂട്ടത്തിൽപ്പെട്ട് ഇന്നുണ്ട്.

8 ലോവർ പ്രൈമറിസ്ക്കൂളും, ഒരു യു. പി. സ്ക്കൂളും നിലവിലുണ്ട്. അതിൽ 5 എണ്ണം ഗവ. മേഖലയിലും, 3 എണ്ണം പ്രൈവറ്റ് മേഖലയിലും.

ഹൈസ്കൂൾ മേഖലയിൽ 140 അദ്ധ്യാപകരും പ്രൈമറിയിൽ 54 പേരും പ്രവർത്തിക്കുന്നു. ഇവരിൽ 129 പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളിലും കൂടി വിദ്യാർത്ഥികളും പ്രൈമറി വിഭാഗത്തിൽ വിദ്യാർത്ഥികളും പഠിക്കുന്നു. ഇവരിൽ പേർ ഹരിജൻ കുട്ടികളാണ്. ഒരു സ്കൂളിലൊഴികെ എല്ലാ സ്കൂളുകളിലും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പരിമിതമായിട്ടുണ്ട്.

നമ്മുടെ ഗ്രാമത്തിൽ 7 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

1) A.E.P. പബ്ലിക് ലൈബ്രറി ഇരുമ്പനങ്ങാട്, 2) പബ്ലിക് ലൈബ്രറി കാരുവേലിൽ 3) പബ്ലിക് ലൈബ്രറി, കാക്കക്കോട്ടൂർ, 4) എഴുകോൺ പഞ്ചായത്ത് ലൈബ്രറി, 5) വിവേകദായിനി ലൈബ്രറി & റീഡിംഗ് റൂം, പുതുശ്ശേരിക്കോണം എഴുകോൺ, 6) നെഹ്രുജി മെമ്മോറിയൽ ലൈബ്രറി & റിഡീംഗ് റൂം നെടമ്പായ്ക്കുളം 7) വിവേകദായിനി വായനശാല അമ്പലത്തുംകാല എന്നിവ. ഇവിടെ വായനക്കാരുടെ ബന്ധം പരിമിതമാണ്. പ്രത്യേകിച്ച് സ്ത്രീകൾ വായനശാല പ്രയോജനപ്പെടുത്തുന്നില്ല. എന്നത് ദുഃഖകരമാണ്. പുസ്തകശേഖരണം വളരെ വലുതാണ്. എല്ലാ ലൈബ്രറികളിലും ഗ്രന്ഥശാലാസംഘത്തിന്റെ നിർജ്ജീവാവസ്ഥ ഈ പ്രദേശത്തെ ഗ്രന്ഥാലയങ്ങളെ ബാധിച്ചിട്ടുണ്ട്. ഒരു കാലത്ത് ഈ ഗ്രന്ഥശാലകൾ ഈ ഗ്രാമത്തിന്റെ ആവേശമായിരുന്നു. ഇന്ന് പലതും സ്മാരകം മാത്രം. ഇവ കൂടാതെ ശ്രദ്ധേയങ്ങളായ ചില ഹോം ലൈബ്രറികളും പ്രവർത്തിക്കുന്നുണ്ട്. ഉപരിവിദ്യാഭ്യാസയോഗ്യമായ റഫറൻസ് പുസ്തകങ്ങൾ കുറച്ചെങ്കിലുമുള്ളത് എഴുകോൺ പഞ്ചായത്ത് ലൈബ്രറിയിലും സ്വകാര്യലൈബ്രറികളിലുമാണ്.

അനൗപചാരികവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ 9 പാരലൽ കോളജ്, 3 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, സർക്കാർ സഹായത്തിലുള്ള ഒരു ഡ്രായിംഗ് സ്കൂളും, 2 അംഗീകൃത തയ്യൽ സ്കൂളുകളും ഉണ്ട്.

ശിശുവിദ്യാഭ്യാസം

ഔപചാരികവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2 പ്രീ-പ്രൈമറി സ്കൂളുകളും, 5 നഴ്സറി സ്കൂളുകൾ സ്വകാര്യമായും 4 അൺ എയ്ഡഡ് പ്രീപ്രൈമറി (ഇംഗ്ലീഷ് മീഡിയം) സ്കൂളുകളും, 5 കുടിപ്പള്ളിക്കുടങ്ങളും പഞ്ചായത്ത് ഗ്രാന്റ് കൊടുത്ത് ശിശുവിദ്യാഭ്യാസരംഗത്ത് ഇന്നീ ഗ്രാമത്തിലുണ്ട്. ഇതിനൊരു ഏകീകൃതരൂപമില്ലാ എന്നത് ഇതിൽ നിന്നും വ്യക്തമാണ്. വിജ്ഞാനത്തിന്റെ അടിസ്ഥാനം കുറിക്കുന്ന, സ്വഭാവരൂപീകരണത്തിന് കുട്ടിയെ ശീലിപ്പിക്കുന്ന ഈ വിദ്യാഭ്യാസഘട്ടത്തിൽ രക്ഷിതാക്കൾ വേണ്ട ഗൗരവം ഈ രംഗത്ത് പ്രകടിപ്പിക്കുന്നില്ലെന്നത് പരിശോധനാർഹമാണ്.

പ്രശ്നങ്ങൾ

1. പ്രൈമറി ഹൈസ്കൂൾ തലങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം അത്ഭുതകരമാം വണ്ണം കുറയുന്നു. അത് സ്കൂളുകളുടെ നിലനില്പിനെ ബാധിക്കുന്നു.
2. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഒരേകീകൃത സ്വഭാവമില്ല.
3. ആധുനിക സാങ്കേതിക വിദ്യാഭ്യാസ സൗകര്യം തീരെ ഈ ഗ്രാമത്തിലില്ല, അതിലേക്ക് ശ്രദ്ധയും പതിയുന്നില്ല.
4. ഉന്നത വിദ്യാഭ്യാസ രംഗത്തും, തൊഴിൽ രംഗത്തും നടക്കുന്ന മത്സരപരീക്ഷകളിൽ നമ്മുടെ യുവാക്കൾക്ക് പരിശീലനം ലഭിക്കാതെ പിന്തള്ളപ്പെടുന്നു.

പരിഹാരം

1. അയൽപക്കവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തണം. അതിനായി നമ്മുടെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുനനതിനും പഠന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ശക്തമായ പി.ടി.എ. സമിതികൾ ഉണ്ടാവുകയും യോജിച്ച് പ്രർത്തിക്കുകയും വേണം.
2. പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നിർബന്ധമാക്കുകയും യൂണിഫോം, പശ്ചാത്തല സൗകര്യങ്ങൾ ആകർഷകവും, മെച്ചപ്പെട്ടതും ആക്കുക, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും,

കാലാകാലങ്ങളിൽ മാതൃസമിതികൾ ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

3. പ്രീ-പ്രൈമറി ഏകീകരിക്കുകയും, സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യണം. മാതൃഭാഷാടിസ്ഥാനത്തിൽ ബോധനം നടത്തണം. എല്ലാ പ്രൈമറി സ്കൂളുകളോടും ചേർന്ന് ആകർഷണീയമായ നിലയിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുകയും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും വേണം.

4. T.H.S.ൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, അത് പോളിടെക്നിക്കായി ഉയർത്തിക്കൊണ്ട് കൂടുതൽ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും വേണം.

5. എഴുകോൺ സംസ്കൃത ഹൈസ്കൂളിനോടു ചേർന്ന് നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് സഹകരണത്തോടെയും ശ്രീ ശങ്കരാസംസ്കൃത സർവ്വകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം പ്രവർത്തിക്കാൻ വേണ്ടുന്ന നടപടി ഗവൺമെന്റ് തലത്തിൽ സ്വീകരിക്കണം.

6. പഞ്ചായത്ത് നേതൃത്വം കൊടുക്കുന്നതും, പഞ്ചായത്ത് ലൈബ്രറിയോട് ബന്ധപ്പെടുത്തിയും മത്സരപരീക്ഷകളെ മുൻനിർത്തി ഒരു പഠനപരിശീലനകേന്ദ്രം ആരംഭിക്കുക. പ്രാദേശികമായി ലഭിക്കുന്ന വിദഗ്ദ്ധരുടെ പാനലിൽ നിന്ന് ബന്ധപ്പെട്ടവരെ കണ്ടെത്തി പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് സമിതിയെ ഏല്പിക്കണം. റിട്ടേർഡ് ഉദ്യോഗസ്ഥരുടേയും, സർവ്വീസിലിരിക്കുന്ന വിദഗ്ദ്ധരുടെയും സേവനം ലഭ്യമാക്കുക.

7. നിലത്തെഴുത്താശാന്മാർക്ക് പഞ്ചായത്ത് ചുമതലയിൽ ഓറിയന്റേഷൻ കോഴ്സുകൾ നടത്തി ഗുണമേന്മയുണ്ടാക്കണം.

സംസ്കാരം

ഭാരതക്കളി, സീതകളി, കോൽക്കളി, കരടികളി, പുലികളി, കൈകൊട്ടിക്കളി, തുമ്പികളി, തിരുവാതിരകളി, കഥകളി, പുള്ളുവപ്പാട്ട്, തോറ്റംപാട്ട്, വില്പാട്ട്, കൃഷിപ്പാട്ട്, ശാസ്താംപാട്ട്, ഓട്ടംതുള്ളൽ, പഴുക്ക അശുകൊശലോം, കളമെഴുത്ത് എന്നീ രൂപങ്ങളുടെ വഴിത്താരകയിലൂടെയാണ് നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരികത്തനിമ ജന്മമെടുക്കുന്നത്. നമ്മുടെ മുൻമുറക്കാരുടെ ജീവസന്ധാരണ മാർഗ്ഗങ്ങളായിരുന്ന ചെത്തു, നെയ്ത്ത്, വൈദ്യം, കൃഷി, കാലിവളർത്ത്, കരിങ്കൽ പണി തുടങ്ങിയ പണി മേഖലകളിലൂടെയും രൂപപ്പെട്ട സംസ്കാരത്തിന്റെ ഉടമകളാണ് ഈ ഗ്രാമീണർ. ജീവിതവും ജീവിതബന്ധമുള്ള കലാരൂപങ്ങളും ഈ ഗ്രാമത്തിന്റെ സംസ്കാരം രൂപപ്പെടുത്താൻ കാരണമായിട്ടുണ്ട്. ഈ തുടർച്ചയിൽ നിന്ന് അനേകം സാംസ്കാരിക സമ്മേളനങ്ങൾ സംവാദങ്ങൾ, പന്തിഭോജനസമരം, സംസ്ഥാനതല ചെറുകഥാക്യാമ്പ്, സംഗീതനാടക അക്കാഡമി കലോത്സവം തുടങ്ങി അനേകം സംഭവങ്ങൾക്ക് ഈ ഗ്രാമഹൃദയം സാക്ഷ്യം വഹിച്ചിട്ടുണ്ട്.

കലാ കായിക രംഗത്തുപ്രവർത്തിക്കുന്ന പതിനഞ്ചോളം ക്ലബുകളും നിരവധി സാഹിത്യ സാംസ്കാരിക സംഘടനകളുമുണ്ട്. പി.എം. കേശവന്റെ (കേശവൻ സാർ) പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സുപ്രഭാതം, പുരോഹിതൻ എന്നീ മാസികകൾ 1929ൽ എഴുകോണിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നു. പില്ക്കാലത്തും പല പത്രമാസികകളും ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള എഴുകോൺ ശിവശങ്കരൻ സാഹിത്യ അവാർഡ് സംസ്ഥാനതലത്തിൽ ശ്രദ്ധിക്ക പ്പെടുന്നതാണ്. എന്നാൽ കലാപരിപാടികളുടെ ആസ്വാദനത്തിന് ഈ ഗ്രാമത്തിനൊത്തു കൂടാൻ ഒരു സാംസ്കാരിക കേന്ദ്രമില്ല. ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആഡിറ്റോറിയം പഞ്ചായത്ത് കേന്ദ്രത്തിൽ ആവശ്യമായിട്ടുണ്ട്. കലാപരിപാടികൾ ആസ്വദിക്കാനുള്ള അവസരം ക്ഷേത്രങ്ങളുടേയും പള്ളികളുടേയും ഉത്സവാഘോഷങ്ങളിൽ മാത്രമായി ചുരുങ്ങുന്നു. ഉണ്ടായിരുന്ന ഓരേയൊരു സിനിമാശാലപോലും പ്രവർത്തിക്കുന്നില്ല.

കായികരംഗം

ലോകശ്രദ്ധായാകർഷിച്ചിട്ടുള്ള ഒളിമ്പ്യൻ ടി.സി. യോഹന്നാനെ സംഭാവന ചെയ്ത ഗ്രാമമാണ് നമ്മുടേത്. എന്നാൽ യുവതലമുറയ്ക്ക് കായിക പരീശിലനം നല്കുന്നതിനുള്ള ഒരു സൗകര്യവും ഈ ഗ്രാമത്തിനില്ല. സ്കൂളുകൾ പോലും കായികരംഗത്ത് വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ ശ്രദ്ധ ചെലുത്തുന്നില്ല. സംസ്ഥാന നിലവാരത്തിലുള്ള ഒരു സ്റ്റേഡിയവും ഗവൺമെന്റിന്റെ സഹായത്തിലുള്ള ഒരു കോച്ചിംഗ് സെന്ററും ലഭ്യമാക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

13. സഹകരണമേഖല

പരസ്പര സഹായസഹകരണസംഘമായി 1124 ചിങ്ങം 19ാം തീയതി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് ഇന്നത്തെ എഴുകോൺ സർവ്വീസ് സഹകരണ ബാങ്കായി വളർന്നിട്ടുള്ളത്. 1904ലെ സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനമാണ് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള ഏറ്റവും പഴക്കമുള്ള സഹകരണസ്ഥാപനം. സഹകരണമേഖലയ്ക്ക് സാമാന്യം നല്ല വേരോട്ടമുള്ള പഞ്ചായത്താണ് നമ്മുടേത്. നലിവിൽ സജീവമായി പ്രവർത്തിക്കുന്ന പത്തു സഹകരണസ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. ക്ഷീരവ്യവസായ രംഗത്തു നാലും, കൈത്തറിവ്യവസായത്തിൽ രണ്ടും, കൺസ്യൂമർ മേഖലയിൽ ഒന്നും, ഉല്പാദനവിപണമേഖലയിൽ ഒന്നും വായ്പാ പ്രവർത്തനരംഗത്തു ഒന്നും ഹരിജൻ മേഖലയിൽ ഒന്നും എന്ന നിലയിൽ ഇവ പ്രവർത്തിച്ചു വരുന്നു. അവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. എഴുകോൺ സർവ്വീസ് സഹകരണബാങ്ക്
2. എഴുകോൺ ഹരിജൻ സർവ്വീസ് സഹകരണ സംഘം
3. എഴുകോൺ കോക്കോനട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണസംഘം
4. ഇടയ്ക്കിടം കൈത്തറി നെയ്ത്തുവ്യവസായ (ഉൽപാദകവിക്രയ) സഹകരണസംഘം
5. എഴുകോൺ കൈത്തറി നെയ്ത്തു വ്യവയായ (ഉൽപാദകവിക്രയ) സഹകരണസംഘം
6. എഴുകോൺ ക്ഷീരവ്യവസായ സഹകരണ സംഘം
7. കാരുവേലിൽ ക്ഷീരവ്യവസായ സഹകരണസംഘം
8. നെടമ്പായിക്കുളം ക്ഷീരവ്യവസായ സഹകരണസംഘം
9. അമ്പലത്തുംകാല ക്ഷീരവ്യവസായ സഹകരണസംഘം
10. എഴുകോൺ പഞ്ചായത്ത് കൺസ്യൂമേഴ്സ് സഹകരണസംഘം

11971 അംഗങ്ങളും 1626561 രൂപാ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനവും 4776519 രൂപാ നിക്ഷേപബാക്കിയും 3348457 രൂപാ നില്പു വായ്പയും ഉള്ള ബൃഹത്തായ സാമ്പത്തിക സ്ഥാപനമാണ് എഴുകോൺ സർവ്വീസ് സഹകരണ ബാങ്ക് ലഭ്യമായ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് കാർഷികാവശ്യംങ്ങൾക്കായി 1,4705661 രൂപയും കാർഷികേതര ആവശ്യങ്ങൾക്കായി 1,9242796 രൂപയും വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ബാങ്കിൽ നിന്നും എടുത്തിട്ടുള്ളതു 65,37,286 രൂപാ മാത്രമാണ്. ബാങ്കിന് നിലവിൽ വായ്പാ കുടിശ്ശികയായി 1,1725907 രൂപാ പിരിഞ്ഞു കിട്ടാനുണ്ട്. കൂടുതൽ നിക്ഷേപം കണ്ടെത്തിയും വായ്പാ വിതരണം വർദ്ധിപ്പിച്ചും കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തിയും ബാങ്കിന്റെ നിലവാരം മെച്ചപ്പെടുത്താവുന്നതാണ്.

നിലവിലുള്ള നിയമപ്രകാരം നിക്ഷേപത്തുകയുടെ 25% ഫ്ലൂയിഡ് റിസർവ്വ് ആയി സൂക്ഷിക്കേണ്ടതു കൊണ്ട് കൂടുൽ തുക വായ്പാ വിതരത്തിനു വിനിയോഗിക്കാൻ കഴിയാതെ മാറ്റി വയ്ക്കേണ്ടി വരുന്നു. അടുത്തകാലത്തതു വാണിജ്യ ബാങ്കുകൾക്ക് ഇതു 10% ആയി കേന്ദ്രഗവൺമെന്റ് കുറച്ചതു പോലെ സഹകരണബാങ്കുകൾക്കും ബാധകമാക്കിയാൽ കൂടുതൽ പ്രയോജനകരമായി പ്രവർത്തിക്കാൻ കഴിയും.

സഹകരണരംഗത്തെ കാലഹരണപ്പെട്ട നിയമങ്ങളും മറ്റും കാലോചിതമായി പരിഷ്കരിക്കപ്പെടേണ്ട താണ്. കൂടുതൽ ശാഖകൾ തുറന്നു ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്.

ചെറിയതോതിൽ വായ്പാ പ്രവർത്തനം നടത്തി വന്ന ഹരിജൻ സംഘത്തിലെ വായ്പാ പ്രവർത്തനം ഏതാണ്ട് നിലച്ചമട്ടിലാണ്. വായ്പാ തിരിച്ചടവിലുണ്ടായ വീഴ്ച പരിഹരിച്ചും

അംഗങ്ങൾക്കിടയിൽ ബോധനപ്രവർത്തനം നടത്തിയും സഹകരണവകുപ്പിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കൂടുൽ സഹായം ലഭ്യമാക്കിയും ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്വന്തമായ ആസ്ഥാനവും ഉണ്ടാകേണ്ടതുണ്ട്.

നാളികേരസംഭരണസംസ്കരണ രംഗത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന നാളീകേര സംസ്കരണവിപണനസംഘം പല കാരണ ങ്ങൾക്കൊണ്ട് ഇന്ന് ഉദ്ദിഷ്ടനിലയയിൽ തപ്തികരമായി പ്രവർത്തിക്കുന്നില്ല. ആധുനിക നിലയിലുള്ള ഒരു കാലിത്തീറ്റ ഫാക്ടറി ഇതൊടനുബന്ധിച്ച് സ്ഥാപിതമായിട്ടുണ്ടെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല.

നാളീകേരസംഭരണസംസ്കരണരംഗത്ത് വീണ്ടും ശ്രദ്ധചെലുത്തിയും, നിലവിലുള്ള ഫാക്ടറി പ്രവർത്തനക്ഷമമാക്കിയും ഉല്പന്നത്തിന് വിപണി കണ്ടെത്തിയും പ്രവർത്തനം മെച്ചപ്പെടുത്താ വുന്നതാണ്. റബ്ബർ, കുരുമുളക് കശുവണ്ടി തുടങ്ങിയവയുടെ സംഭരണ വിപണനങ്ങൾ വഴിയും മറ്റു പുതിയ മേഖലകൾ കണ്ടെത്തിയും സംഘം ആദായകരമായി പ്രവർത്തിപ്പി ക്കാവുന്നതാണ്.

☆ കൈകത്തറി വ്യവസായ സഹകരണ മേഖലയിൽ പഞ്ചായത്തിൽ രണ്ടു സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിരലിലെണ്ണാവുന്ന തൊഴിലാളികൾ മാത്രമാണ് രംഗത്തുള്ളത്. ഈ രംഗത്തെ മുരടിപ്പ് അവസാനിപ്പിക്കുനതിനുള്ള യോജിച്ച പ്രവർത്തനങ്ങളിൽ നിലവിലുള്ള സംഘങ്ങൾക്ക് താല്പര്യമില്ല. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ആവശ്യമായ പരിശീലനവും ധനസഹായവും നല്കി പ്രോത്സാഹിപ്പിക്കാൻ ഈ രംഗം സജീവമാക്കാൻ കഴിയും.

☆ ക്ഷീരവ്യവസായ രംഗത്ത് നാലു സംഘങ്ങൾ ലാഭകരമായും കാര്യക്ഷമമായും പ്രവർത്തിച്ചു വരുന്നുണ്ട്. പാൽ ഉല്പാദകർക്ക് അർഹിക്കുന്ന വില ലഭിക്കുന്നില്ലെന്നുള്ളത് ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. കൃഷി, സഹകരണം, ഡയറി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിച്ച് ഈ രംഗം കൂടുതൽ കുടുംബങ്ങളുടെ ജീവനോപാധിയായി മാറ്റാൻ കഴിയുന്നതാണ്.

ആരംഭസമയത്ത് ആകർഷികമായ പ്രവർത്തനം നടത്തിയിരുന്ന എഴുകോൺ പഞ്ചായത്തു കൺസ്യൂമേഴ്സ് സഹകരണ സംഘം ഇന്നേതാണ്ട അചേതനാവസ്ഥയിലാണ്.

കൂടുതൽ പ്രവർത്തനമൂലധനം കണ്ടെത്തിയും സർക്കാർ സഹായം ലഭ്യമാക്കിയും ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭ്യമാക്കിയും പ്രവർത്തനം പുനരുജ്ജീവി പ്പിക്കേണ്ടതാണ്. ഭംഗിയായി പ്രവർത്തിച്ചാൽ പാവപ്പെട്ടവർക്ക് ആവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിൽ ഫലപ്രദമായ പങ്കുവഹിക്കാൻ കഴിയുന്നതാണീ സ്ഥാപനം.

സഹകരണ രംഗത്തെ സാധ്യതകൾ

1. സർവ്വീസ് സഹകരണ ബാങ്കിന്റെ ചുമതലയിലോ, പുതുതായോ ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഒരു സഹകരണ ആശുപത്രി ആരംഭിക്കാവുന്നതാണ്.
2. നാളീകേരത്തെ ആധാരമാക്കിയുള്ള വിവിധതരം ഉല്പന്നങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുന്ന ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
3. മുട്ടക്കോഴി കൃഷി വ്യാപകമാക്കി. മുട്ട ഉല്പാദന സംഭരണ വിപണനത്തിനു മുൻതൂക്കം നല്കി മുട്ടക്കോഴി കർഷകരുടെ ഒരു സംഘം രൂപീകരിക്കാവുന്നതാണ്.
4. റബ്ബർ അടിസ്ഥാനഘടകമായിട്ടുള്ള വ്യവസായ സംരഭങ്ങൾ സഹകരണമേഖലയിൽ ആരംഭിക്കാവുന്നതാണ്.
5. ആധുനിക സംവിധാനങ്ങളള്ള ഒരച്ചടിശാല സഹകരണ മേഖലയിൽ ആരംഭിക്കാ വുന്നതാണ്.

കൈത്തറി സഹകരണസംഘങ്ങൾ

പേര്	പ്രവർത്തനപരിധി	ആകെ അംഗങ്ങൾ	ഓഹരി മൂലധനം	സർക്കാർ ഓഹരി (രൂപയിൽ)	വിറ്റുവരവ് (രൂപയിൽ)	ലാഭം/നഷ്ടം (രൂപയിൽ)	സ്റ്റാഫിന്റെ എണ്ണം	തൊഴിലാളികളുടെ എണ്ണം
ഇടയ്ക്കിടം H.W.C.S. Ltd. No. 7 എഴുകോണം	പോച്ചംകോണം അറുപറകോണം ഇടയ്ക്കോട് കോളന്നൂർ കടയ്ക്കോട് കരീപ്ര	140	50030.25	28,000	50773.50	39147.91 (നഷ്ടം)	1 (സെക്രട്ടറി)	50
എഴുകോൺ ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണസംഘം No. 3444	എഴുകോൺ ചിറ്റാകോട് കാരുവേലിൽ കിഴക്കേ മാറനാട്	136	2,00,000	1,39,-000		നഷ്ടം	1 (സെക്രട്ടറി)	25

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

ക്രമനമ്പർ	സഹകരണ സംഘത്തിന്റെ പേര്	മൊത്തം അംഗങ്ങൾ	ശരാശരി പാൽവരവ് (ലിറ്ററിൽ)	ശരാശരി പ്രാദേശിക വിപണനം (ലിറ്ററിൽ)	ശരാശരി പാൽ വില (രൂപയിൽ)	നിലവിലുള്ള സ്കീമുകൾ (രൂപയിൽ)എണ്ണം	ബോണസ് വിതരണം ശതമാനത്തിൽ
1	അമ്പലത്തുകാല ക്ഷീര സഹകരണ സംഘം APCOS	400	450	100	8.25	കാലിത്തീറ്റ, കാൽസ്യം, തീറ്റപ്പുൽ, ഇൻമ്മുഷന്റെ, പയർ, മഞ്ഞച്ചോളം	5.8
2	നെടുമ്പയിക്കുളം ക്ഷീര സഹകരണസംഘം APCOS	150	250	30-40	8.66	Do	5.7
3	കാരുവേലിൽ ക്ഷീര സഹകരണസംഘം APCOS	100	150	30	8.25	Do	5.8
4	എഴുകോൺ ക്ഷീര വ്യവസായ സഹകരണസംഘം	229	300	150	9	കാലിത്തീറ്റ കാൽസ്യം കച്ചി	

14. വനിത

നിലവിലുള്ള സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 28789 ആളുകളാണ് ഉള്ളത്. ഇതിൽ 51% സ്ത്രീകളാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. പൊതുപ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവാണ്. മഹിളാസമാജങ്ങൾ 6 എണ്ണവും അംഗൻവാടികൾ മൂന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ മഹിളാ സംഘടനകൾ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. അബലകളെ പ്രബലകളാക്കുക എന്ന സവിശേഷതയോടു കൂടിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം പഞ്ചായത്ത് പ്രദേശങ്ങളിലെ വനിതകൾക്ക് ഒരു ഉണർവ്വുണ്ടായിട്ടുണ്ട്. കാർഷിക വ്യാവസായിക മേഖലകളിൽ മെക്കനൈസേഷൻ കടന്നു വന്നതോടു കൂടി സ്ത്രീകളാണ് തൊഴിൽ മേഖലയിൽ നിന്നും അധികവും നിഷ്കാസിതരാകുന്നത്. ഇതിന് ഒരുറുതിയുണ്ടാവണം പുരുഷന്മാരെ പോലെ സ്ത്രീകൾക്കും എല്ലാ മേഖലകളിലും അവസരം നല്കണം. ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി DWCRA യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. നിലവിൽ ഇരുമ്പനങ്ങാട് കേന്ദ്രമാക്കി ഒരു മെറ്റൽ ക്രഷിംഗ് യൂണിറ്റും പുതുശ്ശേരിക്കോണം കേന്ദ്രമാക്കി ഒരു റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ പൊതുവെ ഉത്സാഹശീലരാണ്. കശുവണ്ടി മേഖലയിലാണ് കൂടുതൽ സ്ത്രീകൾ പണി ചെയ്യുന്നത്. പഞ്ചായത്തിൽ മൂന്ന് കോർപ്പറേഷൻ നടക്കം പതിനൊന്ന് കശുപണ്ടി ഫാക്ടറികളാണുള്ളത്. ഈ ഫാക്ടറികളിലെല്ലാം കൂടി 6500 സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്നു. രണ്ടാം സ്ഥാനം കരികൽ മേഖലയ്ക്കാണ്. പതിനഞ്ചോളം പാറ കോറികളിൽ പ്രത്യക്ഷമായും പരോക്ഷമായും 250 ഓളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നു. 10 കട്ട കമ്പനികൾ നിലവിലുണ്ട്. 125 ഓളം സ്ത്രീ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. വനിതകളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആട് വളർത്തൽ, കോഴി വളർത്തൽ ഗാർമെന്റ് യൂണിറ്റ്, നെയ്ത്ത് ബീഡിതെറുപ്പ്, ഓലമെടച്ചിൽ എന്നിവയ്ക്ക് നമ്മുടെ നാട്ടിൽ സാധ്യതകളുണ്ട്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾക്ക് വായനാശീലം ഉണ്ടെങ്കിലും വായനശാലകളിലൽ പോയി അംഗത്വമെടുക്കുന്നവർ വളരെ കുറവാണ്. നഴ്സറികൾ വനിതകൾക്ക് തൊഴിൽ വസരമുണ്ടാക്കുന്നതാണ്. വ്യാവസായികാടിസ്ഥാനത്തിൽ കൂൺകൃഷി, അലങ്കാര പുഷ്പകൃഷി, (ഓർകിഡ് ആന്തൂറിയം), ഔഷധസസ്യകൃഷി മുതലായവ കൃഷി ചെയ്യാനുള്ള സാധ്യതയുണ്ട്. പരമ്പരാഗതവൈദ്യന്മാർ ഉള്ള നമ്മുടെ നാട്ടിൽ ഈ ചികിത്സാ സമ്പ്രദാം വനിതകൾക്ക് കൈമാറുന്നില്ല.

നിർദ്ദേശങ്ങൾ

1. സ്വയം തൊഴിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുൻകൈയെടുക്കുക.
2. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണ പ്രാവർത്തനങ്ങൾ നടത്തുക.
3. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിനാവശ്യമായ ബോധവത്ക്കരണം നടത്തുക.

15. പട്ടികജാതി ക്ഷേമം

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന പട്ടികജാതിക്കാരുടെ പരിരക്ഷയ്ക്ക് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും പ്രാധാന്യം നൽകി ബഹുമുഖ വികസന പരിപാടികൾ നടപ്പാക്കിവരുന്നു.1991 കനേഷുമാരി കണക്കെടുപ്പ് അനുസരിച്ച് ജനസംഖ്യ 22531 ആണ്. അതിൽ 3780 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ടവർ പഞ്ചായത്തിൽ താമസമില്ല. നിലവിൽ 8 കോളനികൾ ഉണ്ട്. ഇതിൽ കാരുവേലിൽ അംബേദ്ക്കർ കോളനിയും, ഇരുമ്പനങ്ങാട് IHDP കോളനിയും ഉൾപ്പെടുന്നു. നാല് പുതിയ കോളനികൾ രൂപികരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ പഞ്ചായത്തിൽ ഒരു വെൽഫയർ സ്കൂൾ മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. കാരുവേലിൽ ഒരു ആഗ്രോ സർവ്വീസ് സെന്ററും, ഒരു സഹകരണസംഘവും നിലവിലുണ്ട്. പട്ടികജാതി വികസനത്തിനായി വിവിധ തലങ്ങൾ വഴി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതികൾ പ്രധാനമായും

(i) വിദ്യാഭ്യാസ പരിപാടികൾ

(ii) സാമ്പത്തിക വികസന പരിപാടികൾ

(iii) സാമൂഹ്യ ഉന്നമന പരിപാടികൾ, എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1994 ൽ നിലവിൽ വന്ന ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൻപ്രകാരം വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ഓലമേയുന്നതിനുള്ള ധനസഹായം:

ഓലമേഞ്ഞ വീടുകളുടെ മേൽക്കൂര കെട്ടിമേയുന്നതിന് ഒരു വീടിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 4000 രൂപാ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിയ്ക്കാവുന്നതാണ്. 96-97 ൽ ടി ആവശ്യത്തിനായി 2 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

2. ഓടുമേയാനുള്ള ധനസഹായം:

മേൽക്കൂര ബലപ്പെടുത്തി വീട് ഓടുമേയുന്നതിന് 3000 രൂപാ ധനസഹായമായി നൽകിവരുന്നു. 8000 രൂപാ വാർഷീക വരുമാനമുള്ളവർക്ക് ധനസഹായത്തിനായി അപേക്ഷിക്കാം.

ടി ആവശ്യത്തിനായി 96-97 ൽ അപേക്ഷകൾ സ്വീകരിച്ച് ജില്ലാ വെൽഫെയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

3. വിവാഹ ധനസഹായം:

നിർദ്ധനരായ പട്ടികജാതി രക്ഷകർത്താക്കൾക്ക് തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കാൻ 2000 രൂപ ധനസഹായമായി നൽകുന്നു. 8000 രൂപാ വരെ വാർഷീക വരുമാനം ഉള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാം.

ടി ആവശ്യത്തിനായി 96-97 ൽ 3 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 5 പേർക്ക് ധനസഹായം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ചികിത്സാ ധനസഹായം:

ഏറ്റവും നിർദ്ധനരായ പട്ടികജാതിക്കാർക്ക് ഗുരുതരമായ രോഗങ്ങൾക്ക് ദീർഘകാല ചികത്സയ്ക്കായി ഒരു വ്യക്തിയ്ക്ക് 1000 രൂപ ധനസഹായമായി നൽകുന്നു. 8000 രൂപ വരെ വാർഷീക വരുമാനം ഉള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ഇതുവരെ നൽകിയിട്ടില്ല. അർഹരായ അപേക്ഷകർ ഉണ്ടായിരുന്നില്ല.

5. എഴുത്തുപരീക്ഷ / ഇന്റർവ്യൂവിന് ഹാജരാകാൻ ധനസഹായം:

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേക്ക് എഴുത്തുപരീക്ഷ / ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലംവരെ പോയി മടങ്ങിവരുവാൻ യാത്രാബത്ത നൽകിവരുന്നു. ഫാസ്റ്റ് പാസഞ്ചർ / റെയിൽവേ രണ്ടാം ക്ലാസ്സ് നിരക്കുകളാണ് നൽകുന്നത്.

ടി ആവശ്യത്തിനായി 585 രൂപ 4 പേർക്കായിട്ട് നൽകിയിട്ടുണ്ട്. ലഭിച്ചിട്ടുള്ള 80 അപേക്ഷകൾ നിലവിലുണ്ട്. യാത്രപ്പടി നൽകുവാൻ നടപടി സ്വീകരിച്ചുവരുന്നു.

6. നഴ്സറി സ്ക്കൂളുകൾ

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്ക്കൂളുകളിൽ ഒരു കുട്ടിക്ക് 5 രൂപ വീതം പ്രതിദിനം ഭക്ഷണച്ചെലവിനായും; 200 രൂപ രണ്ട് ജോഡി വസ്ത്രങ്ങൾക്കും നൽകി വരുന്നു. ആധുനിക രീതിയിലുള്ള എൽ.കെ.ജി / യു.കെ.ജി. വിദ്യാഭ്യാസവും നൽകിവരുന്നു. നെടുമ്പായിക്കുളം ഹെബ്രോൺ നഴ്സറി സ്ക്കൂളിന് 7 കുട്ടികൾക്കായി 5600 രൂപ നൽകിയിട്ടുണ്ട്.

7. പ്രൈവറ്റ് നഴ്സറി സ്ക്കൂളുകൾ:

മെച്ചപ്പെട്ട അദ്ധ്യായന നിലവാരമുള്ള പ്രൈവറ്റ് നഴ്സറി സ്ക്കൂളുകൾ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് എൽ.കെ.ജി/യു.കെ.ജി. സംവിധാനത്തിൽ പഠിക്കുന്നതിന് ഒരു വർഷം 2200 രൂപായിൽ (ഒരു കുട്ടിയ്ക്ക്) അധികരിക്കാതെ ചെലവ് സർക്കാർ വഹിക്കുന്നു. അഡ്മിഷൻ 12000 രൂപ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന രക്ഷകർത്താക്കളുടെ കുട്ടികൾക്ക് മാത്രമാണ്.

II ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. സംയോജിത ഭവന നിർമ്മാണ ധനസഹായം:

എ. ഭവന നിർമ്മാണത്തിനും അനുബന്ധസൗകര്യങ്ങൾക്കുമായി 15,000 രൂപാ ധനസഹായം നൽകുന്നു.

ബി. പട്ടികജാതിയിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കരിമ്പാലൻ, മാവിലൻ തുടങ്ങിയ ജാതിയിൽപ്പെട്ടവർക്കായി 1995 - 96 മുതൽക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ധനസഹായതുക 15000 രൂപ.

മേൽ വ്യക്തമാക്കിയ രണ്ട് പദ്ധതികൾക്ക് വരുമാനപരിധി 8000 രൂപയാണ്.

2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി:

എ. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭൂമി വാങ്ങുന്നതിന് 10,000 രൂപ, ഭവനനിർമ്മാണത്തിന് 15,000 രൂപ ഉൾപ്പടെ ആകെ 25,000 രൂപ ധനസഹായമായി നൽകുന്നു. ധനസഹായതുക ഉപയോഗിച്ച് മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിയും, ഗ്രാമപ്രദേശങ്ങളിൽ 4 സെന്റ് ഭൂമിയും വാങ്ങിയിരിക്കണം. വരുമാനപരിധി 8,000 യിൽ അധികരിക്കരുത്.

ഒൻപതാം വാർഡിൽ പുതുശ്ശേരിക്കോണത്ത് 4 സെന്റ് ഭൂമിയും വീടും 13 പേർക്ക് നൽകിയിട്ടുള്ളതാകുന്നു. ഒരു പൊതുകിണറും ടി സ്ഥലത്ത് കുഴിച്ചിട്ടുണ്ട്.

ബി. പട്ടികജാതിയിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, മാവിലൻ, കരിംപാലൻ തുടങ്ങിയ ജാതിക്കാർക്കായിട്ട് 1995 - 96 മുതൽ പ്രത്യേക പദ്ധതിയും നടപ്പിലാക്കി വരുന്നു. ഭൂമി വാങ്ങുന്നതിന് 15,000 രൂപ, ഭവനനിർമ്മാണത്തിന് 15,000 രൂപ ഉൾപ്പടെ 30,000 രൂപ ധനസഹായമായി നൽകുന്നു. 'എ' ഖണ്ഡികയിൽ വ്യക്തമാക്കിയിരിക്കുന്ന നിയമങ്ങൾ ഈ പദ്ധതിയ്ക്കും ബാധകമാണ്.

3. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം:

പട്ടികജാതിക്കാരുടെ വീട് വൈദ്യുതീകരിക്കുന്നതിന് 400 രൂപ, കക്കൂസ് നിർമ്മാണത്തിന് 1000 രൂപ, കുളിമുറി നിർമ്മാണത്തിന് 800 രൂപ, അഴുക്ക് ചാലുകളുടെ നിർമ്മാണത്തിന് 300 രൂപ, പൈപ്പിടുന്നതിന് 500 രൂപ, വെള്ളം കെട്ടുന്ന പ്രദേശങ്ങളിൽ വീടുകളുടെ അടിത്തറ കെട്ടുറപ്പുള്ളതാക്കുന്നതിന് സാങ്കേതിക വിദഗ്ദന്റെ അഭിപ്രായപ്രകാരമുള്ള തുക, എന്നിവ ധനസഹായമായി നൽകുന്നു. വരുമാനപരിതി 8000 രൂപായിൽ അധികരിക്കരുത്.

4. തീവ്ര സങ്കേത വികസന പദ്ധതി (ഐ.എച്ച്. ഡി.പി)

പട്ടികജാതി സങ്കേതങ്ങളിൽ വികസനപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും വഴ്മല്ലാത്തവയുടെ സർവതോന്മുഖമായ വികസനത്തിനായി സംസ്ഥാന സർക്കാർ തീവ്ര സങ്കേത വികസന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗതം, ശുദ്ധജലം, വൈദ്യുതി, ആരോ

ഗൃസംരക്ഷണം, കൃഷിവികസനം, ഭവനനിർമ്മാണം, സാമ്പത്തികോന്നമനപരിപാടികൾ മുതലായ എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കി പട്ടികജാതി സങ്കേതങ്ങളുടെ സമ്പൂർണ്ണ വികസനം കൈവരിക്കുകയാണ് ലക്ഷ്യം. പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി, ജവഹർ റോസ്ഗാർ യോജന, എന്നിവയിൽനിന്നുള്ള വിഹിതം ഇതിനായി ഉപയോഗപ്പെടുത്തുന്നു.

ഈ പദ്ധതിയനുസരിച്ച് പട്ടികജാതി ആധിവാസകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ.
2. കുടിവെള്ളം, വെളിച്ചം, വീട് എന്നിവ എല്ലാമോ ഏതെങ്കിലുമോ ഇല്ലാത്ത ആധിവാസകേന്ദ്രങ്ങൾ.
3. സങ്കേതങ്ങളിലേക്ക് സഞ്ചാരയോഗ്യമായ പാതകൾ ഉണ്ടായിരിക്കണം.
4. പ്രത്യേക കോളനൈസേഷൻ പരിപാടികൾ നടപ്പിലാക്കിയിട്ടുള്ള വലിയ കോളനികൾ ഒഴിവാക്കും.
5. ഇതുവരെ യാതൊരു വികസനപരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്ത പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങൾക്ക് മുൻഗണന നൽകും.

കുടിവെള്ളസൗകര്യം മെച്ചപ്പെടുത്തുന്നതിലേക്ക് 48 പൊതു കിണറുകൾ ഇറച്ച് വൃത്തിയാക്കുകയും 11 കിണറുകൾ കഴുത്ത് കെട്ടി വൃത്തിയാക്കിയിട്ടുണ്ട്. അഞ്ച് കുഴൽ കിണറുകൾ ജി.ഐ. പൈപ്പ് മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിക്കുകയും ശേഷിക്കുന്നവ റിപ്പയർചെയ്ത് ഉപയോഗയോഗ്യമാക്കുകയും ചെയ്തു. കൊച്ചുവിള കോളനിക്ക് സമീപമുള്ള 'ശാസ്ത്രിനഗർ കുളം' സൈഡ് കെട്ടി കൃഷിക്ക് ഉപയോഗപ്രദമാക്കി. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാരുവേലിൽ അംബേദ്ക്കർ കോളനിയിൽ 25 യൂണിറ്റും ഇരുമ്പനങ്ങാട് IHDP കോളനിയിൽ 25 യൂണിറ്റും മുട്ടകോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ വെറ്റിലക്കൊടി കൃഷിക്ക് 10 പേർക്ക് 50,000 രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണ പദ്ധതിയിൽ IAY പ്രകാരം 22 വീടുകളും JRY പ്രകാരം 20 വീടുകളും 95 - 96 ൽ നൽകിയിട്ടുണ്ട്. CRSP - ലാട്രിൻ 17 പേർക്ക് നൽകിയിട്ടുണ്ട്.

6. തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ കുറഞ്ഞത് 15 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കണം.
7. പട്ടികജാതി ജനസംഖ്യ കൂടുതലായുള്ള പഞ്ചായത്ത്/വാർഡ് എന്നിവയ്ക്ക് മുൻഗണന നൽകും. പുതുതായി മലവിള, കൊച്ചുവിള, പുളിയറ, കാവയ്യം എന്നീ സ്ഥലങ്ങൾ കോളനി ആക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

III ജില്ലാ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി

മെച്ചപ്പെട്ട അദ്ധ്യായന നിലവാരമുള്ള സ്ക്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ട 50 ൽപ്പരം വിദ്യാർത്ഥികൾക്ക് 5-ാം സ്റ്റാൻഡേർഡ് മുതൽ 12-ാം സ്റ്റാൻഡേർഡുവരെ സ്ക്കൂളുകളിലെ എല്ലാ ചെലവും വഹിച്ച് സംസ്ഥാനത്തൊട്ടാകെയായി നടപ്പിലാക്കി വരുന്നു.

IV താലൂക്ക് പട്ടികജാതി വികസന ആഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. പ്രീമെട്രിക് വിദ്യാഭ്യാസം:

പ്രീ.മെട്രിക് വിദ്യാഭ്യാസം (1 മുതൽ 10 ക്ലാസ്സുകൾ വരെ) നടത്തുന്ന പട്ടികജാതി/മറ്റർഹ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികൾ.

V പ്രീ-മെട്രിക് ഹോസ്റ്റലുകൾ

സ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി താമസിച്ച് പഠിക്കുന്നതിനുവേണ്ടി ഹോസ്റ്റലുകൾ നടത്തിവരുന്നു. ഒരു കുട്ടിക്ക് പ്രതിമാസം 300 രൂപ ആഹാരച്ചെലവിനും 35 രൂപ പോക്കറ്റ് മണിയായും നൽകിവരുന്നു. വർഷത്തിൽ രണ്ട് ജോഡി വസ്ത്രം വാങ്ങി നൽകുന്നു.

എഴുകോൺ പഞ്ചായത്തിൽ VIII-ാം വാർഡിൽ ബദാംമുക്ക് എന്ന സ്ഥലത്ത് ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ നിലവിലുണ്ട്. 35 കുട്ടികൾ താമസിച്ച് പഠിക്കുന്നു.

ലംപ്സം ഗ്രാന്റ് നിരക്കുകൾ

നഴ്സറി സ്കൂളുകൾ	: 50 രൂപ
I to III Std.	: 70 രൂപ
IV Std.	: 75 രൂപ
V Std.	: 110 രൂപ
VI, VII Std.	: 125 രൂപ
VIII to X Std.	: 175 രൂപ

മേൽ നിരക്കിലുള്ള തുക സ്കൂൾ വർഷാരംഭത്തിൽ തന്നെ ബന്ധപ്പെട്ട സ്കൂളുകൾ മുഖേന നൽകുന്നു. കൂടാതെ വേടൻ, നായാടി വിഭാഗത്തിൽപ്പെച കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപൻസും നൽകിവരുന്നു.

സ്റ്റൈപൻഡ് നിരക്ക്

I to VI Std.	: 25 രൂപ
V to VII Std.	: 30 രൂപ
VIII to X Std.	: 35 രൂപ

2. ട്യൂഷൻ സമ്പ്രദായം:

പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ് എന്നീ വിഷയങ്ങളിലുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനായി ട്യൂഷൻ നൽകിവരുന്നു. 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുക.

3. എസ്.എസ്.എൽ.സി/പി.ഡി.സി. പരീക്ഷയിൽ തോറ്റ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിന് ധനസഹായം:

എസ്.എസ്.എൽ.സി./പി.ഡി.സി. പരീക്ഷകളിൽ പരാജിതരായ 30% മാർക്കെങ്കിലും വാങ്ങിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ കോളേജിൽ ചേർന്ന് പഠിച്ച് പരീക്ഷയെഴുതി വിജയിക്കുന്നതിന് എസ്.എസ്.എൽ.സിക്ക് 800 രൂപ ക്രമത്തിലും, പി.ഡി.സിക്ക് അവർ എഴുതുന്ന വിഷയങ്ങൾ കണക്കിലെടുത്തും ധനസഹായം നൽകുന്നു.

4. മിശ്രവിവാഹ ധനസഹായം:

മിശ്രവിവാഹം ചെയ്തതുമൂലം കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് 2,000 രൂപ ധനസഹായമായി നൽകുന്നു. ദമ്പതിമാരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നയാൾ ആയിരിക്കണം. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. വരുമാന പരിധി 8,000 രൂപയിൽ അധികരിക്കരുത്.

V ജില്ലാ പട്ടികജാതി വികസന ആഫീസുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

1. പോസ്റ്റ് - മെട്രിക് വിദ്യാഭ്യാസം.

എ. പട്ടികജാതി വിഭാഗം/മറ്റർഹ സമുദായ വിഭാഗം.

കോളേജ് തലത്തിലും ഉപരി പഠനത്തിനുമായി ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് 140 രൂപ മുതൽ 1100 വരെ ക്രമത്തിൽ ലംപ്സംഗ്രാന്റും 175 രൂപ മുതൽ 250 രൂപ വരെ നിരക്കിൽ പ്രതിമാസ സ്റ്റൈപൻസും ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു.

ബി. പിന്നോക്ക/മുന്നോക്ക വിഭാഗം

പട്ടികജാതിക്കാരല്ലാത്ത പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.

2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (കോളേജ് തലം) വേണ്ടി ഹോസ്റ്റലുകൾ നടത്തിവരുന്നു. ഭക്ഷണച്ചെലവിനായി ഒരു വിദ്യാർത്ഥിക്ക് ഒരു മാസത്തേക്ക് 400 രൂപയും പോക്കറ്റ് മണിയായി 50 രൂപയും പ്രതിമാസം നൽകിവരുന്നു.

3. പ്രോത്സാഹനസമ്മാനം:

എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് 500 രൂപ മുതൽ 1500 വരെ ക്രമത്തിൽ പ്രോത്സാഹന സമ്മാനം നൽകിവരുന്നു. 95-96 ൽ എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്ക് പഞ്ചാ

യത്ത് തലത്തിൽ വാങ്ങിയ ഒരു കുട്ടിക്ക് 500 രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

4. ബുക്ക് ബാങ്ക് പദ്ധതി

സംസ്ഥാനത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ്, വെറ്റിനറി, അഗ്രികൾച്ചർ, പോളിടെക്നിക് എന്നീ കോഴ്സുകൾക്കായി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു സെറ്റ് പുസ്തകം വാങ്ങുന്നതിന് 2400 രൂപ മുതൽ 7500 രൂപ വരെയും, അലമാര വാങ്ങുന്നതിന് 2000 രൂപയും ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേധാവിയുടെ ആവശ്യപ്രകാരം അനുവദിച്ചുവരുന്നു.

5. പലിശ രഹിത വ്യവസായ വായ്പ

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 15,000 രൂപ വരെ പലിശരഹിത വായ്പയായി നൽകിവരുന്നു.

6. പലിശരഹിത ഭവനനിർമ്മാണവായ്പ.

പലിശയില്ലാത്ത ഈ വായ്പ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു.

4000 രൂപയും അതിനുതാഴെയും	: 7500രൂപ വായ്പ.
4001 രൂ. മുതൽ 6000 രൂ. വരെ	: 10000 രൂ. വായ്പ.
6000 രൂ. മുതൽ 10000 രൂ.വരെ	: 15000 രൂ. വായ്പ.

VI പട്ടികജാതി വികസന ഡയറക്ടർ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന പദ്ധതികൾ:

1. പരിശീലന പദ്ധതി

വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബി.എസ്.ആർ.ബി., പി.എസ്.സി., യു.പി.എസ്.സി. മുതലായവ നടത്തുന്ന മത്സരപരീക്ഷകൾ എഴുതി വിജയിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

കൂടാതെ ഇവരെ ഐഎ.എസ്., സെൻട്രൽ സർവ്വീസ് തുടങ്ങിയ പരീക്ഷകൾ എഴുതി ജയിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി ഒരു സിവിൽ സർവ്വീസ് പരീക്ഷ പരിശീലന കേന്ദ്രം. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

മേൽ വ്യക്തമാക്കിയ രണ്ട് പരിശീലന പരിപാടികൾക്കും പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപൻസും താമസസൗകര്യവും നൽകുന്നുണ്ട്.

2. ഭാരതദർശൻ/ദക്ഷിണേന്ത്യൻ പഠനപരിപാടികൾ:

രാജ്യത്തിന്റെ വിവിധ മേഖലകളിലെ വികസനപ്രവർത്തനങ്ങളെപ്പറ്റി പട്ടികജാതി വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നതിന്, കോളേജ് തലത്തിൽ ആൺകുട്ടികൾക്കായി ഭാരതദർശൻ എന്ന പരിപാടിയും, പെൺകുട്ടികൾക്ക് ദക്ഷിണേന്ത്യൻ പര്യടന പരിപാടിയും നടത്തിവരുന്നു. ഇതിലേക്കാവശ്യമായ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

3. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ.

സമർത്ഥരായ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കായി പബ്ലിക്ക് സ്ക്കൂൾ മാതൃകയിൽ പെൺകുട്ടികൾക്കായി തിരുവനന്തപുരത്തും, ആൺകുട്ടികൾക്കായി വയനാട്ടിലും ഓരോ റസിഡൻഷ്യൽ സ്ക്കൂൾ നടത്തിവരുന്നു. കുട്ടികളുടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

4. ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്.

വർഷംതോറും ആഘോഷിക്കുന്ന ക്ഷേത്രപ്രവേശന വിളംബര സ്മാരക ദിനത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ഡിഗ്രി, മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ വിവിധ പരീക്ഷകളിൽ ഒന്നാം ക്ലാസ്സോടെ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ബഹു. മുഖ്യമന്ത്രിയുടേതുൾപ്പടെ അഞ്ചിൽപ്പരം സ്കോളർഷിപ്പുകൾ ഈ ഇനത്തിൽ നൽകുന്നുണ്ട്.

5. സ്പോർട്ട്സ് ഹോസ്റ്റലുകൾ:

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായികരംഗത്ത് അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം തിരുവനന്തപുരത്ത് ആൺകുട്ടികൾക്കായും പെൺകുട്ടികൾക്കായും ഓരോ സ്പോർട്ട്സ് ഹോസ്റ്റലുകൾ നടത്തിവ

രുന്നു. ഇവർക്ക് അവരവർക്ക് പ്രാവീണ്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം നൽകുവാനുള്ള ഏർപ്പാടുകളും നിലവിലുണ്ട്.

6. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ

വകുപ്പിന്റെ നിയന്ത്രണത്തിൽ 41 ഐ.റ്റി.സികൾ പ്രവർത്തിച്ചുവരുന്നു. എൻ.സി.വി.റ്റി. അംഗീകാരമുള്ള മെക്കാനിക്ക് റേഡിയോ, ടെലിവിഷൻ, ഇലക്ട്രോണിക് മെക്കാനിക്, ഇലക്ട്രീഷൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, പെയിന്റിംഗ്, പ്ലംബർ, വെൽഡർ, കാർപന്റർ, കട്ടിംഗ് ആൻഡ് ടെയിലറിംഗ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിവരുന്നു. വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈപൻഡും യൂണിഫോമും നൽകിവരുന്നു.

7. കമ്മ്യൂണിറ്റി ഹാൾ

പട്ടികജാതിക്കാർ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളിൽ പൊതുസൗകര്യങ്ങളായ കമ്മ്യൂണിറ്റി ഹാൾ, റേഡിയോ/ടെലിവിഷൻ കിയോസ്ക് എന്നിവ നിർമ്മിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു.

VII ജില്ലാ കളക്ടർമാർ മുഖേന നടത്തുന്ന പദ്ധതികൾ.

1. പ്രത്യേക ഘടക പദ്ധതി

സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതത്തിന്റെ 10% തുക പട്ടികജാതിക്കാരുടെ വികസനപ്രവർത്തനങ്ങൾക്കായി മാത്രം നീക്കിവച്ചിരിക്കുന്നു. വിവിധ വികസന വകുപ്പുകളിൽ നിന്നും ലഭിക്കുന്ന തുക കൊണ്ട് റോഡ്, വൈദ്യുതി, കുടിവെള്ളം, മണ്ണ് സംരക്ഷണം, കൃഷി, വ്യവസായം, സഹകരണസംഘങ്ങൾ, ചെറുകിട ജലസേചനം, ക്ഷീരവികസനം, മൃഗസംരക്ഷണം, ഭവനനിർമ്മാണം തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങളിൽ നടത്തിവരുന്നു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് ഇത്തരം വികസന പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി അനുസരിച്ച് കൊച്ചാഞ്ഞിലുംമൂട് ഭാഗത്ത് 5 പേർക്ക് സൗജന്യമായി കക്കൂസ് നൽകിയിട്ടുണ്ട്.

VIII മേൽ വ്യക്തമാക്കിയ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് പുറമെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേക്കായി

(i) പൗരാവകാശ സംരക്ഷണ നിയമം 1955,

(ii) പാവപ്പെട്ടവർക്ക് നിയമസഹായ പദ്ധതി,

(iii) അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതി 1989

(iv) അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമപ്രകാരമുള്ള ധനസഹായ പദ്ധതി.

(v) നിർമ്മാണത്തിലിരിക്കുന്ന തിരുവനന്തപുരത്തെ ഹോസ്റ്റൽ കോംപ്ലക്സ്,

(vi) കോളേജ് തല വിദ്യാഭ്യാസത്തിന് പ്രത്യേക സംവരണം, (ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ 15% ഉം പ്രൊഫഷണൽ/സാങ്കേതിക സ്ഥാപനങ്ങളിൽ 8%) നൽകുന്ന പദ്ധതി.

(vii) അംഗീകൃത പ്രൈവറ്റ് ഹോസ്റ്റലുകളിൽ (കോളേജ് തലത്തിലും പുറമെയും) താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ്/ലോഡ്ജിംഗ് ധനസഹായ പദ്ധതി.

(viii) സംസ്ഥാനത്തെ എല്ലാ പാരലൽ കോളേജുകളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന പദ്ധതി.

(ix) നാടൻ കലാമേള, സാഹിത്യ ശിൽപശാല, വികാസ്എക്സിബിഷൻ തുടങ്ങിയ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് മുഖേനയും ജില്ലാ കളക്ടർമാർ മുഖേനയും നടപ്പാലാക്കിവരുന്നു.

പട്ടിക ജാതി വികസന മേഖലയിലെ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. ഭവനരഹിതരായവർക്ക് ഭവനനിർമ്മാണ ഗ്രാന്റ് അനുവദിക്കും.
2. ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും നൽകുന്നതിന് ഗ്രാന്റ് നൽകുക.
3. നിലവിലുള്ള സ്കീമുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
4. ആനുകൂല്യം ലഭിച്ചവർക്ക് ജീവിതനിലവാരം മന്ദിപ്പിക്കുന്ന തരത്തിൽ ഉദ്യോഗസ്ഥരുമായി ചേർന്ന് മോണിറ്റിംഗ് നടത്തുക.
5. പട്ടികജാതി സങ്കേതങ്ങളിലെ ഹരിജനങ്ങളുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തുക.
6. ട്രൈസം പരിശീലനം ലഭിക്കുന്ന പട്ടികജാതിക്കാർക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുന്ന തരത്തിൽ സാമ്പത്തിക സഹായം നൽകുക.

16. വിഭവസമാഹരണം

പഞ്ചായത്തിന്റെ വിഭവ വിഭാഗങ്ങളിൽ പ്രഥമവും പ്രധാനവുമായത് വിദ്യാസമ്പന്നരും സങ്കേതിക വൈദഗദ്ധ്യമുള്ളവരും അധ്വാനശീലരുമായ ജനങ്ങളാണ്. കാർഷികവിഭവങ്ങളുടെ കാര്യത്തിലും പ്രകൃതിജന്യമായ അസംസ്കൃത പദാർത്ഥങ്ങളുടെയും നീരുറവകളുടെയും കാര്യത്തിലും നമ്മുടെ ഗ്രാമം സമ്പന്നമാണ്.

1995-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ വരുവ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.	കെട്ടിടനികുതി	230320	രൂപ.
2.	തൊഴിൽനികുതി	185000	രൂപ.
3.	വിനോദനികുതി	3614	രൂപ.
4.	അഡീഷണൽ വിനോദനികുതി	2236	രൂപ.
5.	പ്രദർശനനികുതി	416	രൂപ.
6.	വസ്തുകൈമാറ്റ നികുതി	181600	രൂപ.
7.	ചന്ത ലേലവരവ്	123478	രൂപ.
8.	കട വാടക	148181	രൂപ.


ഗ്രാന്റുകൾ

JRY	366912	രൂപ.
അൺടൈസ്	426360	രൂപ.
V.T.C	494699	രൂപ.
V.R.M	172669	രൂപ.
M.I	48860	രൂപ.
സ്പെഷ്യൽ ഗ്രാന്റ്	25000	രൂപ.
സ്റ്റാമ്പുഡ്യൂട്ടി 25%	329656	രൂപ.
ലൈസൻസ് ഫീസ്	7000	രൂപ.


ചെലവുകൾ

ഭരണച്ചെലവ്	486641	രൂപ.
പൊതുമരാമത്ത്	552300	രൂപ.
വിദ്യാഭ്യാസം	33685	രൂപ.
തെരുവ് വിളക്ക് പ്രകാശനം	145974	രൂപ.
മറ്റുള്ളവ	175593	രൂപ.

17. എഴുകോൺ ഗ്രാമം ദൃശ്യങ്ങളിലൂടെ




പഞ്ചായത്താഫീസ്




പബ്ലിക് മാർക്കറ്റ്, എഴുകോൺ




പോസ്റ്റാഫീസ്, എഴുകോൺ.




ഇലക്ട്രിസിറ്റി ഓഫീസ്



ലോക്കൽ ഓഫീസ്




റയിൽവേ സ്റ്റേഷൻ



വില്ലേജ് ഓഫീസ്




സർവ്വീസ് സഹകരണ ബാങ്ക്




കൊക്കനട്ട് പ്രൊസസ്സിംഗ് & മാർക്കറ്റിംഗ്



എഴുകോൺ പോലീസ് സ്റ്റേഷൻ



ടെലിഫോൺ എക്സേഞ്ച്




കൃഷിഭവൻ



മൃഗാശുപത്രി



പി. ഇ. ഒ. ഓഫീസും, ഐ. സി. ഡി. പി. സെന്ററും




പ്രാഥമികാരോഗ്യകേന്ദ്രം, കാരുവേലിൽ




മാതൃശിശുസംരക്ഷണകേന്ദ്രം



ആയൂർവേദാശുപത്രി



E.S.I. ആശുപത്രി



'ഈ വറുതി എന്ന് മാറും' അടഞ്ഞുകിടക്കുന്ന എഴുകോൺ
കെ. എസ്. സി. ഡി. സി. ഗ്രൂപ്പാഫീസും ഫാക്ടറിയും.



മാവേലിസ്റ്റോർ




പ്രീ-മെട്രിക് ഹോസ്റ്റൽ




സബ്രജിസ്റ്റാർ ഓഫീസ്




PWD, അസി: എൻജിനീയർ ഓഫീസ്




ആഗ്രോ സർവ്വീസ് സെന്റർ



ഈ മുത്തശ്ശിപ്പാലത്തിന് മോക്ഷം കിട്ടുമോ? നെടുമ്പായ്ക്കുളം പാലം.




"ബ്രിട്ടീഷ് ഭരണത്തിന്റെ ശിഷ്യസ്മരണ."
തയ്യാർകുന്നിന്റെ താഴ്വരയിലെ റെയിൽവേ പാലം.




സായ്പിന്റെ കാലത്തെ കരവിരുത് എത്ര മനോഹരം!
അമ്പലത്തുംകാല റെയിൽവേ ഓവർബ്രിഡ്ജ്.




'തമസോർമാ ജ്യോതിർഗമയ' എഴുകോൺ സംസ്കൃത ഹൈസ്കൂൾ.




ഒളിമ്പ്യൻ ടി. സി. യോഹന്നാനെ ലോകത്തിന് സംഭാവന ചെയ്ത വിദ്യാലയം!
ഇരുമ്പനങ്ങാട് ഹൈസ്ക്കൂൾ




'പോളി'ടെക്നിക്കാകാൻ കൊതിക്കുന്ന എഴുകോൺ ടെക്നിക്കൽ ഹൈസ്കൂൾ.




മർത്തോമ്മാ ഹൈസ്കൂൾ, ആറുമുറിക്കട



കാക്കക്കോട്ടൂർ ബാലവാടി



കാരുവേലിൽ കുമാരമംഗലം ക്ഷേത്രം.




'വട്ടമൺകാവ്' ശിവക്ഷേത്രം.




എഴുകോൺ മാടൻകാവ് ശിവക്ഷേത്രം.



സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്, നെടുമ്പായ്ക്കുളം (കോട്ടക്കുഴിപ്പള്ളി)



പുനഃരുദ്ധാരണം നടക്കുന്ന തൃപ്പിലഴികം മുസ്ലീം പള്ളി.



ചീരങ്കാവ് ഭഗവതിക്ഷേത്രം.



എഴുകോൺ തിരു ആര്യങ്കാവ് ക്ഷേത്രം (കോയിക്കൽ)




'വേലുത്തമ്പിക്ക് ഒരു നിത്യസ്മാരകം'- തയ്യാർ കുന്ന്




എഴുകോൺ പഞ്ചായത്ത് ലൈബ്രറി.




കാരുവേലിൽ പബ്ലിക് ലൈബ്രറി.




എ. ഇ. പി. ലൈബ്രറി, ഇരുമ്പനങ്ങാട്.




നെഹ്രുജി ലൈബ്രറി, നെടുമ്പായ്ക്കുളം.




പബ്ലിക് ലൈബ്രറി, കാക്കക്കോട്ടൂർ



വിവേകദായിനി ലൈബ്രറി, പുതശ്ശേരിക്കോണം.




വിജ്ഞാനപോഷിണി ലൈബ്രറി, അമ്പലത്തുംകാല.



മണ്ണൂർക്കാവ് റേഡിയോ പാർക്ക്.



പരുത്തൻപാറ റേഡിയോ പാർക്ക്.



ശിശുമന്ദിരം, പരുത്തൻപാറ.

എഴുകോൺ ഗ്രാമ പഞ്ചായത്ത് വികസന സമിതി

1. അഡ്വ. സജീവ് ബാബു
2. കെ.ആർ. ഉല്ലാസ്
3. വി. തുളസിധരൻ
4. കെ. വിജയൻ
5. ജി. മാധവൻ
6. സി.കെ. യോഹന്നാൻ
7. പി. സുലൈമാൻ കുഞ്ഞ്.
8. എൻ. കുട്ടപ്പൻ
9. കെ.എ ചെല്ലപ്പൻ
10. എം.എൻ. രാജ്മോഹൻ
11. ജി. ലക്ഷ്മണൻ
12. കെ. മാധവനാചാരി
13. എൻ. രാമചന്ദ്രൻപിള്ള
14. പ്രൊഫ. വി. സുരേന്ദ്രൻ
15. ടി.എ. കൽപന (Agri. Officer)
16. കെ. സുഗതൻ (Asst. Engg. K.S.E.B)
17. പി.ജി. അജയകുമാർ (Agri.Asst.)
18. സി.എസ്. ഹർഷകുമാർ (D.R.P)
19. പ്രൊഫ. കടയ്ക്കോട് വിശ്വംഭരൻ
20. പി. യശോധരൻ
21. ഒ. ദേവകി
22. എം.എം. ഷാനവാസ്
23. ബി. ഓമനക്കുട്ടൻ നായർ
24. എൻ. ബാബുരാജൻ
25. ടി.കെ. രഘുവരൻ (D.R.P)
26. എൻ. സുദർശനൻ (V.E.O)
27. ആർ. അജയകുമാർ
28. കെ. ഗോപിനാഥൻ
29. പി. പങ്കജരാജൻ
30. ടി. പ്രസന്നകുമാർ.
31. ആർ. ബാലചന്ദ്രൻ
32. എസ്. രാമചന്ദ്രൻ നായർ
33. കെ. വജയരാഘവൻ
34. മറിയാമ്മ (L.V.E.O)
35. കെ. അനിൽകുമാർ
36. ഐ.ജി. വർഗീസ്
37. കെ.കെ. കമലാധരൻ
38. കെ. പത്മിനി
39. ജി. ജാനമ്മ
40. ടി. സദാശിവൻ
41. സി. രാധാമണിയമ്മ
42. എ. അസനാർ കുഞ്ഞ്
43. കെ. ശശി (Secretary SCB, EKN)
44. കെ. ഓമനക്കുട്ടൻ
45. കെ. ജെസ്സി ജേക്കബ്ബ് (F.O.SEU)
46. ബാബു മണിയാംകുന്ന്
47. ടി. ബാലകൃഷ്ണ പിള്ള (Village Officer)
48. പി.ജി. ബാബുരാജൻ
49. ജെ. സജി (DRP)
50. സി.ആർ തുളസിധരൻ പിള്ള
51. ഡോ. കെ. സുധീന്ദ്രൻ (M.O., GAD EKN)
52. പണിക്കർ എം.ഒ. ജോൺസൺ
53. കെ. ഇന്ദിര
54. പവനൻ
55. എം. അംബുജാക്ഷിയമ്മ
56. എൽ. തങ്കമണിയമ്മ
57. ജോൺ പണിക്കർ
58. എഴുകോൺ മുരളിധരൻ
59. ബിന്ദു, വെറ്റിനറി ഡോക്ടർ

എഴുകോൺ ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. കെ. ശശിധരൻ (Secretary)
2. എം. അബ്ദുൾ അസീസ് (H.C.)
3. കെ. ദേവകിയമ്മ (U.D.C)
4. ടി.എൻ. ഭദ്രൻ (U.D.C)
5. പി. സുകുമാരിയമ്മ (U.D.C)
6. കെ. വിജയരാജൻ (L.D.C)
7. പി. സദാനന്ദൻ (U.D.C)
8. എസ്. സത്യദേവൻ (Peon)
9. കെ. ശ്രീകുമാരി (Peon)
10. ഇ. തങ്കപ്പൻ (F.T. Sweeper)
11. പി. വിജയമ്മ (P.T. Sweeper)
12. എൻ. രുഗ്മിണി (F.T. Librarian)